www.malankaralibrary.com

SINCE 1976

# ഐക്യദീപം
AIKYADEEPAM

ഏപ്രിൽ 2025



www.malankaralibrary.com

# ഫ്രാൻസിസ് മാർപാപ്പയ്ക്ക്
## പ്രത്യാശയോടെ വിട



തിരുവല്ല
അതിഭദ്രാസനത്തിന്റെ
കണ്ണീർ പ്രണാമം

www.malankaralibrary.com

ഐക്യദീപം
aikyadeepam

പുസ്തകം 56 ലക്കം 4
2025 ഏപ്രിൽ ₹ 10

രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

ചീഫ് എഡിറ്റർ
ഫാ. വർഗ്ഗീസ് ചാമക്കാലായിൽ
9048341462

മാനേജർ
ഫാ. മാത്യു പുനക്കുളം

പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ
കോർ എപ്പിസ്‌ക്കോപ്പാ

ഉപദേശക സമിതി
ഫാ. ഡോ. തോമസ്കുട്ടി പതിനെട്ടിൽ
ഫാ. ഡോ. തോമസ് പാറയ്ക്കൽ
റവ. സി. അലീന എസ്.ഐ.സി.
ലൈജു കോശി മാത്യു
ജയിസ് കോഴിമണ്ണിൽ
വർഗ്ഗീസ് ഐസക് തെക്കേടത്ത്

ഓഫീസ് സ്റ്റാഫ്
ചിന്നു എൽസ ഐസക്

Annual Subscription Rs.120.00
Single Copy Rs. 10.00
Overseas: $40.00 or 2750

Bank Details :
Chief Editor, Aikyadeepam,
Union Bank, Tiruvalla 689 101
A/c No. 110110100023901.
IFSC. UBIN0811017.
SWIFT CODE: ANDBINBB

Printed at:
Rashtra Deepika Ltd.,
Vadavathoor

Designed by :
Greeshma Designs, Kottayam.
Ph: 9447304348.
E-mail: gdesignktm@gmail.com

All correspondence regarding
Agency and Subscription:
Chief Editor,
Aikyadeepam Monthly,
St. John's Complex, Kacheripady,
Tiruvalla-689101
Phone: 0469-2600626
E-mail: aikyadeepamtvla@gmail.com

# CONTENTS

## ഉള്ളടക്കം



04 എഡിറ്റോറിയൽ

05 ഇടയശബ്ദം

12 ആര് കല്ലുരുട്ടി മാറ്റും?
ഫാ. ഫിലിപ്പ് ചെമ്പകശ്ശേരി

14 ഉത്ഥാനത്തിരുന്നാൾ
മാത്യൂസ് പാണ്ടിശ്ശേരിൽ

16 ആഗോള കത്തോലിക്കാ സഭയിലെ
കാതോലിക്കാസ്ഥാനം
റവ. ഫാ. ജോർജ്ജ് തോമസ്

22 അനുസ്മരണം : ഫാ. വർഗീസ് കിളിച്ചിമല
ഫാ. ചെറിയാൻ താഴമൺ

22 അനുസ്മരണം : ഫാ. ജോർജ്ജ് തൈക്കടവിൽ
റ്റി. ജി. ജോർജ് തൈക്കടവിൽ

40 ഉന്നത വിദ്യാഭ്യാസ മേഖലയിൽ
കമ്പ്യൂട്ടർ അനുബന്ധ കോഴ്‌സുകളുടെ പ്രസക്തി
റ്റിജി തോമസ്

സ്ഥിരം പംക്തികൾ


32 സുറിയാനി സഭാപാരമ്പര്യം

42 പ്രബോധനം

47 ഉൾക്കാഴ്ച

www.malankaralibrary.com





# സ്നേഹത്തിന്റെ ഉയിർപ്പ്

ഫാ. വർഗ്ഗീസ് ചാക്കാലായിൽ
ചീഫ് എഡിറ്റർ


സ്നേഹത്തിന്റെയും സമാധാനത്തിന്റെയും തിരുനാൾ ഇതാ സമാഗതമായി. ഉയിർപ്പിന്റെ പള്ളി മണികൾ മനസ്സിലും മുഴങ്ങുന്നു. കനൽ വഴികളിലൂടെ നടന്ന കാൽപാദങ്ങൾ പുഷ്പദളങ്ങളിൽ ചവിട്ടി നിൽക്കുന്നതാണ് ഈസ്റ്റർ. സഹനത്തിന്റെ ചാട്ടവാറുകൾക്കും മുൾക്കിരീടങ്ങൾക്കും അപ്പുറം ഉയിർത്തെഴുന്നേൽപ്പിന്റെ ഒരു ആരവമുണ്ടെന്ന് നമ്മെ ബോധ്യപ്പെടുത്തുന്ന തിരുന്നാൾ. അടഞ്ഞ കല്ലറയും മുദ്ര വച്ച കല്ലും തടസ്സമാകില്ല എന്ന ഓർമ്മപ്പെടുത്തൽ കൂടിയാണ് തിരുന്നാളുകളുടെ ഈ തിരുന്നാൾ.

"ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർഥം" (1 കോറിന്തോസ് 15 : 14) എന്ന വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ നമുക്ക് നൽകുന്ന ഉറപ്പ് അതിശക്തമാണ്. അതിനാൽ തന്നെ അവന്റെ ഉയിർപ്പ് ദിവസം ദിവസങ്ങളിൽ ഏറ്റവും വലുത് എന്ന് ആരാധനയിൽ നാം ആലപിക്കുന്നു.

ആ ദിനം സ്നേഹത്തിന്റെ ദിനമാണ്...ആ സ്നേഹത്തിന്റെ മുൻപിൽ മരണം പോലും തോറ്റുപോകുന്ന കാഴ്ചയാണ് നാം കണ്ടത്. തകർക്കാനാവാത്ത സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ഈ തിരുന്നാൾ നമുക്ക് പുതിയ അനുഭവങ്ങൾ നൽകട്ടെ.

സ്നേഹം ഒരിക്കലും പരാജയപ്പെടുകയില്ല...ഉത്ഥാനത്തിന്റെ ശോഭയിൽ എന്നും തിളങ്ങേണ്ടതാണ് നമ്മിലെ ദൈവസ്നേഹവും സഹോദരസ്നേഹവും എന്ന് ഈ തിരുനാൾ നമ്മെ ഓർമിപ്പിക്കുന്നു. തിരികെ എത്താതിരിക്കാൻ ആവാത്തതാണ് സ്നേഹം; അതാണ് ക്രിസ്തുവിന്റെ ഉത്ഥാനം. ഒട്ടും തകർന്നുപോകാതെ കാത്തിരിക്കാം ഉത്ഥാനം ഒട്ടും അകലെ അല്ല.

www.malankaralibrary.com




# ഇടയശബ്ദം

മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
(മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്)

## ഉയിർപ്പ്; ദൈവപിതാവിന്റെ സ്നേഹ മറുപടി

**മനുഷ്യൻ സഹകരിക്കുമ്പോൾ ദൈവീകപദ്ധതി നിറവേറും, അന്വർത്ഥമാകും. ക്രിസ്തുനാഥന്റെ സഹനവും പീഡയും മരണവും വഴി തന്റെ വിശ്വസ്തത തെളിയിച്ചപ്പോൾ ഉത്ഥാനത്തിലൂടെ ദൈവപിതാവ് തന്റെ സ്നേഹമറുപടി നൽകി. അതാണ് ഉയിർപ്പ്.**



നമ്മുടെ കർത്താവിന്റെ പുനരുത്ഥാന നൽവരങ്ങൾ ഐക്യദീപം വായനക്കാർക്കും കുടുംബാംഗങ്ങൾക്കും ഹൃദയപൂർവ്വം ആശംസിക്കുന്നു. ദൈവമായിരുന്നവൻ കാലത്തിന്റെ പൂർണ്ണതയിൽ മനുഷ്യരാശിയെ രക്ഷിക്കുന്നതിനുവേണ്ടി സ്വയം ശൂന്യവത്ക്കരിച്ച് ദാസന്റെ രൂപമെടുത്ത് മരണത്തോളം, അതെ കുരിശുമരണത്തോളം സ്വയം താഴ്ത്തിയവനെ ദൈവം എല്ലാത്തിനും ഉപരി വലിയവനായി ഉയർത്തി. എന്തെന്നാൽ സ്വർഗ്ഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകലരും അവന്റെ നാമത്തിനു മുമ്പിൽ മുട്ടുമടക്കുന്നതിനും പിതാവായ ദൈവത്തിന്റെ മഹത്വത്തിനുവേണ്ടി സർവ്വനാവുകളും 'യേശു കർത്താവാണ്' എന്ന് ഏറ്റുപറയുന്നതിനും വേണ്ടിയാണ് എന്ന് പൗലോസ് ഫിലിപ്പിയർക്ക് എഴുതിയ ലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്നു (1:25). ദൈവം ഒരു കേവല സങ്കൽപ്പമോ ശക്തിയോ അല്ല മറിച്ച് ദൈവം വ്യക്തിയാണ്. ദൈവത്തോട് ജീവനുള്ള ബന്ധമാണ് മനുഷ്യനുള്ളത്. ദൈവത്തിന്റെ ആഗ്രഹം നാം എല്ലാവരും നന്മയിലും സ്നേഹത്തിലും ജീവിച്ച് ജീവിതാന്ത്യത്തിൽ ദൈവത്തോടുകൂടി ആയിരിക്കുക എന്നതാണ്. ദൈവസാന്നിദ്ധ്യത്തിൽ നിന്നും കൂട്ടായ്മയിൽ നിന്നും മനുഷ്യൻ സ്വമേധയാ ഇറങ്ങിപ്പോന്നതാണ്. ദൈവത്തിന് കൊടുക്കേണ്ട മഹത്വവും അനുസരണവും സൃഷ്ടവസ്തുക്കൾക്കും തിന്മയ്ക്കും നൽകി മനുഷ്യൻ സ്വയം അധഃപതിച്ചു. എന്നാൽ ദൈവം അവനെ ഉപേക്ഷിച്ചില്ല. അവനിലുള്ള നന്മയും ദൈവികതയും പരിപോഷിപ്പിക്കുവാൻ സാധിക്കും എന്ന ഉദാത്തമായ തീരുമാനത്തിൽ മനുഷ്യനെ തേടിയിറങ്ങിയ ദൈവസ്നേഹം. അതു ഫലനീഭവിച്ചതാണ് യേശുക്രിസ്തു എന്ന ദിവ്യരക്ഷകൻ. ആ രക്ഷാകരമായ പദ്ധതികൾ ഒന്നൊന്നായി അയവിറക്കി അനുഗ്രഹം നേടുന്ന പുണ്യദിനങ്ങളായിരുന്നു നോമ്പും വലിയ ആഴ്ചയും.

ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ പ്രകടമാകുന്ന ദൈവീകശക്തിയും പദ്ധതിയും നമുക്കു പ്രധാനപ്പെട്ടതാണ്. മനുഷ്യൻ സ്വന്ത ഇഷ്ടത്താൽ നഷ്ടപ്പെടുത്തിയതു നേടുവാൻ ദൈവപദ്ധതിയോടു സഹകരിക്കേണ്ടതുണ്ട്. മനുഷ്യൻ സഹകരിക്കുമ്പോൾ ദൈവീക പദ്ധതി നിറവേറും, അന്വർത്ഥമാകും. ക്രിസ്തുനാഥന്റെ സഹനവും പീഡയും മരണവും വഴി തന്റെ വിശ്വസ്തത തെളിയിച്ചപ്പോൾ ഉത്ഥാനത്തിലൂടെ ദൈവപിതാവ് തന്റെ സ്നേഹമറുപടി നൽകി, അതാണ്

www.malankaralibrary.com

ഉയിർപ്പ്. ഏതൊരു മനുഷ്യനെ സംബന്ധിച്ചും ഉത്ഥാനത്തിന്റെ പാഠങ്ങൾ ഏതുകാലഘട്ടത്തിലും പ്രസക്തമാണ്. സ്നേഹത്തിനുവേണ്ടി കഴിക്കപ്പെടുന്ന ത്യാഗങ്ങളും സഹനങ്ങളും വ്യർത്ഥമായി പോകില്ല. കല്ലറ വരെ മാത്രമേ ലോകത്തിനു സ്വാധീനമുള്ളൂ. കല്ലറയിൽ നിന്നും ഉയിർത്ത വ്യക്തി, ശത്രുവിനു ഭയമായി തീരുന്നു. തങ്ങൾ ഇല്ലാതാക്കിയവൻ ഇതാ വീണ്ടും സന്നിഹിതൻ എന്നത് സാധാരണഗതിയിൽ ഭയമുണ്ടാക്കും. തിരിച്ചുവരുന്നത് പകരം ചോദിക്കുവാനാണോ എന്ന ഭയപ്പെടുത്തുന്ന ചിന്ത. എന്നാൽ ദൈവകുമാരൻ ഉയിർക്കുന്നതു സമാധാനം ആശംസിക്കുവാനാണ്. ശത്രുവിനെ നേടുവാനാണ്. ക്ഷമിക്കാനാണ്. തന്റെ മൂല്യങ്ങളിലേക്കു എല്ലാവരേയും ആകർഷിക്കുന്നതിനാണ്. സത്യം കാംക്ഷിക്കുന്നവർക്കുള്ള ഉറപ്പാണ് ഉത്ഥാനം. നീതി ആഗ്രഹിക്കുന്നവർക്കുള്ള മാതൃകയാണ് ഉത്ഥാനം.

## പ്രാർത്ഥനാശംസകൾ



**യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ ഇടയൻ മോർ ബസേലിയോസ് ജോസഫ് പ്രഥമൻ കാതോലിക്കാ ബാവയ്ക്ക് തിരുവല്ല അതിഭദ്രാസനത്തിന്റെ പ്രാർത്ഥനാശംസകൾ.**

നാം ഈ കാലഘട്ടത്തിൽ ഉയിർപ്പിന്റെ ശക്തിയിൽ ജീവിക്കണം. കൊലയും കൊലവിളിയും വെല്ലുവിളിയും അക്രമപാതയും വെറുപ്പും വിദ്വേഷവും നശീകരണ ത്വരയും ഒന്നിനും ഉത്തരമല്ല. മറിച്ച് ക്രിസ്തുവും അവിടുത്തെ പാതയും ആകുന്നു ഉത്തരം. മറ്റുള്ളവരെ നേടുവാനും സമാധാനക്രമം സംജാതമാക്കുവാനും ക്രിസ്തുവിന്റെ വഴിക്കുമാത്രമേ സാധിക്കുകയുള്ളൂ. താത്ക്കാലിക ലാഭമല്ല; സ്ഥായിയായ മാറ്റവും പുരോഗതിയും ക്രിസ്തുമാർഗ്ഗത്തിലൂടെയാണ് ഉണ്ടാകുന്നത്. നമ്മൾ പുനരുത്ഥാനശക്തിയിൽ വിശ്വസിക്കണം; മാനുഷിക കരത്തിലോ സ്വാധീനത്തിലോ ആകരുത്. നമ്മെ മറ്റുള്ളവർ വിശ്വസിക്കാത്തതും സുവിശേഷത്തിന് ച്യുതി ഉണ്ടാകുന്നതും നാം തികച്ചും മാനവശേഷിയിൽ മാത്രം ആശ്രയിക്കുന്നതുകൊണ്ടാണ്. ദൈവത്തിന്റെ ഇടപെടലുകൾക്കും സമയത്തിനുംവേണ്ടി കാത്തിരിക്കുന്നതിനുപകരം നമ്മുടെ കഴിവിലും സ്വാധീനത്തിലും എല്ലാം ചെയ്യാൻ ശ്രമിക്കുന്നു. നമ്മുടെ ആവേശം മാനുഷികമാണ്, ആയതുകൊണ്ടുതന്നെ അതു തീർന്നുപോകും. നമുക്കു ദൈവീകശക്തിയിൽ നമ്മുടെ ദിനങ്ങൾ മുമ്പോട്ടുകൊണ്ടുപോകാം. ദൈവീക ഇടപെടൽ എല്ലാവർക്കും ബോധ്യമാകട്ടെ.

പരി. മലങ്കര കത്തോലിക്കാസഭയെക്കുറിച്ചുള്ള ദൈവപദ്ധതി അനുദിനം ചുരുളഴിഞ്ഞു കൊണ്ടിരിക്കുകയാണ്. മാർതോമാശ്ലീഹായുടെ ശ്ലൈഹിക പിന്തുടർച്ചയും കത്തോലിക്കാസഭയിലെ സംസർഗ്ഗവും പുരാതനമായ ആരാധനാപാരമ്പര്യവും നമ്മെ ഏറെ അഭിമാനപുളകിതരും എന്നാൽ വിനയാന്വിതരുമാക്കുന്നു. പുണ്യശ്ലോകനും മാനവപരിഷ്കർത്താവും ക്രാന്തദർശിയുമായരുന്ന ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ അതിശ്രേഷ്ഠവും അതുല്യവുമായ നേതൃത്വവും സമർപ്പണവും നമ്മെ എല്ലാവരുടെയും മുമ്പിൽ സ്വീകാര്യരാക്കുന്നു. പരി. മാർപ്പാപ്പ തിരുമേനിയാൽ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി നാം 2005 ൽ ഉയർത്തപ്പെട്ടുവല്ലോ. ഒരു സഭയുടെ വ്യക്തിത്വവും പാരമ്പര്യവും സുവിശേഷശുശ്രൂഷയും കാത്തുപരിപാലിക്കുന്നതിനും പൊതുവിൽ സഭാഗാത്രത്തെ പടുത്തുയർത്തുന്നതിനുംവേണ്ടിയാണ് ഓരോ സഭയ്ക്കും അതതിന്റേതായ സ്വാതന്ത്ര്യവും നിയോഗവും ലഭിക്കുന്നത്. നമ്മുടെ സഭയുടെ തലവനും പിതാവുമായി സഭകളും പൊതുസമൂഹവും ഇന്നോളം അംഗീകരിച്ചുവന്നത് മേജർ ആർച്ചുബിഷപ്പ് കാതോലിക്കാ എന്ന നാമമാണ്. സൗകര്യത്തെപ്രതി നാം കാതോലിക്കാ ബാവ എന്ന് സംബോധന ചെയ്യുന്നു. പാത്രിയർക്കീസിനുള്ള അധികാരമാണ് ഈ മേജർ ആർച്ചുബിഷപ്പ് -കാതോലിക്കായ്ക്കുള്ളത്. ഒരു സ്വയം ഭരണാധികാരമുള്ള സഭ ശ്രദ്ധിക്കേണ്ടത് അതിന്റെ തനതു പാരമ്പര്യങ്ങളെ സംരക്ഷിക്കുന്നതിനും ഊട്ടിവളർത്തുന്നതിനുമാവണം. കത്തോലിക്കാസഭ എന്നത് വിവിധ

www.malankaralibrary.com


വ്യക്തിഗതസഭകളുടെ കൂട്ടായ്മയാണ്. 24 വ്യക്തിഗതസഭകൾ ഒരുമിച്ച് ഈ കത്തോലിക്കാപൈതൃകത്തിൽ തങ്ങളുടെ സമാധാനവും നിയോഗവും കണ്ടു ജീവിക്കുന്നു.

സഭ എന്നത് യേശുക്രിസ്തുവിന്റെ പിന്തുടർച്ചയാണ്. യേശുക്രിസ്തു പിതാവായ ദൈവത്തിന്റെ കൂദാശ ആയിരിക്കുന്നതുപോലെ ക്രിസ്തുവിന്റെ കൂദാശയാണ് സഭ. ക്രിസ്തുവിനെ കണ്ടുമുട്ടുന്നതും രക്ഷ അനുഭവിക്കുന്നതും സഭയിലൂടെയും അവളുടെ കൂദാശയിലൂടെയുമാണ്. ക്രിസ്തുവിനെ പോലെ ദൈവീകവും മാനുഷികവുമായ ഘടകങ്ങൾ ഒന്നുചേർന്ന സങ്കീർണ്ണമായ യാഥാർത്ഥ്യമാണ് സഭ. കാതോലികവും ശ്ലൈഹീകവും ഏകവും വിശുദ്ധവുമായതാണ് സഭ. ക്രിസ്തുനാഥൻ സ്ഥാപിച്ച സഭയാണ് കത്തോലിക്കാ സഭ. വിശുദ്ധ കുർബ്ബാനയുടെ തനിമയും പട്ടത്വവും ഉൾക്കൊണ്ടിരിക്കുന്ന ഓർത്തഡോക്സ് സഭകളെ കത്തോലിക്കാ സഭ സഭകളായി അംഗീകരിക്കുന്നു. രക്ഷയുടെ മാർഗ്ഗം ഇവയിൽ ഉണ്ടെന്നും എന്നാൽ ക്രിസ്തു ആഗ്രഹിച്ച സഭകളുടെ ഐക്യത്തിലേക്ക് എല്ലാവരും കടന്നുവരണമെന്നും കത്തോലിക്കാ സഭ ആഗ്രഹിക്കുന്നു. വിശ്വാസ കൂട്ടായ്മയും ദൃശ്യമായ ഐക്യവും നിലനിർത്തപ്പെടുന്നത് പൗരോഹിത്യത്തിലൂടെയാണ്. "അപ്പസ്തോലന്മാരും പ്രവാചകന്മാരുമായ അടിത്തറമേൽ നിങ്ങൾ പണിയപ്പെട്ടിരിക്കുന്നു" (എഫ: 2:20). വീണ്ടും വി. യോഹന്നാൻ ഒന്നാം ലേഖനത്തിൽ പറയുന്നു: "ആദിയിൽ ഉണ്ടായിരുന്നതും ഞങ്ങൾ കണ്ടതും കേട്ടതും സൂക്ഷിച്ചു വീക്ഷിച്ചതും സ്വന്തം കരങ്ങൾ കൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനത്തെ നിങ്ങളെ അറിയിക്കുന്നു. എന്തെന്നാൽ അങ്ങനെ നിങ്ങൾക്ക് ഞങ്ങളോടു കൂട്ടായ്മ ഉണ്ടാകുവാൻ. ഞങ്ങളുടെ കൂട്ടായ്മയാകട്ടെ യേശുക്രിസ്തുവിനോടും അവന്റെ പിതാവായ ദൈവത്തോടും". അപ്പോസ്തോലന്മാർ വിവിധ സ്ഥലങ്ങളിൽ സുവിശേഷം പ്രഘോഷിക്കുകയും കർത്താവ് കല്പിച്ചവ പഠിപ്പിക്കുകയും ആവിഷ്കരിക്കുകയും ചെയ്തു. അങ്ങനെ വിവിധ സംസ്കാരങ്ങളിൽ സഭയും, ആരാധനയും നിലവിൽവന്നു. എന്നാൽ അവരെല്ലാവരും ഒരുമയിൽ ആയിരുന്നു. മിലാൻ വിളംബരത്തിനു ശേഷം റോമിന്റെ ഔദ്യോഗിക മതമായി ക്രിസ്തുമതം പരിണമിക്കുകയും തുടർന്ന് സാമ്രാജ്യവുമായി ബന്ധപ്പെട്ട് സഭകൾ വളരുവാനും പിളരുവാനും ഇടയായി.



പൗരസ്ത്യസഭകളുടെ പാരമ്പര്യങ്ങളും ഉൾഭരണ സ്വാതന്ത്ര്യവും അംഗീകരിച്ച് സഭകളെ പാത്രിയർക്കൽ, സഭകളായി ഉയർത്തണം എന്ന് സഭാപിതാക്കന്മാർ തീരുമാനിച്ചു (Vat II :). അതനുസരിച്ചുള്ള നിയമനിർമ്മാണങ്ങൾ ആണ് നടത്തപ്പെട്ടതും. 1991 ൽ CCEO എന്ന പേരിൽ പൗരസ്ത്യസഭാനിയമസംഹിത പ്രാബല്യത്തിൽ വന്നു. സാധിക്കുന്നത്രയും സഭകളെ പൂർണ്ണസ്വാതന്ത്ര്യത്തിലേക്കു എത്തിക്കണം എന്ന ആശയത്തിന് കൗൺസിലിൽ പ്രാബല്യം ലഭിച്ചു. സഭയുടെ ഘടനയേയും ഹൈരാർക്കിയേയും സംബന്ധിക്കുന്ന കാര്യത്തിൽ വിവിധ സ്ഥാനങ്ങളെക്കുറിച്ചും അതിന്റെ തലവന്മാർക്ക് ലഭിക്കേണ്ട പദവികളെക്കുറിച്ചും സഭയുടെ സ്വാതന്ത്ര്യത്തെപ്പറ്റിയുമുള്ള ചർച്ചകളിൽ മുഖ്യമായത് 4 തരത്തിലുള്ള സഭാവിഭാഗങ്ങളെയാണ്. സഭയുടെ തലവനെ ആശ്രയിച്ച് അതിന്റെ പേരും അപ്രകാരം അറിയപ്പെട്ടു. അങ്ങനെ പാത്രിയർക്കാ, മേജർ ആർക്കിഎപ്പിസ്കോപ്പൽ, മെത്രാപ്പോലീത്തൻ, മറ്റുസഭാവിഭാഗങ്ങൾ എന്ന പേരുകൾ നിർദ്ദേശിക്കപ്പെടുകയും അവ പൊതുവിൽ അംഗീകരിക്കപ്പെടുകയും ചെയ്തു. ഇവയ്ക്കു പുറമെയുള്ള മറ്റു സംജ്ഞകളെയും പദവികളെയും പ്രത്യേക കാനോനകളിൽ ചിട്ടപ്പെടുത്തുവാൻ സഭാപിതാക്കന്മാർ തീരുമാനിച്ചു. പൊതുവിൽ സഭകൾ പാലിക്കേണ്ട അത്യാവശ്യ നിയമങ്ങൾ അല്ലാതെ മറ്റൊന്നും പൊതുനിയമസംഹിതയിൽ തീരുമാനിച്ചില്ല. ഏതെങ്കിലും ഒരു പ്രത്യേക പാരമ്പര്യമോ കീഴ്വഴക്കമോ പ്രത്യേക നിയമസംഹിതയുടെ പരിധിയിൽ കൊണ്ടുവരാതെ സഭകളുടെ കെട്ടുറപ്പും ഐക്യവും


www.malankaralibrary.com

നിലനിർത്താൻ ശ്രമിച്ചു. ഈ പശ്ചാത്തലത്തിൽ ആണ് പൊതുനിയമത്തിൽ പറഞ്ഞിട്ടില്ലാത്തതും എന്നാൽ മലങ്കരയുടെ പൈതൃകത്തിലെ അവിഭാജ്യവുമായ കാതോലിക്ക എന്ന നാമത്തെപ്പറ്റി ചിന്തിച്ചത്. ഈ കാര്യമാണ് കാനൻനിയമത്തിലും സഭാശാസ്ത്രത്തിലും പ്രാവീണ്യമുണ്ടായിരുന്ന ന്യൂൺഷിയോ പെദ്രൊ ലോപ്പസ് ക്വിന്താന തിരുമേനി 2005 മലങ്കര കത്തോലിക്കാ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തിയ പ്രഖ്യാപന വേളയിൽ സ്ഥിരീകരിച്ചു പറഞ്ഞത്. പൗരസ്ത്യസഭകളുടെ മുൻ നിയമസംഹിതയിൽ കാതോലിക്കോസ് എന്ന നാമം ഉപയോഗിച്ചിരുന്നു. തികച്ചും ഗ്രീക്കുപാരമ്പര്യത്തിൽ ഉപയോഗിച്ചുവന്ന സംജ്ഞ നമ്മുടെ നാടിനും സഭാമക്കൾക്കും അന്യമാണെന്ന കാര്യം മനസ്സിലാക്കിയാണ് ഇപ്രകാരം കാതോലിക്ക എന്ന പദം ഉപയോഗിച്ചത്. ഈ വിഷയങ്ങൾ അതിന്റെ സമഗ്രതയിൽ പഠിച്ച് മലങ്കര സഭ നിർമ്മിച്ച പ്രത്യേക കാനൻ നിയമങ്ങൾ, 'മലങ്കര കത്തോലിക്കാസഭയുടെ പ്രത്യേക കാനോനകൾ' എന്ന സംഹിത മാർപ്പാപ്പ അംഗീകരിച്ച് അതിനെ പൊതുകാനോന സമ്പത്തിലേക്കു ഉൾച്ചേർത്തു. റോം തന്നിട്ടില്ലെന്നും വെറുതെ ഉപയോഗിക്കുകയാണെന്നുമുള്ള അഭിപ്രായപ്രകടനങ്ങൾ കേൾക്കുമ്പോൾ നാം എന്താണ് മനസ്സിലാക്കേണ്ടത്. അങ്ങനെ ഒരാൾക്കിഷ്ടമുള്ള രീതിയിൽ സഭയിൽ പ്രവർത്തിക്കുവാൻ സാധിക്കുമോ? ഓർത്തഡോക്സ് സഭ ഈ കാര്യങ്ങളിൽ അവരുടെ രേഖാമൂലമായ പരാതി Pont. Council for Christian Unity യുടെ പ്രസിഡന്റായ കാർസിനൽ വാൾട്ടർ കാസ്പറിനെ ബോധിപ്പിക്കുകയും അദ്ദേഹം തന്റെ വ്യക്തിപരമായ അഭിപ്രായം പരാതി അയച്ചവർക്കു നൽകുകയും ചെയ്തു. അതു സ്ഥായിയായതും നിലനിൽക്കുന്നതുമായ ഒരു പരാതി ആയിരുന്നു എങ്കിൽ മാർപ്പാപ്പ ഈ പ്രത്യേക നിയമ സംഹിത അംഗീകരിക്കുമായിരുന്നുവോ? ഈ കാര്യങ്ങളെപ്പറ്റി ആധികാരികതയുണ്ടായിരുന്ന ദിമിത്രി സാലാക്കാസ് എന്ന പൗരസ്ത്യ കാനൻ, ദൈവശാസ്ത്ര സഭാചരിത്രപണ്ഡിതനാണ് വാൾട്ടർ കാസ്പർ ഉൾപ്പെടെയുള്ളവരെ ബോധവത്ക്കരിച്ചത്. സുറിയാനി സഭയുടെ പൈതൃകം കാത്തുസൂക്ഷിച്ചതിൽ മലങ്കര കത്തോലിക്കാസഭയെ ഇന്ത്യയിലെ ഓർത്തഡോക്സ് സഭ അനുമോദിക്കേണ്ടതുണ്ട്. മലങ്കരയുടെ അന്ത്യോക്യൻ പാരമ്പര്യം കാത്തുപരിപാലിക്കുന്നതിന്റെ ഭാഗമാണ് മേജർ ആർച്ചുബിഷപ്പിനെക്കാൾ താഴെയുള്ള പദവിയായ 'മേജർ ആർച്ചുബിഷപ്പ് കാതോലിക്കോസ്' എന്ന നാമം സ്വീകരിച്ചത്. "റോമിൽ നിന്ന് കൊടുത്തിട്ടില്ല" എന്ന രീതിയിൽ ആക്ഷേപം ഉന്നയിക്കപ്പെട്ടതു ശ്രദ്ധയിൽപ്പെട്ടു. നമ്മുടെ പ്രഥമ കാതോലിക്കാബാവായായിരുന്ന സിറിൾ ബസേലിയോസ് പിതാവ് 2005 ൽ പറഞ്ഞത് പ്രസക്തമാണ്. അതായത് സഭയുടെ തലവനും പിതാവിനും സഭാപാരമ്പര്യത്തിൽ ഒരു നാമമുണ്ട് – അതുപയോഗിക്കുക എന്നതാണ് സഭയുടെ കർത്തവ്യം. ഒരു പ്രത്യേക ഭരണസ്വാതന്ത്ര്യത്തിലേക്ക് സഭയെ ഉയർത്തിയതിനു ശേഷം അതനുസരിച്ച സഭാജീവിതം ക്രമപ്പെടുത്തുകയാണ് മലങ്കര കത്തോലിക്കാ സഭ ചെയ്തുകൊണ്ടിരിക്കുന്നത്.

കത്തോലിക്കാ സഭയുടെ സഭാവിജ്ഞാനീയം അനുസരിച്ച് 3 സ്ഥാനങ്ങൾ മാത്രമാണ് ദൈവത്താൽ സ്ഥാപിക്കപ്പെട്ടതായി ( ius divinum) കണക്കാക്കുന്നത്. അതിനോരോന്നിനും ദൈവവചന അടിസ്ഥാനവും ഉണ്ട്. സഭയുടെ കാര്യസ്ഥനായ മാർപ്പാപ്പ, രൂപതയുടെ കാര്യസ്ഥനായ മെത്രാൻ, ഇടവകയുടെ കാര്യസ്ഥനായ വൈദികൻ. ലത്തീൻ സഭയിൽ എല്ലാ മെത്രാന്മാരും മാർപ്പാപ്പയോട് നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. അവരെ നിയമിക്കുന്നത് മാർപ്പാപ്പയുമാണ്. എന്നാൽ സഭയുടെ വളർച്ചയുടെ ഘട്ടത്തിൽ പ്രാദേശിക സഭകൾ ഉണ്ടാവുകയും അവയെ നിയന്ത്രിക്കുന്നതിന് ദൈവപദ്ധതിയിൽ ആരോഗ്യപരമായി ഉരുത്തിരിഞ്ഞുവന്ന പാത്രിയർക്കാസ്ഥാനം, മേജർ ആർച്ചുബിഷപ്പ്, കാതോലിക്ക, മെത്രാപ്പോലീത്ത, വൈദികഗണത്തിലെ വിവിധ സ്ഥാനങ്ങൾ തുടങ്ങിയവ സഭയിൽ അംഗീകരിക്കപ്പെട്ടുവന്നു. പൗരസ്ത്യസഭകളിൽ ഇവ അവയുടെ അസ്ഥിത്വത്തോടും വളർച്ചയോടും അഭേദ്യമായി ബന്ധപ്പെട്ടുമിരിക്കുന്നു. പൗരസ്ത്യസഭകളിൽ മാർപ്പാപ്പയുടെ പരമാധികാരം

## ഓർമ്മത്തിരുന്നാൾ

**ഏപ്രിൽ 08**



**മാർത്താണ്ഡം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത ഭാഗ്യസ്മരണാർഹനായ**

**ലോറൻസ് മാർ അപ്രേം (1997)**

ഏതെങ്കിലും തലത്തിൽ വിനിയോഗിക്കപ്പെടുന്നുണ്ടെങ്കിൽ അതു അതാതു സഭാതലവന്മാർ വഴിയാണ്. മാർപ്പാപ്പയുടെ നിയോഗത്തിലാണ് കത്തോലിക്ക പാത്രിയർക്കിസ്മാർ ചുമതലകൾ നിർവ്വഹിക്കുന്നതെന്ന് അർത്ഥമാക്കരുത്. ചരിത്രപരവും പാരമ്പര്യവുമായി ഉണ്ടായിട്ടുള്ള ഈ ഘടനകളെ ദൈവീക ആശിർവാദത്തിലുണ്ടായവയായി മാർപ്പാപ്പ അംഗീകരിക്കുന്നു. മറ്റു കത്തോലിക്കാ ഇതര സഭാസമൂഹങ്ങൾ ഈ കാര്യങ്ങളെ അംഗീകരിക്കുന്നില്ല. അഥവാ അവർ അവരുടെ സഭയിലെ സ്ഥാനങ്ങൾ ദൈവീക institutions ആയി തന്നെ കാണുന്നു. പാശ്ചാത്യ പാത്രിയർക്കീസായി മാർപ്പാപ്പയെ അവർ കാണുന്നു.

കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായ മാർപ്പാപ്പയുടെ അധികാരവും ശുശ്രൂഷയും ഓർത്തഡോക്സ് സഭകൾ പൂർണ്ണമായി അംഗീകരിക്കുന്നില്ല. ദൈവശാസ്ത്രപരമായി അതിനു യാതൊരു കാരണവുമില്ല എങ്കിലും ഐക്യത്തിലേക്കു കടന്നുവരുവാനുള്ള വേദികൾ എപ്പോഴും കത്തോലിക്കാസഭ തുറന്നിരിക്കുന്നു. പരസ്പരമുള്ള സ്നേഹവും ഒരുമിച്ചു വരവുകളും യോജിക്കുവാൻ സാധിക്കുന്നിടത്തെല്ലാം യോജിക്കുവാനും എല്ലാത്തിലും സ്നേഹം പുലർത്തുവാനുമുള്ള ആഹ്വാനമാണ് എല്ലാവരും മുമ്പോട്ടുവയ്ക്കുന്നത്. എക്യുമെനിസത്തിന്റെ അടിസ്ഥാനതത്വം പരസ്പരം ആദരിക്കുക, സത്യമല്ലാത്തവ സംസാരിക്കാതിരിക്കുക, മുറിവേൽപ്പിക്കുന്ന തരത്തിലുള്ള ആരോപണങ്ങളോ സംസാരങ്ങളോ ഉണ്ടാവാതിരിക്കുക എന്നിവയാണ്. മുൻവിധികളും താറടിക്കുന്ന ശൈലികളും എക്യുമെനിസത്തിനു ചേരുന്നതല്ല എന്നും എല്ലാവർക്കും അറിവുള്ളതാണ്.

മലങ്കര കത്തോലിക്കാസഭയുടെ തലവനും പിതാവുമായ തിരുമേനിയെ നമ്മുടെ പാരമ്പര്യമനുസരിച്ച് കാതോലിക്കാ എന്നാണ് വിളിക്കേണ്ടത് എന്നാദ്യം പറഞ്ഞത്, മലങ്കര സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തി നമ്മുടെ മുമ്പിൽ അത് പ്രഖ്യാപിച്ച മാർപ്പാപ്പയുടെ ഇന്ത്യയിലെ സ്ഥാനപതി തന്നെ ആയിരുന്നു. അതു പൂർണ്ണമായി സ്വീകരിച്ച മാർപ്പാപ്പ നമ്മുടെ സഭയുടേതായ പ്രത്യേക കാനോൻ നിയമസംഹിതയിൽ കാതോലിക്കാ സ്ഥാനത്തെപ്പറ്റി സുദീർഘമായി പ്രതിപാദിച്ചിട്ടുള്ളതും, അത് മാർപ്പാപ്പാ പൂർണ്ണമായി അംഗീകരിച്ച് നൽകിയിട്ടുള്ളതുമാണ്. ഈ കാര്യം സൗകര്യപൂർവ്വമോ ദുഷ്ടലാക്കോടെയോ മറച്ചുപിടിച്ച് പ്രസ്താവനകളും അഭിപ്രായപ്രകടനങ്ങളും നടത്തുന്നവർ സത്യത്തിൽ ക്രിസ്തുപക്ഷത്തുള്ളവരാണോ? മലങ്കരസഭയുടെ പൈതൃകം പുലർത്തുവാൻ നൽകപ്പെട്ട സ്വാതന്ത്ര്യവും നിയോഗവും തമസ്കരിക്കാനുള്ള ഇടപെടൽ സ്വീകാര്യമല്ല. കത്തോലിക്കാസഭയുടെ കാനോനകളും ചരിത്രവും സഭാശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചവർ തന്നെയാണ് ഇപ്രകാരമുള്ള തരത്തിൽ ദുർവ്യാഖ്യാനങ്ങൾ നടത്തുന്നത് എന്നത് അക്ഷന്തവ്യമാണ്.

**മലങ്കര കത്തോലിക്കാസഭയുടെ തലവനും പിതാവുമായ തിരുമേനിയെ നമ്മുടെ പാരമ്പര്യമനുസരിച്ച് കാതോലിക്കാ എന്നാണ് വിളിക്കേണ്ടത് എന്നാദ്യം പറഞ്ഞത്, മലങ്കര സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തി നമ്മുടെ മുമ്പിൽ അത് പ്രഖ്യാപിച്ച മാർപാപയുടെ ഇന്ത്യയിലെ സ്ഥാനപതി തന്നെ ആയിരുന്നു.**

സുറിയാനി സഭയ്ക്കന്യമായിരുന്ന മേജർ ആർച്ചുബിഷപ്പ് എന്ന സ്ഥാനം സഭയുടെ കാനോന അനുസരിച്ചുതന്നെ കാതോലിക്ക എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് അറിയാത്തതുകൊണ്ടല്ലല്ലോ ആക്ഷേപങ്ങൾ ഉന്നയിക്കുന്നത്. 1957 ൽ പൗരസ്ത്യസഭകൾക്കു നൽകപ്പെട്ട കാനോൻ നിയമത്തിൽ (Cleri Sanctitati) 335 1 ൽ പറയുന്നു: *"1. Archiepiscopo aequiparatur Catholicus qui titulo Patriarchae non gaudet"*. അതായത് പാത്രിയർക്കീസ് അധികാരമില്ലാത്ത കാതോലിക്ക മേജർ ആർച്ചുബിഷപ്പിനു തുല്യനായി ഗണിക്കപ്പെടുന്നു. ഇവിടെയും മേജർ ആർച്ചുബിഷപ്പിന് കീഴിലൊ ആ സ്ഥാനത്തിന് ശേഷമൊ ആണ് കാതോലിക്ക എന്നത് വരുന്നത്. പൗരസ്ത്യസഭകൾക്കുള്ള പുതിയനിയമസംഹിതയിൽ കാതോലിക്ക എന്ന നാമം വിട്ടുകളഞ്ഞിട്ടുണ്ട്. പകരം തീർത്തും ഗ്രീക്കു ചുവയുള്ള മേജർ ആർച്ചുബിഷപ്പ് എന്ന നാമമാണ് പാത്രയർക്കീസിന് ശേഷം ചേർത്തിരിക്കുന്നത്. ശരിയാണ് 23 സഭകൾക്കും വേണ്ടിയുള്ള നിയമങ്ങൾ നിർമ്മിക്കുകയല്ല ഈ പൊതുകാനോൻ സംഹിതയുടെ ഉദ്ദേശ്യം എന്ന് മാർപ്പാപ്പ വ്യക്തമാക്കിയിരിക്കുന്നതും അതതു സഭകൾ അവരവരുടെ പാരമ്പര്യമനുസരിച്ചും പൊതുകാനോനകൾക്കു എതിരല്ലാത്തവയുമായ നിയമങ്ങൾ നിർമ്മിച്ച് സഭാജീവിതം അനുഗ്രഹകരമാക്കണമെന്നും ഇങ്ങനെ നിർമ്മിക്കുന്ന നിയമങ്ങൾ മാർപ്പാപ്പ അംഗീകരിച്ചു കഴിഞ്ഞാൽ പൊതുനിയമസംഹിതയായി മാറുമെന്നും പ്രഖ്യാപിച്ചിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ വേണം മലങ്കര കത്തോലിക്കാസഭയുടെ തലവന്റെ പേരിനെപ്പറ്റി മനസ്സിലാക്കു

www.malankaralibrary.com

വാൻ. സീറോ മലബാർ സഭയ്ക്ക് ഈ വ്യക്തിത്വം നൽകപ്പെട്ടപ്പോൾ അവർ സ്വീകരിച്ചത് മേജർ ആർച്ചു ബിഷപ്പ് എന്നായിരുന്നു. എന്നാൽ മലങ്കരയുടെ സുറിയാനിയും അന്ത്യോക്യൻ പാരമ്പര്യവും നിലനിർത്തി നമ്മൾ ആഗ്രഹിച്ചതാണ് ന്യൂൺഷിയോ തിരുമേനി പ്രഖ്യാപിച്ചത്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവും കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായാണ്. ആഗോള സഭയുടെ തലവനെന്നാണ് മാർപ്പാപ്പയെ നാം സംബോധന ചെയ്യുന്നത്. എന്നാൽ ഓർത്തഡോക്സ് സഭയുടെ 1934 കോൺസ്റ്റിറ്റ്യൂഷൻ അനുസരിച്ച് ആ സഭയുടെ തലവൻ പാത്രിയർക്കീസ് ബാവ എന്ന് 1-ാം കാനോനയിൽ തന്നെ പറഞ്ഞിരിക്കുന്നു. എങ്കിൽ ഈ സഭകളിൽ ഏതു സഭയ്ക്കാണ് കൂടുതൽ വ്യക്തിത്വവും സ്വാതന്ത്ര്യവും ഉള്ളത്. റോമിലെ മാർപ്പാപ്പയുടെ ശ്ലൈഹികാധികാരം കത്തോലിക്കാസഭയിലെ വിവിധ വ്യക്തിഗതസഭകൾ അംഗീകരിക്കുന്നത് ദൈവശാസ്ത്രപരവും സുവിശേഷപരവുമായ കാരണം കൊണ്ടാണ്. പത്രോസിന്റെ പരമാധികാരവുമായി ബന്ധപ്പെട്ട ദൈവശാസ്ത്രപരവും ചരിത്രപരവുമായ കാരണങ്ങളാണ് അവ. കത്തോലിക്കാ സഭയുടെ പഠിപ്പിക്കൽ അനുസരിച്ച് വ്യക്തമായും കൃത്യമായും നൽകപ്പെട്ട തിരുവചനവും കർത്താവിന്റെ പ്രബോധനവും സ്വകാര്യമായി വ്യാഖ്യാനിക്കുകയല്ല. മറിച്ച് കൂടുതൽ ആധികാരികമായും ചരിത്രപരമായും മനസ്സിലാക്കുകയും ഉൾക്കൊള്ളുകയുമാണ് ചെയ്യേണ്ടത്. സഭകളുടെ ഒരുമിച്ചുവരവിന് തീർച്ചയായും ഏതുതരത്തിൽ ഈ പരമാധികാരം മനസ്സിലാക്കപ്പെടണം, ഉപയോഗിക്കപ്പെടണം എന്ന് ആരാഞ്ഞത് പുണ്യവാനായ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ തന്നെയാണ്. അതായത് ആടുകളെ മേയിക്കുവാനുള്ള അധികാരം; സഹോദരങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കുവാനുള്ള അധികാരം, സഭയെ പണിതുറപ്പിച്ച പാറയാകുന്ന പത്രോസിന്റെ സ്ഥാനം. തീർച്ചയായും വ്യാഖ്യാനിച്ചു പലതും മനസ്സിലാക്കുവാൻ ശ്രമിക്കാം. എന്നാൽ ഇവയിൽ അടങ്ങിയിരിക്കുന്ന യേശുനാഥന്റെ മനസ്സ് കത്തോലിക്കാ സഭയിലെ വിവിധ സഭകൾ അംഗീകരിക്കുന്നു. അതുകൊണ്ടാണ് മാർപ്പാപ്പയോട് വിധേയത്വം പ്രകടിപ്പിക്കുന്നത്. ദൈവജനത്തിന്റെ ആകമാന കാവൽ മാർപ്പാപ്പയ്ക്കു നൽകപ്പെട്ടിരിക്കുന്നു എന്നും ഓരോ സഭയുടെയും പക്വതയും പ്രാധാന്യവുമനുസരിച്ച് മാർപ്പാപ്പ ഓരോ സഭയ്ക്കും അതതിന്റെ സ്ഥാനങ്ങൾ ഏല്പിക്കുകയുമാണ്. ഇതാണ് കത്തോലിക്കാസഭയുടെ സഭാവിജ്ഞാനീയം. എത്രമാത്രം സ്വാതന്ത്ര്യം തന്നാലും ആദ് ലിമിന സന്ദർശനവേളയിൽ ഓരോ പാത്രിയർക്കീസും മേജർ ആർച്ചുബിഷപ്പ് കാതോലിക്കോസും മറ്റ് തലവന്മാരും ആത്മാക്കളുടെ കണക്ക് കൊടുക്കുന്നു. *(Ref:- Logos: A Journal of Eastern Christian Studies (Vol. 46 (2005) Nos. 3–4, pp. 303–326) A New Development in the Malankara Catholic Church: Major Archiepiscopal Church or Catholicate: John Madey)*

പാശ്ചാത്യസഭയുടെ സഭാശാസ്ത്ര വിജ്ഞാനീയത്തിന്റെ അടിസ്ഥാനത്തിലാണ് അവിടെ കാര്യങ്ങൾ മനസ്സിലാക്കുന്നതും തീരുമാനങ്ങൾ കൈക്കൊള്ളുന്നതും. പൗരസ്ത്യസഭയിൽ പ്രത്യേകിച്ചും അന്ത്യോക്യൻ സഭയുടെ ഭാഗമായിരുന്ന റോമാസാമ്രാജ്യത്തിന്റെ കിഴക്കുള്ളിടങ്ങളിലെ സഭകളെ നിയന്ത്രിച്ചിരുന്നത് അന്ത്യോക്യൻ പാത്രിയർക്കീസിന്റെ മഫ്രിയാനായിരുന്ന കാതോലിക്കായായിരുന്നു. ഇങ്ങനെയുള്ള ചരിത്രപരമായ സംഗതികൾ ഉൾക്കൊള്ളിച്ചു വേണമായിരുന്നു പുതിയ പൗരസ്ത്യ നിയമസംഹിത വിഭാവന ചെയ്യുവാൻ. എന്നാൽ അവ particular law യ്ക്കു വിട്ടുകൊടുത്തു. ORIENTAL CHARACTER OF THE CICO *2. The Oriental Code should draw its inspiration from, as well as express, the common discipline, such as it is contained: a) in the Apostolic tradition; b) in the Oriental canonical collections and in the customary norms common to the Oriental Churches and not fallen into desuetude.* (Page 19: No. 2).

THE PRINCIPLE OF SUBSIDIARITY IN THE CICO *2. The new code shouold limit itself to the codifica-*

## ഓർമ്മത്തിരുന്നാൾ

**ഏപ്രിൽ 28**



**ഭാഗ്യസ്മരണാർഹനായ ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്താ (1987)**

www.malankaralibrary.com


*tion of the discipline common to all the oriental church, leaving to the competernt authorities of these the power to regulate by particular all other matters not reserved to the Holy See.* (Page 21: No. 2). അതാണ് സഭാവിജ്ഞാനീയമായി ഇന്നു തീർന്നിട്ടുള്ളതും.

ഈ കാലഘട്ടത്തിൽപോലും മലങ്കര കത്തോലിക്കാസഭ ഇത്തരത്തിലുള്ള വെല്ലുവിളികളും നിന്ദയുമാണ് നേരിടുന്നതെങ്കിൽ പുനരൈക്യത്തിന്റെ ആദ്യനാളുകളിൽ, ആരാലും ശ്രദ്ധിക്കപ്പെടാത്ത അവസ്ഥയിലാരുന്ന സഭയും സഭാപിതാക്കന്മാരും എത്രമാത്രം സഹനത്തിലൂടെ കടന്നുപോയി എന്ന് ഊഹിക്കാമല്ലോ. ആരാലും ശ്രദ്ധിക്കാതെ കിടന്നവരെ സുവിശേഷ ശുശ്രൂഷയുടെ ബലത്തിൽ ദൈവത്തിങ്കലേക്ക് ആകർഷിച്ചും വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹിക സേവനം തുടങ്ങിയവയിലൂടെ സഭാഗാത്രത്തെ കെട്ടിപ്പടുക്കുകയാണ് ചെയ്തത്. ലോകോത്തര നിലവാരമുള്ള കോളേജുകളും ആതുരാലയങ്ങളും മെഡിക്കൽ കോളേജും കെട്ടിപ്പടുത്ത് എല്ലാസഭാവിഭാഗത്തിലെയും യുവജനങ്ങൾക്ക് അസൂയാർഹമായ സങ്കേതിക-സാമൂഹിക-സാമ്പത്തിക നിലകളിലേക്ക് എത്തുവാൻ സഹായിച്ചു. മാർ ഈവാനിയോസ് പിതാവ് എതിർത്തവരോടു മല്ലിടുവാൻ അല്ല, സുവിശേഷ ശുശ്രൂഷ ചെയ്ത് സമൂഹത്തെ വികസനപാതയിൽ എത്തിക്കുവനാണ് ശ്രദ്ധചെലുത്തിയത്. ഈ യുഗപ്രഭാവന്റെ മനസ്സ് സ്വന്തമാക്കിയാൽ നാടിനും സഭകൾക്കും വ്യക്തികൾക്കും അനുഗ്രഹം സംജാതമാകും. സുറിയാനി പാരമ്പര്യങ്ങൾ പരിപോഷിപ്പിക്കുന്നതിനുവേണ്ടി സ്ഥാപിക്കപ്പെട്ട സീരി എത്ര ഉദാത്തമായ ശുശ്രൂഷയാണ് നിർവ്വഹിക്കുന്നത്. മലങ്കര കത്തോലിക്കാസഭയ്ക്ക് ചെയ്യാൻ കഴിഞ്ഞിട്ടുള്ള ഇത്തരത്തിലുള്ള സേവനങ്ങൾ മാർ ഈവാനിയോസിന്റെ പുനരൈക്യ മാറ്റൊലിയാണ്.

മലങ്കര കത്തോലിക്കാസഭയെ പാത്രിയർക്കൽ സ്ഥാനത്തേക്കുയർത്തുന്നതിനും തടസ്സമില്ല. അതു യഥാസമയത്തു ആടുകളുടെ ചുമതല ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന മാർപ്പാപ്പ നിർവഹിക്കും. മലങ്കര കത്തോലിക്കാസഭ അതിന്റെ തനിമയും സുവിശേഷവേലയും ഏറ്റം ഭംഗിയായി നിർവ്വഹിച്ചു മുമ്പോട്ടു പോകുമ്പോൾ അതു സംഭവിക്കും. മലങ്കര കത്തോലിക്കാവിശ്വാസികൾ സഭൈക്യത്തിലും സ്നേഹത്തിലും ചേർന്നുനിന്ന് സഭയെ വളർത്തുമ്പോൾ എല്ലാം അതിജീവിക്കുവാൻ ഇടവരും.

നമ്മൾ ആരെക്കുറിച്ചു സംസാരിക്കുമ്പോഴും സംബോധന ചെയ്യുമ്പോഴും അതു നമ്മുടെ മനസ്സിന്റെ അവസ്ഥകൂടിയാണ് പ്രകടമാക്കുന്നത്. ക്രൈസ്തവർ ഏറെ പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന സമയത്ത് ആർക്കും പ്രയോജനം ചെയ്യാത്തതും പൊതുസമൂഹത്തിൽ സഭാ നേതൃത്വങ്ങൾ ഇകഴ്ത്തപ്പെടാൻഇടയാകുന്ന കാര്യങ്ങൾ ഉണ്ടാവുന്നത് വേദനാജനകമാണ്. എല്ലാ കാര്യങ്ങളിലും യേശുക്രിസ്തുവിന്റെ മനസ്സ് സംജാതമാക്കുവാൻ എല്ലാവർക്കും കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ●


## MBOC ലീഡേഴ്സ് ട്രെയിനിംഗ് ക്യാമ്പ് 2025



*2025 ഏപ്രിൽ 2, 3, 4 തീയതികളിൽ തിരുവല്ല ശാന്തിനിലയത്തിൽ വച്ച് നടത്തപ്പെട്ട MBOC ലീഡേഴ്സ് ട്രെയിനിംഗ് ക്യാമ്പിൽ പങ്കെടുത്തവർ അതിഭദ്രാസന അദ്ധ്യക്ഷൻ അഭി. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത, സണ്ടേസ്കൂൾ ഡയറക്ടർ ഫാ. ചെറിയാൻ അഴകത്ത് എന്നിവരോടൊപ്പം.*

www.malankaralibrary.com





# ആര് കല്ലുരുട്ടിമാറ്റും?



മെർലിൻ റ്റി. മാത്യു

മരിച്ചവനെങ്കിലും ഉത്ഥാനം ചെയ്തവനും ദൈവത്തിന്റെ വലത്തുഭാഗത്തിരുന്നു നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നവനുമായ യേശുക്രിസ്തു തന്നെ (റോമ 8:34).

The Resurrection of Christ, a Central doctrine of Christanity.

ക്രിസ്തുയേശുവിന്റെ പുനരുത്ഥാനം വിശ്വാസത്തിന്റെ മൂലക്കല്ലാണ്. ആ ഒഴിഞ്ഞ കല്ലറ മരണത്തിന്മേൽ അവന്റെ വിജയത്തെ സൂചിപ്പിക്കുന്നു.

## ദൈവശാസ്ത്രപരമായി പുനരുത്ഥാനം

യേശുവിന്റെ ദൈവത്വം അവനോടുള്ള ദൈവത്തിന്റെ സ്നേഹവും മാനവരാശിയുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ചെയ്യാനുള്ള യേശുവിന്റെ ത്യാഗത്തിന്റെ ശക്തിയും പ്രകടമാകുന്നു. യേശുവിന്റെ പുനരുത്ഥാനത്തിലൂടെ നമുക്കു നിത്യജീവന്റെ പ്രത്യാശയും, നമുക്കും പുനരുത്ഥാനം ഉണ്ട് എന്ന പ്രതീക്ഷയും നല്കുന്നു. പുത്രൻ മരണത്തെ കീഴടക്കി കർത്താവായി വാഴുന്ന ശക്തനായ ദൈവപുത്രനാണ് എന്ന പിതാവാം ദൈവത്തിന്റെ വ്യക്തമായ സൂചനയാണ് പുനരുത്ഥാനം. ക്രൂശിൽ ചൊരിഞ്ഞ രക്തം 'പുതിയ ഉടമ്പടിയുടെ രക്തം' നമ്മുടെ പാപങ്ങളിൽ നിന്ന് നമ്മെ പുനർജീവിപ്പിക്കും എന്നതാണ്.

## പുനരുത്ഥാനത്തിന്റെ ആത്മീയത

പുനരുത്ഥാനത്തിന്റെ മെറ്റാഫിസിക്കൽ അർത്ഥം പുനരുത്ഥാനം : മനസ്സിനേയും ശരീരത്തേയും അവയുടെ യഥാർത്ഥ, മരിക്കാത്ത അവസ്ഥയിലേക്ക് പുനഃസ്ഥാപിക്കലാണ്. ആരാണ് ക്രിസ്തുവിനെ ഉയിർത്തെഴുന്നേല്പിച്ചത് – പിതാവാം ദൈവം. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ, യേശുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചു. ഈ പരിശുദ്ധാത്മാവ് നമ്മെയും നമ്മുടെ പാപ മർത്യശരീരത്തിൽ നിന്ന് ഉയിർപ്പിക്കും.

റോമ 8:11 – യേശുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽ നിന്ന് ഉയർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെ കൊണ്ട് നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും.

"വിശുദ്ധ തോമസ് അകിനാസ് പറയുന്നു, ഉയിർത്തെഴുന്നേറ്റ ശരീരത്തിന് ദൈവം നാല് സമ്മാനങ്ങൾ നൽകും. അസാധ്യത (impossibility), സൂക്ഷ്മത (subtleness), ചടുലത (agility), വ്യക്തത (clarity)". ക്രിസ്തുവിന്റെ ഉയിർപ്പിന്റെ ആദ്യസാക്ഷി മഗ്ദലനക്കാരത്തി മറിയ രാവിലെ കല്ലറയ്ക്കൽ ചെന്ന് കല്ലറവായ്ക്കൽ നിന്ന് കല്ല് നീങ്ങിയിരിക്കുന്നത് കണ്ടു (യോഹ. 20:1).

www.malankaralibrary.com


**ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കാണാൻ ചില കല്ല് ഉരുട്ടിമാറ്റണം.**

* ആര് ഉരുട്ടി മാറ്റും എന്റെ മുന്നിലെ കല്ല്?
* എവിടെ ചെന്നാൽ ഇത് ഉരുട്ടി മാറ്റാം?
* വിശ്വാസി ആയിട്ടും എനിക്ക് എന്തേ ഇങ്ങനെ പ്രതിസന്ധി?
* മറ്റുള്ളവർക്കൊന്നും ഈ കല്ലുകൾ ഇല്ലല്ലോ?

ഒരിക്കൽ ഒരു രാജ്യത്തെ രാജാവ് ഒരു രാത്രി എല്ലാവരും ഉറങ്ങുമ്പോൾ നടപ്പാതയിൽ ഒരു വലിയ കല്ല് ഉരുട്ടി വച്ചു. വേലിക്ക് പിന്നിൽ മറഞ്ഞു നിന്ന് ജനത്തെ വീക്ഷിച്ചു. ഒരു വ്യാപാരി നടന്നു വന്നു വഴി നടുവിൽ കല്ല് ഇരിക്കുന്നത് കണ്ട്, "ശ്ശെ എന്തൊരു നാട്, ഉത്തരവാദിത്തം ഉള്ള ആരുമില്ലെ ഇതൊന്നു ഉരുട്ടിമാറ്റാൻ" എന്ന് വിമർശിച്ച് നടന്നു പോയി. പിന്നീട് ഒരു പട്ടാളക്കാരൻ വേഗത്തിൽ വന്ന് ആ കല്ലിൽ തട്ടിവീണു. ചാടി എഴുന്നേറ്റ് തന്റെ വാൾ എടുത്ത് ഉറയിൽ ഇട്ട് അയാളും പറഞ്ഞു "ശ്ശെ എന്തൊരു നാട് ഇത്, ഒരു ഭരണകൂടം ഇവിടില്ലേ? ഈ കല്ലൊന്ന് ഉരുട്ടിമാറ്റാൻ! മൂന്നാമത് ഒരു കർഷകൻ കറ്റചുമ്മി നടന്നു വരുന്നത് രാജാവ് കണ്ടു. ഈ കല്ല് കണ്ട അയാൾ ഓരം ചേർന്ന് അപ്പുറത്തേക്ക് നടന്നു കൂടെ പരാതിപ്പെട്ടു "ശ്ശെ എന്തൊരു കഷ്ടം പാവപ്പെട്ടവന് ഇവിടെ ജീവിക്കണ്ടേ? എന്താണ് രാജാവിന് ഒരു ഉത്തരവാദിത്തം ഇല്ലാത്തത്. നാലാമത് ഒരു വൃദ്ധൻ നടന്നു വന്നു. ഈ കല്ല് കണ്ട അയാൾ തന്നാലാകും വിധം ആ കല്ല് ഉരുട്ടാൻ തുടങ്ങി സ്വയം പറഞ്ഞു "രാജവീഥിയാണ് ഇത്, രാജാവ് കടന്ന് വരുമ്പോൾ ഈ കല്ലൊരു തടസ്സം ആകരുത്". അയാൾ വളരെ നേരം കൊണ്ട് അത് ഉരുട്ടി മാറ്റി. അതിശയം എന്നു പറയണമല്ലോ ആ വലിയ കല്ലിനടിയിൽ രാജാവ് പൊൻനാണയങ്ങൾ സമ്മാനം വച്ചിട്ടുണ്ടായിരുന്നു. കണ്ണ് നിറഞ്ഞു നിൽക്കുന്ന ആ വൃദ്ധനെ രാജാവ് അഭിനന്ദിച്ചു.

നമ്മുടെ ജീവിതത്തിലും നാം വിചാരിക്കാത്ത കല്ലുകൾ ഉണ്ടാകാം. വിശ്വാസജീവിതം മടുത്തു പോകാതെ, പരാതികളിൽ ജീവിക്കാതെ കല്ലുകൾ ഉരുട്ടിമാറ്റി ഉത്ഥിതനെ കാണുവാൻ കൃപ ലഭിക്കട്ടെ. പ്രതിസന്ധികളാകുന്ന കല്ലുകളെ ഉരുട്ടിമാറ്റി അതിന്റെ പിന്നിൽ കർത്താവ് വച്ചിരിക്കുന്ന അധിക നന്മകളെ പ്രാപിക്കാം. നമുക്കായ് മരിച്ച് നമുക്കായ് ഉയിർത്തെഴുന്നേറ്റവൻ.


## അതിഭദ്രാസന മാതൃസംഗമം



*2025 മാർച്ച് 28-ാം തീയതി തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽ വച്ച് നടന്ന എം.സി.എം.എഫ്. മാതൃസംഗമം അതിഭദ്രാസന അദ്ധ്യക്ഷൻ അഭി. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം നിർവഹിച്ചപ്പോൾ.*

www.malankaralibrary.com





# ഉത്ഥാനതിരുന്നാൾ



മാത്യൂസ് പാണ്ടിശ്ശേരിൽ

ജീവിച്ചാലും മരിച്ചാലും നാം കർത്താവിനുള്ളവരാണ്. എന്തെന്നാൽ മരിച്ചവരുടെയും ജീവിക്കുന്നവരുടെയും കർത്താവായിരിക്കുന്നതിനു വേണ്ടിയാണ് ക്രിസ്തു മരിച്ചതും പുനർജീവിച്ചതും. ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനമാണ് ക്രിസ്തുവിന്റെ പുനരുത്ഥാനം. ഉയിർപ്പുതിരുനാൾ നമ്മെ പഠിപ്പിക്കുന്നത് ജീവിതം കാൽവരിയിലും കല്ലറയിലും അവസാനിക്കുന്നില്ല. പരാജയത്തിലൂടെയുള്ള വിജയത്തിന്റെ ആഘോഷമാണ് ഉത്ഥാനത്തിരുന്നാൾ.

മരിച്ച യേശു സത്യമായി ഉയിർത്തെഴുന്നേറ്റു എന്നത് അവന്റെ ശിഷ്യന്മാർപോലും വിശ്വസിക്കാതിരുന്ന കാര്യമായിരുന്നു. അതിനാൽ എല്ലാവരും തന്നെ അവനെ കണ്ടപ്പോൾ ഭയവും അവിശ്വാസവും പ്രകടിപ്പിച്ചത്. മഗ്ദലന മറിയം കല്ലറയിലേക്ക് പോയത് ഉത്ഥിതനെ കാണാനല്ല. മറിച്ച് അവന്റെ ശരീരം തൈലംകൊണ്ട് അഭിഷേകം ചെയ്യാനാണ്. യേശുവിനോടൊപ്പം തങ്ങളുടെ സകല പ്രതീക്ഷകളും ശിഷ്യന്മാർ കല്ലറയിൽ മറവ് ചെയ്തിരുന്നു. എന്നാൽ യഹൂദപ്രമാണികളും പുരോഹിതരും അവന്റെ ഉയിർപ്പിനെ ഭയത്തോടെ വിശ്വസിച്ചിരുന്നു. അതിനാൽ അവർ കല്ലറയ്ക്ക് കാവൽ ഏർപ്പെടുത്തി. ഒരു യഹൂദന്റെ കല്ലറയ്ക്ക് സീസറിന്റെ പടയാളികൾ കാവൽ നിൽക്കുക – എന്തൊരു വിരോധാഭാസം! ക്രിസ്തു സത്യമായും ഉയിർത്തെഴുന്നേറ്റു എന്നതിന് തെളിവ് ഇവിടെ തുടങ്ങുന്നു. റോമൻ പടയാളികൾക്ക് വേണ്ടത്ര പണം നൽകി നുണ പറയിച്ച് അവർ സത്യത്തെ മൂടിവയ്ക്കാൻ ശ്രമിച്ചു. രാത്രിയിൽ കാവൽ നിന്നവരെല്ലാം ഉറങ്ങുകയോ? ഉറങ്ങിപ്പോയവർ കള്ളന്മാർ യേശുവിന്റെ ശിഷ്യരാണെന്നു തിരിച്ചറിഞ്ഞു പോലും! കണ്ടെങ്കിൽ അവർ എന്തുകൊണ്ടു പ്രതികരിച്ചില്ല? ക്രിസ്തുവിന്റെ മരണത്തോടെ ഭയന്നു ചിതറി ഓടിയ ശിഷ്യർ കല്ലുമൂടി മുദ്രണം ചെയ്യപ്പെട്ട് കാവൽ ഏർപ്പെടുത്തിയ ശരീരം മോഷ്ടിക്കാൻ ധൈര്യം കാണിക്കുമെന്ന് ആരും വിശ്വസിക്കില്ല. സത്യമേവ ജയതേ. 'സത്യം' സത്യമായി ഉയിർത്തെഴുന്നേറ്റിരിക്കുന്നു. ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനമാണ് ക്രിസ്തുവിന്റെ പുനരുത്ഥാനം.

www.malankaralibrary.com



ആഴ്ചയുടെ ആദ്യദിവസം അതിരാവിലെ സുഗന്ധക്കൂട്ടുമായി ശരീരം അഭിഷേകം ചെയ്യാൻപോയ മഗ്ദലന മറിയം കല്ലറ ശൂന്യമായി കണ്ടു. ഈശോ പ്രവർത്തിച്ച ഏറ്റവും വലിയ അത്ഭുതം അവിടുത്തെ ഉത്ഥാനമായിരുന്നു.

മഗ്ദലന മറിയം കല്ലറയ്ക്ക് വെളിയിൽ കരഞ്ഞുകൊണ്ടിരിക്കുമ്പോൾ യേശു അവളോടു ചോദിച്ചു, സ്ത്രീയേ, എന്തിനാണ് നീ കരയുന്നത്? നീ ആരെയാണ് അന്വേഷിക്കുന്നത്? അതു തോട്ടക്കാരനാണെന്നാണ് അവൾ കരുതിയത്. യേശു അവളെ വിളിച്ചു: മറിയം! അവളുടൻ അവനെ തിരിച്ചറിഞ്ഞു. അവൾ ചെന്ന് ഞാൻ കർത്താവിനെ കണ്ടു എന്നും അവൻ തന്നോടു പറഞ്ഞ കാര്യവും ശിഷ്യരെ അറിയിച്ചു. ഉത്ഥിതന്റെ ദർശനങ്ങളെല്ലാം ആഴ്ചയുടെ ആദ്യദിവസമായ ഞായറാഴ്ചയാണ്. യഹൂദരെ ഭയന്ന് ശിഷ്യന്മാർ കതകടച്ചിരിക്കെ യേശു വന്ന് അവരുടെ മധ്യേ നിന്ന് അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം! തുടർന്ന് അവൻ തന്റെ കൈകളും പാർശ്വവും അവരെ കാണിച്ചു. വീണ്ടും ഒരു വഴിപോക്കന്റെ രൂപത്തിൽ എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർക്കും അവൻ പ്രത്യക്ഷപ്പെട്ടു (ലൂക്കാ 24:13). തിബേരിയാസ് കടൽത്തീരത്തുവച്ച് ശിഷ്യന്മാർക്കു വീണ്ടും യേശു തന്നെത്തന്നെ വെളിപ്പെടുത്തി.

എത്ര ദൂരെയായി കൈവിട്ടുപോയാലും തിരികെ ലഭിക്കും എന്ന സുവാർത്തയാണ് ഈസ്റ്റർ പങ്കുവയ്ക്കുന്നത്. ഉത്ഥിതനായ ക്രിസ്തുവിന്റെ മൊഴികളിലൊന്നാണ് 'യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.' ഉയിർപ്പിനെക്കുറിച്ച് ലോകം കേൾക്കുന്ന ഏറ്റവും പ്രത്യാശാജനകമായ വാക്യമിതാണ്. നീയെന്നും എന്റെ കൂടെയുള്ള ദൈവമാണെന്ന അറിവ് എന്തൊരാശ്വാസമാണ്.

കാൽവരിയിലാണവൻ ആദ്യമായി കൊല്ലപ്പെട്ടത്. പിന്നീടുള്ള എല്ലാ മരണവും മാനവജീവിതങ്ങളിലാണ്. അരിമത്ത്യാക്കാരൻ ജോസഫിന്റെ കല്ലറയിൽ അവൻ ഉത്ഥാനം ചെയ്തുവെന്നതിന് രേഖകളുണ്ട്. അതിനുശേഷമുള്ള എല്ലാ ഉയിർപ്പും മനുഷ്യഹൃദയങ്ങളിലാണ്. നഷ്ടപ്പെട്ടിരുന്നുവെങ്കിലും വീണ്ടും തിരികെ ലഭിച്ചിരിക്കുന്നു എന്ന സദ്വാർത്തയുടെ പേരാണ് ഉയിർപ്പ്. മരണം നഷ്ടപ്പെടലാണ്, ഉയർപ്പ് കണ്ടുകിട്ടലും.

ഒരു ക്രിസ്തുവേയുള്ളൂ. അവനെ തിരിച്ചറിയേണ്ടത് അവന്റെ മുറിവുകൾ കണ്ടിട്ടാണ്. മുറിവുകളിലൂടെ കർത്താവിനെ ശിഷ്യർ മനസ്സിലാക്കിയെങ്കിൽ അവനുവേണ്ടി നമ്മൾ വഹിക്കുന്ന മുറിവുകളിലൂടെ അവന്റെ ശിഷ്യരായി നമ്മളും തിരിച്ചറിയണം. അവന്റെ മുറിവുകളിലൂടെ യേശു ലോകത്തെ വിശുദ്ധീകരിച്ചതുപോലെ നമ്മുടെ കുരിശുകളും മുറിവുകളും പരിഭവം കൂടാതെ വഹിച്ച് ഇന്നത്തെ ലോകത്തെ വിശുദ്ധീകരിക്കാൻ നമുക്കിടയാക്കാം. ●



www.malankaralibrary.com



# ആഗോള കത്തോലിക്കാസഭയിലെ കാതോലിക്കാസ്ഥാനം



റവ. ഡോ. ജോർജ് തോമസ്
കൊച്ചുവിളയിൽ

## ആമുഖം

ആഗോള കത്തോലിക്കാസഭയിൽ 24 വ്യക്തിഗത (*SUI IURIS*) സഭകളാണ് ഉള്ളത്. 23 പൗരസ്ത്യസഭകളും ഒരു ലത്തീൻ സഭയും. ഈ സഭകൾക്കെല്ലാം തന്നെ അവരുടേതായ ദൈവശാസ്ത്രവും, ആരാധനാക്രമവും ആദ്ധ്യാത്മികതയും നിയമ സംവിധാനങ്ങളുമുണ്ട്. പുരാതനകാലം മുതൽ ഓരോ പൗരസ്ത്യ സഭകളുടേയും തലവന്മാർ, ഓരോ സഭയുടേതായ പാരമ്പര്യമനുസരിച്ച് പ്രത്യേക പേരുകളിൽ അറിയപ്പെട്ടുവന്നു. ഒരു പ്രത്യേക പേരിൽ ഒരു വ്യക്തിഗത സഭയുടെ തലവൻ വിളിക്കപ്പെടുന്നതിലൂടെ ആ സഭയുടെ പൊതുപൈതൃകമാണ് വെളിപ്പെടുന്നത്.

ചില പൗരസ്ത്യ സഭകൾ അവരുടെ പരമാദ്ധ്യക്ഷനെ 'കാതോലിക്കോസ്' എന്നു വിളിക്കുന്നു. ഉദാ: അർമ്മേനിയൻ ഓർത്തഡോക്സ് സഭയുടെ കാതോലിക്കോസ്, ജോർജിയൻ സഭയുടെ കാതോലിക്കോസ്, മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കോസ്, മലങ്കര സിറിയൻ ഓർത്തഡോക്സ് സഭയുടെ കാതോലിക്കോസ് തുടങ്ങിയവ. ഈ സഭകളിലെ കാതോലിക്കാസ്ഥാനത്തിന്റെ നൈയാമിക അധികാരം ഓരോ സഭകളുടെയും പാരമ്പര്യവും ചരിത്രപരവുമായ സ്ഥാപനവും അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു.

www.malankaralibrary.com



മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവനും പിതാവും, പരമാധ്യക്ഷൻ മേജർ ആർച്ചുബിഷപ്പ് കാതോലിക്കോസ് എന്നാണ് നൈയാമികമായി അംഗീകരിക്കപ്പെട്ടിരിക്കുന്നത്. കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ, പരിശുദ്ധ സുന്നഹദോസിന്റെയും അതിന്റെ തലവനായ കാതോലിക്കാബാവായുടെയും നേതൃത്വമുള്ള, അന്ത്യോക്യൻ മലങ്കര പാരമ്പര്യമുള്ള സഭയുടെ തലവൻ മേജർ ആർച്ചുബിഷപ്പ് കാതോലിക്കോസ് എന്ന് വിളിക്കപ്പെടുന്നത് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മാത്രം പ്രത്യേകതയാണ്.

## കാതോലിക്കോസ്

പുരാതനകാലം മുതൽ പ്രധാനപ്പെട്ട നഗരങ്ങൾ കേന്ദ്രീകൃതമായാണ് സഭകൾ വളരുകയും അറിയപ്പെടുകയും ചെയ്തത്. ഒരു നഗരത്തിന്റെ സാമൂഹിക-സാംസ്കാരിക പ്രത്യേകതകൾ അനുസരിച്ച് ആ നഗരത്തിലെ സഭയുടെ തലവൻ പ്രത്യേക പേരുകളിൽ അറിയപ്പെടാൻ/വിളിക്കപ്പെടാൻ തുടങ്ങി. അഞ്ചാം നൂറ്റാണ്ടോടുകൂടി റോം, കോൺസ്റ്റാന്റിനോപ്പിൾ, അലക്സാൻഡ്രിയ, അന്ത്യോക്യ, ജറുസലേം തുടങ്ങിയ പ്രമുഖ പട്ടണങ്ങളിലെ മെത്രാന്മാർ അവരവരുടെ പട്ടണങ്ങളുടെ സമീപ പട്ടണങ്ങളുടെ മേലും അധികാരമുള്ളവരായി മാറി. ഈ പ്രമുഖ പട്ടണങ്ങളോടൊപ്പം ഏതാനും ചില സഭാകേന്ദ്രങ്ങളും പുതിയ ആരാധനാ കേന്ദ്രങ്ങളും ഉദയം ചെയ്തു. റോമാ സാമ്രാജ്യത്തിനുള്ളിലെ പ്രധാനപട്ടണങ്ങളിലെ സഭകളുടെ അധ്യക്ഷന്മാർ 'പാത്രിയർക്കീസ്' എന്ന സംജ്ഞയിൽ ക്രമേണ അറിയപ്പെട്ടു. ഇതേസമയം റോമാസാമ്രാജ്യത്തിന് പുറത്തുള്ള സഭകളിൽ, പാത്രിയർക്കീസിനു സമമായ അധികാരത്തോടുകൂടിയ മേലധ്യക്ഷന്മാർ 'കാതോലിക്കോസ്' എന്നും അറിയപ്പെടാൻ തുടങ്ങി.

'കാതോലിക്കോസ്' എന്ന സംജ്ഞ ആദ്യമായി പരാമർശിച്ചുകാണുന്നത് മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ്. റോമാസാമ്രാജ്യത്തിൽ ചില പ്രത്യേക പ്രവിശ്യകളുടെമേൽ അധികാരമുള്ള ഗവൺമെന്റ് ഉദ്യോഗസ്ഥൻ 'കാതോലിക്കോസ്' എന്ന പേരിൽ പ്രവർത്തിച്ചിരുന്നു.

റോമാസാമ്രാജ്യത്തിൽ ഉപയോഗത്തിലുണ്ടായിരുന്ന Diocese, Province തുടങ്ങിയ പദങ്ങൾ സഭയിലേക്ക് പ്രവേശിച്ചതുപോലെ 'കാതോലിക്കോസ്' എന്ന പദവും സഭാമണ്ഡലത്തിലേക്ക് കടന്നുവന്നു. കാതോലിക്കോസ് എന്ന പദം ഗ്രീക്ക് ഭാഷയിൽ നിന്നാണ് ഉത്ഭവിക്കുന്നത്. ഇതിന്റെ അർത്ഥം 'ജനറൽ', 'സാർവ്വത്രികം', 'കണക്ക് പരിശോധകൻ' തുടങ്ങിയവയാണ്. ഈ വാക്ക് സഭാതലത്തിലേക്ക് വന്നപ്പോഴേക്കും 'സഭാതലവൻ', സാർവ്വത്രിക തലവൻ' തുടങ്ങിയ പ്രത്യേക അർത്ഥം കൈവന്നു.

പാശ്ചാത്യ സുറിയാനി ഭാഷയിൽ 'കാതുലിക്കോ' എന്ന വാക്കിനർത്ഥം 'ജനറൽ', 'സാർവ്വത്രികം', 'സഭാമേലധ്യക്ഷൻ' തുടങ്ങിയവയാണ്. സുറിയാനി സഭകളിൽ കാതോലിക്കാസ്ഥാനം നൽകപ്പെട്ടിരുന്നത് ഒരു പ്രവിശ്യയിലെ പ്രധാന മേലധ്യക്ഷനാണ്. ഇദ്ദേഹം പാത്രിയർക്കിസിന്റെ പ്രതിനിധിയായി, സാർവ്വത്രിക അധികാരം മറ്റ് മെത്രാന്മാരുടെമേലും മെത്രാപ്പോലിത്താമാരുടെമേലും ഉപയോഗിച്ചിരുന്നു.



പാത്രിയർക്കീസിന്റെ സാർവ്വത്രിക പ്രതിനിധിയായി ചില പ്രത്യേക സാഹചര്യങ്ങളിൽ/ആവശ്യങ്ങളിൽ ഇടപെടാൻ അധികാരം ലഭിച്ചിട്ടുള്ള ശ്രേഷ്ഠ മെത്രാപ്പോലീത്താ ആയിരുന്നു കാതോലിക്കോസ്.

കാതോലിക്കോസ് എന്ന നൈയാമിക സ്ഥാനം പൂർണ്ണമായും വളർച്ച പ്രാപിച്ച് സംസ്ഥാപിതമാകുന്നത് സെലൂഷ്യ-സ്റ്റെസിഫൺ സഭയിലാണ്. അർമേനിയൻ, ജോർജ്ജിയൻ സഭകളിലെ പ്രധാന മേലധ്യക്ഷൻ പാത്രിയർക്കീസിനടുത്ത അധികാരം ഉപയോഗിച്ചിരുന്നു. കാലക്രമത്തിൽ ഈ സഭകളെല്ലാം കാതോലിക്കോസ് സ്ഥാനത്തോട് പാത്രിയർക്കീസ് എന്ന സംജ്ഞകൂടി ഉപയോഗിച്ചു തുടങ്ങി. അങ്ങനെ 'കാതോലിക്കോസ് - പാത്രിയർക്കീസ്, പാത്രിയർക്കീസ്, സുപ്രീം കാതോലിക്കോസ് - പാത്രിയർക്കീസ്' എന്നിങ്ങനെ അറിയപ്പെട്ടു.

പേർഷ്യയിലെ Non-Calcedonions ന്റെ അജപാ

ലനകാര്യങ്ങൾ ശ്രദ്ധിക്കുന്നതിനായി അന്ത്യോക്യൻ പാത്രിയർക്കീസ് AD 629 ൽ നിയമിച്ച ശ്രേഷ്ഠ മെത്രാപ്പോലീത്താ സ്ഥാനിയാണ് 'മഫ്രിയാൻ'. സുറിയാനി ഭാഷയിൽ 'മഫ്രിയോൻ' എന്ന വാക്കിനർത്ഥം, 'ഉത്ഭവം നൽകുന്നവൻ', രക്ഷകർത്താവ്', 'ജനിപ്പിക്കുന്നവൻ', 'വർദ്ധിപ്പിക്കുന്നവൻ' തുടങ്ങിയവയാണ്. മെത്രാന്മാരെയും മെത്രാപ്പോലീത്തമാരെയും നിയമിക്കാനും അധികാരത്തിൽ ഉറപ്പിക്കാനും അധികാരമുള്ള സഭാതലവനെയാണ് സഭാതലത്തിൽ 'മഫ്രിയോൻ' സൂചിപ്പിക്കുന്നത്. 1264 മുതൽ 1284 എ.ഡി. വരെ ത്രിഗ്രീത്തിൽ മഫ്രിയാനായിരുന്ന ബാർ എബ്രായ തന്റെ സ്ഥാനപ്പേരിനോട് ചേർത്ത് 'കാതോലിക്കോസ്' എന്ന് ഉപയോഗിക്കാൻ തുടങ്ങി. അങ്ങനെ അന്ത്യോക്യൻ പാരമ്പര്യത്തിൽ ആദ്യമായി കാതോലിക്കോസ് എന്ന വാക്ക് ഉപയോഗത്തിൽ വന്നു. ബാർ എബ്രായ മുതൽ അന്ത്യോക്യൻ പാരമ്പര്യത്തിൽ, മഫ്രിയാന് പകരം കാതോലിക്കോസ് എന്ന സംജ്ഞാനാമം ഉപയോഗത്തിലായി.



കാതോലിക്കാസ്ഥാനം മലങ്കരയിൽ സ്ഥാപിതമാക്കികൊണ്ട് അന്ത്യോക്യൻ പാത്രിയർക്കീസ് നൽകിയ 'സ്താത്തിക്കോണിൽ' (നിയമന കല്പന) മലങ്കര സഭയുടെ പരമാധ്യക്ഷൻ കാതോലിക്കോസ് ആയിരിക്കും എന്ന് കല്പിച്ചു. പിന്നീട് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ അതിന്റെ ഭരണഘടന വഴി പാത്രിയർക്കസിനുതുല്യമായ അധികാരങ്ങൾ കാതോലിക്കോസിന് നൽകി.

കത്തോലിക്കാസഭയുമായുള്ള പുനരൈക്യത്തിന്റെ ആവശ്യം മനസ്സിലാക്കിയ മലങ്കര സുറിയാനി സഭയുടെ സുന്നഹദോസ് അന്നത്തെ ബഥനിയുടെ മെത്രാനായിരുന്ന ഗീവർഗ്ഗീസ് മാർ ഈവാനിയോസിനെ റോമുമായുള്ള എഴുത്തുകുത്തുകൾക്ക് വേഗത പകരാനായി ഏൽപ്പിച്ചു. സുദീർഘമായ എഴുത്തുകുത്തുകൾക്ക് ശേഷം പുനരൈക്യപ്പെടുന്ന മലങ്കരസഭയ്ക്ക് അതിന്റെ തലവനായി ഒരു കാതോലിക്കാസ്ഥാനം നൽകുന്നത് പരിശുദ്ധ സിംഹാസനം തൽക്കാലത്തേക്ക് മരവിപ്പിച്ചു വച്ചു. ഇതിന് പ്രധാനകാരണം മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കാബാവ പുനരൈക്യപ്പെടാനുള്ള ആഗ്രഹം പ്രകടിപ്പിച്ചിരുന്നു എന്നുള്ളതാണ്. കാരണം ഈ കാതോലിക്കാബാവ അദ്ധ്യക്ഷനായുള്ള സുന്നഹദോസ് ആണ് മാർ ഈവാനിയോസ് മുഖാന്തിരം പുനരൈക്യത്തിന് പരിശ്രമം ആരംഭിച്ചത്. എന്നാൽ ഓർത്തഡോക്സ് കാതോലിക്കാബാവയുടെ പുനരൈക്യം സാദ്ധ്യമായില്ല. അതുകൊണ്ടു തന്നെ ആവശ്യപ്പെട്ടിരുന്ന കാതോലിക്കാസ്ഥാനം അംഗീകരിക്കുന്നത് പിന്നീട് ആകാമെന്ന് പരിശുദ്ധ സിംഹാസനത്തിന്റെ നിർദ്ദേശം മാർ ഈവാനിയോസ് തിരുമേനി അംഗീകരിച്ചു.

പുനരൈക്യത്തിനുശേഷം, അന്ത്യോക്യൻ-മലങ്കര പൈതൃകവും പാരമ്പര്യവും മാനിച്ചുകൊണ്ടുള്ള ഒരു കാനോനിക സംവിധാനത്തിനായി കാതോലിക്കാബാവാ തലവനായുള്ള ഒരു സുന്നഹദോസ് ഭരണ സംവിധാനത്തിനായി - മലങ്കര കത്തോലിക്കാസഭ കാത്തിരിക്കുകയായിരുന്നു. പുനരൈക്യത്തിനു ശേഷം 75 വർഷങ്ങൾ പൂർത്തിയായപ്പോൾ ഈ സഭയുടെ ത്വരിതഗതിയിലുള്ള വളർച്ചയുടേയും അതിന്റെ പക്വതയുടെയും അംഗീകാരമായി സഭയെ ഒരു മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായും അതിന്റെ തലവനെ പാത്രിയർക്കിസ് സ്ഥാനത്തിനു തുല്യമായ മേജർ ആർച്ചുബിഷപ്പ് സ്ഥാനവും നല്കി ഉയർത്തി. അതായത് 2005 ൽ മലങ്കരസുറിയാനി കത്തോലിക്കാസഭ സുന്നഹദോസ് ഭരണ സംവിധാനമുള്ള സഭയായി മാറി. അങ്ങനെ മലങ്കര സുറിയാനി കത്തോലിക്കാസഭ ഒരു സ്വയാധികാര സഭയായി മാറി. അങ്ങനെ മലങ്കര സുറിയാനി കത്തോലിക്കാ സഭ ഒരു സ്വയാധികാര സഭയായി മാറുന്നതിനായി 1930 ൽ ആരംഭിച്ച കാനോനിക ക്രമം പരിപൂർണ്ണമായി നടപ്പിലായത് 2005 ഫെബ്രുവരി 10 നാണ്. ഇതിനുശേഷവും നടന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആദ്യ സുന്നഹദോസ്, ഇതിന്റെ തലവൻ കാതോലിക്കോസ് എന്ന് വിളിക്കപ്പെടണമെന്ന് തീരുമാനിച്ചു. ഓരോ വ്യക്തിഗത സഭയും അതിന്റെ പാരമ്പര്യവും പൈതൃകവും കാത്തുസൂ

www.malankaralibrary.com



ക്ഷിക്കണം എന്ന് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠിപ്പിക്കൽ അനുസരിച്ചും അന്ത്യോക്യൻ-മലങ്കര പാരമ്പര്യത്തിൽ വരുന്ന സഭകളുടെ പൊതുപൈതൃകവുമായ 'കാതോലിക്കോസ്' എന്ന മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഇദംപ്രഥമായ സുന്നഹദോസ് തീരുമാനിക്കാൻ കാരണം. ഇത് മലങ്കരസഭകളുടെ നൈയാമിക ഭരണസംവിധാനം മറന്ന് ഒരു ക്രമീകരണം മലങ്കരസുറിയാനി കത്തോലിക്കാസഭയിൽ സാധ്യമല്ല എന്നതിനാലും ആണ്.

എല്ലാസഭകൾക്കും ബാധകമായ പാരമ്പര്യങ്ങളെയാണ് പൗരസ്ത്യ സഭകൾക്കായുള്ള പൊതുനിയമങ്ങൾ (CCEO) പരിഗണിക്കുന്നത്. എന്നാൽ, വ്യക്തിഗത സഭകളുടെ (Sui iuris) പാരമ്പര്യങ്ങളും പൈതൃകങ്ങളും മാനിക്കുന്നതിനും നിയമത്തിൽ നിലനിർത്തുന്നതിനുമുള്ള സാധ്യതകൾ CCEO നൽകുന്നു. ഇപ്രകാരം ഒരു സഭയുടെ പ്രത്യേകനിയമങ്ങൾ ക്രോഡീകരിച്ച് പാരമ്പര്യങ്ങൾ സംരക്ഷിക്കാനും നിലനിർത്താനും കത്തോലിക്കാസഭയിൽ സാധ്യമാണ്. എന്നാൽ ഇവ പൊതുനിയമത്തിന് എതിരല്ലാത്തത് ആയിരിക്കണം. "പ്രത്യേക നിയമങ്ങൾ എന്നു പറയുന്നത് CCEO നൽകുന്ന ചില സാധ്യതകൾ ഉപയോഗപ്പെടുത്തി ക്രോഡീകരിക്കുന്ന നിയമാവലി മാത്രമല്ല. പൊതുനിയമത്തിന് എതിരല്ലാത്തതും ഒരു പ്രത്യേക വ്യക്തിഗത സഭയുടെ നൈയാമിക സംവിധാനത്തിന് ചേരുന്നതുമായ പുതിയ നിയമങ്ങൾകൂടി ഉൾപ്പെടുത്തി ക്രോഡീകരിക്കുവാൻ ഒരു വ്യക്തിഗത സഭയ്ക്ക് സാധിക്കും. മലങ്കര സുറിയാനി കത്തോലിക്കാസഭ അതിന്റെ പ്രത്യേകനിയമങ്ങൾ "The Code of Particular Canons of the Syro-Malankara Catholic Church"(CPCSMCC) 2012 ൽ പ്രസിദ്ധീകരിച്ചു. ഈ പ്രഖ്യാപിത നിയമത്തിന് 'പൊന്തിഫിക്കൽ നിയമങ്ങൾ' എന്ന പദവിയും ഉണ്ട്.



CPCSMCC കാനൻ 18 അനുസരിച്ച് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവനും പിതാവുമായ മേലദ്ധ്യക്ഷൻ "മേജർ ആർച്ചുബിഷപ്പ് കാതോലിക്കോസ്" ആണ്. ഈ തലവൻ, ഭാരതത്തിന്റെ അപ്പോസ്തോലനായ മാർതോമാശ്ലീഹായുടെ പിൻഗാമിയാണ്. അതോടൊപ്പം മേജർ ആർച്ചുബിഷപ്പ് - കാതോലിക്കോസിന് മലങ്കര സുറിയാനി സഭകളുടെ തലവന്മാർ ഭാഗ്യമോടെ അനുഭവിച്ചിരുന്ന "Metropolitan of All India" എന്ന ശീർഷകവും ഉണ്ട്. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ മേജർ ആർച്ചുബിഷപ്പ് - കാതോലിക്കാബാവ വിളിക്കപ്പെടുന്നത്: മോറാൻ മോർ ബസേലിയോസ് (ക്ലീമീസ്) കാതോലിക്കാബാവാ' എന്നാണ്. ഇവയെ ഒന്നു വിശകലനം ചെയ്യുമ്പോൾ ഇത് സഭയുടെ പൈതൃകത്തിന്റെ ബഹിർസ്ഫുരണമാണ് എന്ന് മനസ്സിലാക്കാൻ സാധിക്കും. അന്ത്യോക്യൻ പാരമ്പര്യത്തിലുള്ള ഒരു സഭയുടെ പരമാധ്യക്ഷനാണ് 'മോറാൻ മോർ' എന്ന് വിളിക്കപ്പെടുന്നത്. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അദ്ധ്യക്ഷൻ മേജർ ആർച്ചുബിഷപ്പ് കാതോലിക്കോസിന് പാത്രിയർക്കീസിന്റെ അധികാരാവകാശങ്ങളുള്ളതിന്റെ പ്രഖ്യാപനമാണ് അദ്ദേഹത്തെ മോറാൻ മോർ എന്ന് അഭിസംബോധന ചെയ്യുന്നത്.

അന്ത്യോക്യൻ പാത്രിയർക്കീസായി തെരഞ്ഞെടുക്കപ്പെട്ടവരാണ് സുറിയാനി ഭാഷയിലെ ആദ്യക്ഷരമായ 'ഓലഫ്' വച്ച് ആരംഭിക്കുന്ന പേര് സ്വീകരിച്ചിരുന്നത്. ഉദാ:- ഇഗ്നാത്തിയോസ്, ഈ നാമം ആദ്യ അക്ഷരം വച്ച് ആരംഭിക്കുന്നതുകൊണ്ട് ബഹുമാനത്തിന്റെ/സ്ഥാനത്തിന്റെ/അധികാരത്തിന്റെ ഒന്നാം സ്ഥാനം അലങ്കരിച്ചിരിക്കുന്നു എന്നതാണ് സൂചിപ്പിക്കുന്നത്. കാതോലിക്കാസ്ഥാനം അന്ത്യോക്യൻ പാരമ്പര്യത്തിൽ ആരംഭിച്ചപ്പോൾ, രണ്ടാമത്തെ അക്ഷരമായ 'ബേത്' -ൽ ആരംഭിക്കുന്ന പേര് സ്വീകരിച്ചു. ഉദാ: ബസേലിയോസ്. അന്ത്യോക്യൻ പാത്രിയർക്കീസ് കഴിഞ്ഞാലുള്ള ബഹുമാനം കാതോലിക്കോസിനുണ്ടായിരുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഇത് ഒരു അംഗീകരിക്കപ്പെട്ട കീഴ്‌വഴക്കമായി അന്ത്യോക്യൻ സുറിയാനി പാരമ്പര്യത്തിൽ നിലനിൽക്കുന്നു. ഇത് ഇന്നോളം പാലിച്ചുവരികയും ചെയ്യുന്നു. ഇക്കാരണങ്ങളാൽ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവനും പിതാവുമായ പര

www.malankaralibrary.com


മാധ്യക്ഷനെ മോറാൻ മോർ ബസേലിയോസ് (ക്ലീമീസ്) കാതോലിക്കാബാവാ എന്ന് വിളിക്കുന്നത് തികച്ചും അനുയോജ്യമാണ്. ഇത് നൈയാമികമായി ശരിയായ പ്രയോഗവുമാണ്.

കാതോലിക്കാബാവായുടെ സ്ഥാനചിഹ്നങ്ങൾ അദ്ദേഹം ഉൾക്കൊള്ളുന്ന അധികാരത്തിന്റെ അടയാളമാണ്. അന്ത്യോക്യൻ – മലങ്കര പാരമ്പര്യത്തിലുള്ള ഒരു മെത്രാന്റെ സ്ഥാനചിഹ്നങ്ങൾക്കൊപ്പം ഒരു കുരിശുമാലയും നെഞ്ചിൽ ധരിക്കുന്ന രണ്ട് മെഡലുകളുമാണ് (Enkolpion) കാതോലിക്കാബാവായുടെ സ്ഥാനചിഹ്നങ്ങൾ. ഒന്നാമത്തേത് പരിശുദ്ധ ദൈവമാതാവിന്റേതും രണ്ടാമത്തേത് വി. തോമാശ്ലീഹായുടെയും. മലങ്കര സുറിയാനി പാരമ്പര്യത്തിൽ പ്രത്യേക ബഹുമാനം നൽകുന്ന ദൈവമാതാവിന്റെയും തിരുവനന്തപുരം മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സിംഹാസനം ആരുടെ സിംഹാസനത്തിന്റെ തുടർച്ചയാണോ ആ തോമാശ്ലീഹായുടെയും ചിത്രങ്ങളാണ് ഈ മെഡലുകളിൽ ഉള്ളത്.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവന്റെ അധികാരത്തിൽപ്പെട്ടതാണ് സഭയ്ക്ക് ആകമാനം വേണ്ടി വി. മൂറോൻ (വി. തൈലം) കൂദാശ ചെയ്യുക എന്നത്. ഒരു സഭയുടെ പരമാധ്യക്ഷനുമാത്രമേ മൂറോൻ കൂദാശ ചെയ്യാനുള്ള അധികാരമുള്ളൂ. കാതോലിക്കാബാവായുടെ സ്ഥാനത്തിന്റെ ഔന്നത്യമാണിത് കാണിക്കുന്നത്. ഓരോ മെത്രാനും കാതോലിക്കാബാവായിൽ നിന്നും വി. മൂറോൻ സ്വീകരിച്ച് അവരവരുടെ ഭദ്രാസനങ്ങളിലേക്ക് കൊണ്ടുപോകും. ഭദ്രാസനമെത്രാനിൽ നിന്നും ഓരോ ദൈവാലയത്തിലേക്കും മൂറോൻ കൊണ്ടുപോകുന്നു. ഇത് സഭയുടെ പരമാധ്യക്ഷന് ഭദ്രാസനാദ്ധ്യക്ഷന്മാരുമായും ഓരോ ഇടവകയുമായുള്ള മുറിഞ്ഞുപോകാത്ത ബന്ധത്തിന്റെ അടയാളമാണ്.

ജീവിത വിശുദ്ധിയിലും അജപാലനരംഗത്തും നന്നായി പ്രശോഭിച്ച വൈദികർക്ക് റമ്പാൻ, കോർ–എപ്പിസ്കോപ്പ തുടങ്ങിയ സ്ഥാനങ്ങൾ നൽകുന്നത് കാതോലിക്കാബാവായാണ്. അതുപോലെ അൽമായ വിശ്വാസികൾക്ക് ലഭിക്കാവുന്ന ബഹുമതികളായ 'മലങ്കര സഭാരത്നം, ബാർ ഈത്തോ ബ്രീറോ, ബർസ് ഈത്തോ ബ്രീർത്തോ' തുടങ്ങിയവ നൽകുന്നതും.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠിപ്പിക്കൽ അനുസരിച്ചും പൗരസ്ത്യ കാനൻ നിയമസംഹിത അനുസരിച്ചും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രത്യേക നിയമങ്ങൾ അനുസരിച്ചും സഭൈക്യത്തിനായി പ്രവർത്തിക്കാനുള്ള നടപടികൾ കൈക്കൊള്ളുവാൻ കാതോലിക്കാബാവാ എന്നും പരിശ്രമിക്കുന്നുണ്ട്. കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ ഉൾപ്പെടാത്ത മലങ്കര സഭകളെയും "ഒരിടയനും ഒരു തൊഴുത്തു' മെന്ന ദൈവവചനമനുസരിച്ച് ആഗോളകത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ ഉൾച്ചേർക്കുന്നതിന് മലങ്കരസഭകളുടെ ഐക്യത്തിനായി പ്രവർത്തിക്കാനുള്ള നടപടികൾ കൈക്കൊള്ളുവാൻ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവന്മാർ എന്നും പരിശ്രമിച്ചിട്ടുണ്ട്. "മലങ്കര സഭയിലെ മറ്റു രണ്ടു കാതോലിക്കാമാർ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട് ഒരു സഭയാകുന്ന പക്ഷം തന്റെ കാതോലിക്കാസ്ഥാനം സ്ഥാനത്യാഗം ചെയ്ത് ആ സമയത്ത് നിയോഗിതനാകുന്ന കാതോലിക്കോസിന്റെ/പാത്രിയർക്കീസിന്റെ കീഴിൽ ഒരു മേല്പട്ടക്കാരനായി ശുശ്രൂഷ ചെയ്യാൻ തയ്യാറാണ്" എന്ന ഇപ്പോഴത്തെ മേജർ ആർച്ചുബിഷപ്പ് – കാതോലിക്കാബാവായുടെ പ്രസ്താവന സഭൈക്യപ്രവർത്തനങ്ങൾക്ക് ശ്രദ്ധേയമാണ്. ഇതുകൊണ്ട്, മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ കാതോലിക്കാ സ്ഥാനം ഐക്യത്തിന്റെ അടയാളമായി നിലകൊള്ളുന്നു എന്ന് നിസ്സംശയം പറയാം.

മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ മേജർ ആർച്ചുബിഷപ്പ് – കാതോലിക്കാബാവാ സാമൂഹിക-സാമ്പത്തിക ഉന്നമനത്തിനും രാജ്യത്തിന്റെ അഖണ്ഡതയ്ക്കുമായി പ്രവർത്തിക്കുന്നു. ഇതിന് അദ്ദേഹത്തിന് കടമയുണ്ട് എന്ന് CPCSMCC കാനോന 347 പ്രസ്താവിക്കുന്നു. ഈ മേഖലയിൽ സമഗ്രമായ സംഭാവനകൾ അദ്ദേഹത്തിനു നൽകാൻ സാധിക്കുന്നുണ്ട് എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ഇന്ത്യയിലെ National Integration Council ലിൽ അംഗമായി അദ്ദേഹത്തെ ഇന്ത്യൻ പ്രധാനമന്ത്രി നിയമിച്ചിരിക്കുന്നത്.

ഹൈയരാർക്കുകളെക്കുറിച്ചുള്ള പൗരസ്ത്യ കാനൻ നിയമസംഹിതയായ Cleri Sanctitati കാനോന 335/1 കാതോലിക്കാസ്ഥാനത്തെക്കുറിച്ച് പറയുന്നുണ്ട്. പാത്രിയർക്കീസിന്റെ അധികാരമുള്ള Major Archbishop ശീർഷകമുള്ളതും എന്നാൽ പാത്രിയർക്കീസിന്റെ അധികാരമുള്ളതുമായ സഭാധ്യക്ഷനാണ് കാതോലിക്കാബാവാ എന്നാണ് ഈ കാനോന പറയുന്നത്. പൗരസ്ത്യ കാനൻ നിയമസംഹിതയുടെ പരിഷ്കരണത്തിനായുള്ള ചർച്ചകളിൽ നിന്നും മനസ്സിലാവുന്നത്, വാക്കുകളുടെ വ്യക്തതയ്ക്കുവേണ്ടി മാത്രം മേജർ ആർച്ചുബിഷപ്പ് എന്ന് ഉപയോഗിച്ചിരിക്കുന്നു എന്നുള്ളതാണ്. അതായത് CCEO ൽ 'കാതോലിക്കോസ്' നെക്കുറിച്ചുള്ള പരാമർശം വരാതെ 'മേജർ ആർച്ചുബിഷപ്പ്' എന്നുമാത്രം പരാമർശിക്കാൻ കാരണം Terminological Clarity എന്നതുമാത്രമാണ്. ഇതിന്റെ ചർച്ചാവേളയിൽ Cleri Sanctitati യിലെ കാനോനകളുടെ പരിഷ്കരണ കമ്മിറ്റി (Coetus) യുടെ നിയന്ത്രിതാവ് "കാതോലിക്കോസ് സ്ഥാനം ഒരു വലിയ പാരമ്പര്യത്തിന്റെ ഭാഗമാണ്, അതുകൊണ്ട് നിലനിർത്താം" എന്ന് അഭിപ്രായപ്പെടുന്നുണ്ട്. ചില അംഗങ്ങളും ഇതിനെ അനുകൂ

www.malankaralibrary.com



ലിക്കുന്നുണ്ട്. പക്ഷേ നിർഭാഗ്യവശാൽ അത് ഒഴിവാക്കി. പാത്രിയർക്കീസിന്റെ അധികാരമുള്ളതും എന്നാൽ ആ ശീർഷകം നൽകപ്പെട്ടിട്ടില്ലാത്തതുമായ സഭാധ്യക്ഷനെ 'മേജർ ആർച്ചുബിഷപ്പ്' എന്ന് വിളിക്കാം എന്നും ഓരോ സഭയ്ക്കും പ്രത്യേക കാനോനകളാൽ ആ സഭകളുടെ എല്ലാ പാരമ്പര്യങ്ങളും പൈതൃകങ്ങളും സംരക്ഷിക്കപ്പെടാൻ സാധിക്കും എന്ന് നിർദേശിച്ചുകൊണ്ടാണ് ആ കമ്മിറ്റി ചർച്ച അവസാനിപ്പിക്കുന്നത്. അതുകൊണ്ട്, കാതോലിക്കോസ് എന്ന സ്ഥാനം CCEO യിൽ ഇല്ല എന്നുള്ളത് ഈ സ്ഥാനം ഉപയോഗിക്കുന്നതിന് തടസ്സമല്ല. മറിച്ച്, ഇത് പ്രത്യേക നിയമത്തിനുള്ള ഒരു അവസരം നൽകുകയാണ് ചെയ്തിരിക്കുന്നത്. മലങ്കര സുറിയാനി കത്തോലിക്കാസഭ അതിന്റെ തലവനും പിതാവുമായ മേജർ ആർച്ച്ബിഷപ്പിനെ സഭയുടെ പ്രത്യേക നിയമങ്ങൾ വഴി 'കാതോലിക്കാബാവാ' എന്ന് വിളിക്കുകയും ചെയ്യുന്നു. എങ്കിലും, അനേകം പൗരസ്ത്യ പാരമ്പര്യങ്ങളെ ബഹുമാനിച്ചിട്ടുള്ള പൗരസ്ത്യ കാനൻ നിയമസംഹിത ഹയരാർക്കിയെകുറിച്ച് പരാമർശിക്കുമ്പോൾ 'കാതോലിക്കോസ്' സംജ്ഞ നിലനിർത്തി സജീവമായ ക്രൈസ്തവ ജീവിത സാക്ഷ്യം നൽകുന്ന മലങ്കര സഭയുടെ ഒരു പരിപാവനമായ പൈതൃകത്തെ അവഗണിക്കുന്ന സാഹചര്യം ഒഴിവാക്കാമായിരുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് അതിന്റെ പാരമ്പര്യത്തിന് അന്യമായ ഒരു സംജ്ഞ സഭാജീവിതത്തിൽ സ്വീകരിക്കുന്നത് അതിന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കും. കാരണം, അതിനെ അതിന്റെ പൈതൃകത്തിൽനിന്നും വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ ഉപയോഗിക്കുന്നത് സഭ ഇല്ലാതാവുന്നതിന് തുല്യമാണ്.

### ഉപസംഹാരം

ആഗോള കത്തോലിക്കാസഭയുടെ പൈതൃകം എന്നുപറയുന്നത്, ഈ കൂട്ടായ്മയിലുള്ള മുഴുവൻ സഭകളുടേയും പൈതൃകങ്ങൾ ചേർന്നതാണ്. ഓരോ വ്യക്തിഗതസഭകളുടേയും പൈതൃകം എന്നത് വൈരുധ്യങ്ങളല്ല പകരം പരസ്പരപൂരകങ്ങളാണ്. ഓരോ സഭയുടേയും പ്രത്യേകനിയമങ്ങൾ അനുസരിച്ച് നിലനിൽക്കുന്ന 'സഭാതലവന്മാരുടെ ശീർഷകങ്ങൾ', കത്തോലിക്കാസഭയുടെ നിയമങ്ങളനുസരിച്ച്, ആഗോള കത്തോലിക്കാസഭയുടെ പൊതുപാരമ്പര്യത്തിന്റെ ഭാഗമാകുകയാണ്. അതുകൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 'മേജർ ആർച്ചുബിഷപ്പ് - കാതോലിക്കോസ്' ശീർഷകം ആഗോള കത്തോലിക്കാസഭയുടെ പൊതുസ്വത്തായി മാറിയിരിക്കുന്നു. ഇതിലും ഒരു പ്രത്യേകത നമുക്ക് കാണുവാൻ കഴിയുന്നത് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രത്യേക നിയമസംഹിത പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തോടെയാണ് വിളംബരം ചെയ്തിരിക്കുന്നത്. ഇപ്രകാരം പരിശുദ്ധ



സിംഹാസനത്തിന്റെ അംഗീകാരത്തോടെ പുറപ്പെടുവിച്ചിരിക്കുന്ന നിയമങ്ങൾക്ക് ആഗോളതലത്തിൽ പ്രാബല്യം ഉണ്ട്. മലങ്കര സുറിയാനി പാരമ്പര്യത്തിൽ സഭയുടെ പാത്രിയർക്കീസിന്റെ അധികാരത്തോടുകൂടിയ തലവന് നൽകാൻ 'കാതോലിക്കോസ്' എന്ന നൈയാമിക ശീർഷകമല്ലാതെ മറ്റൊരു നാമം ഇല്ല. അതുകൊണ്ട് മലങ്കരസുറിയാനി കത്തോലിക്കാസഭയുടെ തലവനും പിതാവും നൈയാമികമായി 'മേജർ ആർച്ചുബിഷപ്പ് - കാതോലിക്കോസ്' എന്നു വിളിക്കപ്പെടുന്നത് യോഗ്യവും യുക്തവുമാണ്.

●

www.malankaralibrary.com



# അനുസ്മരണം
# ഫാ. വർഗീസ് കിളിച്ചിമല



ഫാ. ചെറിയാൻ താഴമൺ

നൂറാം ജന്മദിനത്തിന്റെ നാളുകൾ പൂർത്തിയാക്കുന്ന ഈ വേളയിൽ ആ ജീവിതത്തെ അനുസ്മരിക്കുവാൻ ആഗ്രഹിക്കുന്നു. ഓർമ്മയിൽ മൂടൽമഞ്ഞ് പടരാതെ അക്ഷരങ്ങൾകൊണ്ട് അവയ്ക്ക് ജീവൻകൊടുക്കാൻ ഒരു എളിയ ശ്രമം.

## കുടുംബപശ്ചാത്തലം

സഭാകാര്യങ്ങളിലും സമുദായ കാര്യങ്ങളിലും താല്പര്യവും ആത്മീയ കാര്യങ്ങളിൽ തീക്ഷ്ണതയും പുലർത്തുന്നവരുടെ കുടുംബം. പാശ്ചാത്യ മിഷനറിമാരുടെ അജ്ഞതയിൽ നിന്നുളവായ ഇടപെടലിനെയും കൂനൻകുരിശ് സത്യത്തെയും തുടർന്നുടലെടുത്ത സഭാഭിന്നതയിൽ 'പുത്തൻകൂർ' വിഭാഗത്തിലും തദ്വാര യാക്കോബായ ഓർത്തഡോക്സ് സഭാ വിഭാഗത്തിലും ചെന്നുപെട്ട കുടുംബം. സഭയിൽ വന്നുഭവിച്ച ഭിന്നതയിൽ ഹൃദയം നൊന്തിരുന്നവരുടെ കുടുംബം. ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിലൂടെ സഫലമായ 1930 ലെ മലങ്കര പുനരൈക്യത്തിന്റെ മടിത്തട്ടിലേക്ക് ആവേശത്തോടെ കടന്നുവന്നവരുടെ കുടുംബം. ചെങ്ങരൂർ സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ മഹാ ഇടവകയുടെ രൂപീകരണത്തിനും വളർച്ചയ്ക്കും ത്യാഗപൂർവമായ പങ്കുവഹിച്ച കുടുംബം.

കിളിച്ചിമല കൊച്ചുപാപ്പി (വർഗീസ് ചാണ്ടി) തൈപ്പറമ്പിൽ കൊച്ചുപാപ്പി (എബ്രഹാം വർഗീസ്) എന്നീ സഹോദരപുത്രന്മാർ ചെങ്ങരൂർ പ്രദേ

ശത്തെ ആദ്യകാല പുനരൈക്യ പ്രേഷിതരായിരുന്നു. തൈപ്പറമ്പിൽ കൊച്ചുപാപ്പിയുടെ പറമ്പിൽ കെട്ടിയുണ്ടാക്കിയ താല്ക്കാലിക ഷെഡായിരുന്നു ചെങ്ങരൂർ സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയുടെ പ്രാരംഭ ഇടം. ചെങ്ങരൂർ ബഥനി മഠത്തിന്റെ തുടക്കവും തൈപ്പറമ്പിൽ കൊച്ചുപാപ്പിയുടെ ഭവനത്തിലായിരുന്നു എന്നറിയുമ്പോൾ കിളിച്ചിമല കുടുംബത്തിന്റെ പുനരൈക്യതീക്ഷ്ണതയ്ക്ക് വേറെ തെളിവു തേടേണ്ടതില്ല. തങ്ങളുടെ ഭവനത്തിൽ മഠം ആരംഭിച്ചതായിരിക്കാം തൈപ്പറമ്പിൽ കൊച്ചുപാപ്പിയുടെ രണ്ടു മക്കളെ ഭാവിയിൽ ബഥനി സന്ന്യാസിനികളാക്കാൻ പ്രേരിപ്പിച്ചത്. സിസ്റ്റർ തൈബൂസ് എസ്.ഐ.സി. (ബത്തേരി), സിസ്റ്റർ മരിയ ഗൊരേത്തി എസ്.ഐ.സി. (തിരുവല്ല) എന്നിവരാണവർ.

## ജനനവും വിദ്യാഭ്യാസവും

കിളിച്ചിമല കിഴക്കേപ്പുറത്ത് ശ്രീ. കൊച്ചിട്ടി വർഗീസിന്റെയും ശ്രീമതി അന്നമ്മ വർഗീസിന്റെയും സീമന്ത പുത്രൻ. 1925 മെയ് മാസം ഒന്നാം തീയതി തൊഴിലാളികളുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ ദിവസം ജനനം. ജ്ഞാനസ്നാനം ഓർത്തഡോക്സ് സഭയിൽ. കുടുംബപാരമ്പര്യം അനുസരിച്ച് വർഗീസ് എന്ന് മാമ്മോദീസാ പേര്. പ്രാഥമിക വിദ്യാഭ്യാസം കുന്നന്താനത്തും തിരുവല്ലയിലും. 1942 ൽ തിരുവല്ല മലയാളം സ്കൂളിൽ നിന്ന് ഹയർ പരീക്ഷ പാസ്സായി. തുടർന്ന് മല്ലപ്പള്ളി സി.എം.എസ്. ഹൈസ്കൂളിൽ പഠനം. 1945 ൽ ഉയർന്ന മാർക്കോടുകൂടി ഇ.എസ്.എൽ.സി. (ഇംഗ്ലീഷ് സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ്) പാസ്സായി.

## പുനരൈക്യവും ദൈവവിളിയും

മലങ്കര പുനരൈക്യത്തിന്റെ പ്രാരംഭ നാളുകളിൽ തന്നെ കിളിച്ചിമല കുടുംബം പുനരൈക്യസരണിയിലേക്ക് കടന്നുവന്നിരുന്നു. എപ്പോഴും വീട്ടിലെ പ്രധാന സംസാരവിഷയം പരിശുദ്ധ കത്തോലിക്കാസഭയും മാർ ഈവാനിയോസ് തിരുമേനിയും ബഥനിയും പുനരൈക്യ സംഭവവുമൊക്കെയായിരുന്നത് ബാലനായ വർഗീസിൽ സഭയെക്കുറിച്ചും പുനരൈക്യത്തെക്കുറിച്ചും വലിയ താല്പര്യം ജനിപ്പിച്ചത് സ്വാഭാവികം. ഭവനത്തിൽ നിറഞ്ഞു നിന്നിരുന്ന ആധ്യാത്മിക അന്തരീക്ഷവും സഭാതീക്ഷ്ണതയും വൈദികരോടുള്ള ബഹുമാനവും അടുപ്പവും യുവാവായ വർഗീസിൽ വൈദികജീവിതത്തോട് ആഭിമുഖ്യം ജനിപ്പിച്ചു. 1945 ൽ തിരുവല്ല ചെറുപുഷ്പഗിരി അരമനയോടനുബന്ധിച്ചുണ്ടായിരുന്ന മൈനർ സെമിനാരിയിൽ വൈദിക പഠനത്തിനു ചേർന്നു. റെക്ടർ ബഹു. ജോസഫ് ഏറ്റുമാനൂക്കാരൻ അച്ചന്റെ ശിക്ഷണത്തിൽ ഒന്നാം വർഷ പരിശീലനവും പിറ്റേവർഷം റെക്ടറായി നിയമിതനായ ഫാ. ജോസഫ് നിലപ്പന അച്ചന്റെ ശിക്ഷണത്തിൽ ഭാഷാപഠനവും പൂർത്തിയാക്കി.

## മേജർ സെമിനാരി പഠനവും വൈദികാഭിഷേകവും

രണ്ടു വർഷക്കാലത്തെ ആധ്യാത്മിക ശിക്ഷണത്തിനും ലത്തീൻ, സുറിയാനി, ഇംഗ്ലീഷ്, മലയാളം ഭാഷാപഠനത്തിനും ശേഷം തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിക്കുവാനായി ആലുവാ മംഗലപ്പുഴ വൈദിക സെമിനാരിയിൽ പ്രവേശനം നേടി. പണ്ഡിതരും പരിശുദ്ധരുമായ സ്പാനിഷ് കർമ്മലീത്താ സന്ന്യാസ വൈദികരുടെ പരിശീലനം ബ്രദർ വർഗീസിന്റെ യുക്തിബോധത്തെയും ദൈവശാസ്ത്രാഭിമുഖ്യത്തെയും ദൃഢപ്പെടുത്തി. പരിശുദ്ധന്മാരായ ഫാ. ഔറേലിയോസ് OCD, ഫാ. സഖറിയാസ് OCD എന്നിവരുടെ കീഴിൽ ലഭിച്ച പരിശീലനം വലിയ ഭാഗ്യവും പുണ്യവുമായാണ് അദ്ദേഹം കണ്ടിരുന്നത്. ബാല്യം മുതൽ ഉണ്ടായിരുന്ന സാഹിത്യവാസന പരിപോഷിപ്പിക്കുവാൻ വേണ്ടുവോളം അവസരങ്ങൾ സെമിനാരിയിൽ ലഭിച്ചു. എസ്.എച്ച്. ലീഗ് എന്ന പ്രസിദ്ധീകരണ വിഭാഗവും പ്രേഷിത കേരളം മാസികയും ജൂബിലി മെമ്മോറിയൽ പ്രസ്സും ഗുരുക്കന്മാരുടെ പ്രോത്സാഹനവും സാഹിത്യവളർച്ചയ്ക്ക് വലിയ വളമായി. പൗരസ്ത്യ തിരുസംഘത്തിന്റെ അധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ യൂജിൻ ടിസ്സറാങ് തിരുമേനിയുടെ കൈവയ്പ്പാൽ മംഗലപ്പുഴ സെമിനാരി ചാപ്പലിൽ വച്ച് 1953 ഡിസംബർ എട്ടാം തീയതി അമലോത്ഭവ മാതാവിന്റെ തിരുനാൾ ദിവസം വൈദിക പദവിയിലേക്ക് ഉയർത്തപ്പെട്ടു.

## ഇടവകകളിലെ ഇടയശുശ്രൂഷ

നവവൈദികൻ 1954 ജൂൺ മുതൽ 1955 ഏപ്രിൽ വരെ വാളകം, പുത്തൻകുരിശ്, കണ്ടനാട് മിഷനുകളിലും 1955 ഏപ്രിൽ മുതൽ 1960 ജൂൺ വരെ നെല്ലിമറ്റം, ചാത്തമറ്റം ഇടവകകളിലും ഇടയശുശ്രൂഷ നിർവഹിച്ചു. 1960 ജൂൺ മുതൽ 1962 ജൂലൈ വരെ തിരുമൂലപുരം ഇടവകയിൽ സഹപട്ടക്കാരനായിരുന്നു. ബി.എഡ് പഠനകാലത്ത് 1962 ജൂലൈ മുതൽ 1963 ഏപ്രിൽ വരെ തൃശൂർ മിഷനിലും പീച്ചി ഇടവകയിലും ശുശ്രൂഷ ചെയ്തു. 1963 മെയ് മാസം മുതൽ തിരുമൂലപുരം ഇടവകയിൽ താമസിച്ചുകൊണ്ട് വികാരിയെ സഹായിക്കുകയും സമീപ ഇടവകകളിൽ ശുശ്രൂഷ നടത്തുകയും ചെയ്തു. ബഹു. മാത്യു ചിറ്റക്കാട്ട് അച്ചന്റെ നിര്യാണത്തെ തുടർന്ന് ചുരുങ്ങിയ കാലം തിരുമൂലപുരം ഇടവകയിൽ വികാരിയുടെ ചുമതലകൾ നിറവേറ്റി. 1970 മുതൽ 1973 വരെ കുന്നന്താനം സെന്റ് ഫ്രാൻസിസ് അസ്സീസി ഇടവകയിൽ വികാരിയായും 1973 മുതൽ 1975 വരെ കല്ലിശ്ശേരി സെന്റ് തോമസ് പള്ളി വികാരിയായും തിരുമൂലപുരത്ത് താമസിച്ചുകൊണ്ട് സേവനം ചെയ്തു. 1975 മുതൽ 1979 ജൂൺ മാസം വരെ ചുങ്കപ്പാറ സെന്റ് ജോർജ് ഇടവക വികാരിയായിരുന്നു. കർമ്മലഗിരി

www.malankaralibrary.com

സെമിനാരിയിൽ താമസിച്ചുകൊണ്ട് 1979 മുതൽ 1986 വരെ കളമശ്ശേരി ഹോളി ട്രിനിറ്റി ഇടവക വികാരിയായും 1987 ൽ ആലുവ സെന്റ് ജോൺസ് പള്ളി പുനരുദ്ധരിച്ച് 1991 വരെ വികാരിയായും ചുമതല വഹിച്ചു. 1992 മുതൽ 1995 മെയ് 20 വരെ മാന്നാർ സെന്റ് മേരീസ് പള്ളി വികാരിയായും മാന്നാർ ബഥനി മഠം ചാപ്ലെയിനായും സേവനം ചെയ്തു. 1995 മെയ് 20 ന് ഇടവക കേന്ദ്രീകൃത ഇടയശുശ്രൂഷയിൽ നിന്ന് വിരമിച്ച് പുഷ്പഗിരി ക്ലെർജി ഹോമിൽ താമസിച്ചുകൊണ്ട് സാഹിത്യസേവനം തുടർന്നു. 2002 മാർച്ച് 17–ാം തീയതി ദിവംഗതനായി. 19–ാം തീയതി വിശുദ്ധ യൗസേപ്പ് പിതാവിന്റെ മരണത്തിരുനാൾ ദിവസം ചെങ്ങരൂർ സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയിലെ ചാപ്പലിൽ വൈദികർക്കു വേണ്ടിയുള്ള കബറിൽ സംസ്കരിച്ചു.

## അധ്യാപക ശുശ്രൂഷ

നവവൈദികനായിരുന്ന ബഹു. വർഗീസ് കിളിച്ചിമല വൈദിക ശുശ്രൂഷയുടെ ആദ്യനാളുകളിൽ സ്വന്തമായ പഠനത്തിലൂടെ ബിരുദം നേടി. അധ്യാപക ശുശ്രൂഷയോട് അദ്ദേഹത്തിനുണ്ടായിരുന്ന ആഭിമുഖ്യവും മലയാള ഭാഷയിലും സാഹിത്യത്തിലുമുണ്ടായിരുന്ന അഭിരുചിയും തിരിച്ചറിഞ്ഞ ബഹു. ഡൊമിനിക് കോയിക്കര അച്ചൻ ബഹു. കിളിച്ചിമല അച്ചനെ കോതമംഗലം സെന്റ് ജോർജ് ഹൈസ്കൂളിൽ അധ്യാപകനായി നിയമിച്ചു. അധ്യാപകവൃത്തിയുടെ കാര്യക്ഷമതയ്ക്ക് ട്രെയിനിംഗ് നേടാനായി അച്ചൻ 1962–63 അധ്യയന വർഷം തൃശൂർ സർക്കാർ ട്രെയിനിംഗ് കോളേജിൽ പഠിച്ച് ബി.എഡ് ബിരുദം നേടി. ബഹു. കിളിച്ചിമല അച്ചനിലെ അധ്യാപകകല തിരിച്ചറിഞ്ഞ തിരുവല്ല രൂപതാധികാരികൾ അദ്ദേഹത്തെ ഇരുവള്ളിപ്ര സെന്റ് തോമസ് ഹൈസ്കൂളിൽ അധ്യാപകനായി നിയമിച്ചു. ഈ കാലയളവിൽ അദ്ദേഹം സ്വന്തം പഠനത്തിലൂടെ മലയാളഭാഷയിലും സാഹിത്യത്തിലും ബിരുദാനന്തരബിരുദം കരസ്ഥമാക്കി. പതിനഞ്ചു വർഷക്കാലം ഇരുവള്ളിപ്ര സെന്റ് തോമസ് ഹൈസ്കൂളിലും തുടർന്ന് 1975 മുതൽ 1979 വരെ കോട്ടാങ്ങൽ സെന്റ് ജോർജ് സ്കൂളിലും അധ്യാപക ശുശ്രൂഷ നടത്തി. 1979 മെയ് 31 ന് സ്കൂളിൽ നിന്നു വിരമിച്ചു. അതേ വർഷം ജൂൺ മാസം മുതൽ ആലുവ കാർമ്മൽഗിരി പൊന്തിഫിക്കൽ സെമിനാരിയിലെ മലയാളം അധ്യാപകനായി ചുമതലയേറ്റു. 1993 വരെ അവിടെ ശുശ്രൂഷയിൽ തുടർന്നു. അദ്ദേഹത്തിൽ നിന്ന് മലയാള ഭാഷ അഭ്യസിച്ച നൂറുകണക്കിനു വൈദികർ ഇന്നു കേരളത്തിലെ വിവിധ രൂപതകളിൽ സീറോ മലബാർ, സീറോ മലങ്കര, ലത്തീൻ സഭകളിലും വിവിധ സന്ന്യാസ സമൂഹങ്ങളിലുമായി ശ്രേഷ്ഠമായ ശുശ്രൂഷ നിർവഹിക്കുന്നു.

## സാഹിത്യസേവനം

ബാല്യകാലം മുതൽ എഴുത്തിലും വായനയിലും പ്രസംഗത്തിലും അദ്ദേഹം വലിയ കമ്പം കാട്ടിയിരുന്നു. കൃഷിസ്ഥലത്തിന്റെ നടുക്ക് മറ്റാരും ശ്രദ്ധിക്കാത്ത സ്ഥലത്തുപോയി പ്രസംഗങ്ങൾ ഉറക്കെപ്പറഞ്ഞ് പരിശീലിക്കുക അദ്ദേഹത്തിന്റെ ബാല്യകാല വിനോദമായിരുന്നു. മല്ലപ്പള്ളി സി.എം.എസ്. ഹൈസ്കൂളിൽ പഠിക്കുമ്പോൾ 'സ്കൂൾ ബോയ്സ് ക്ലബി'ലെ സജീവ അംഗവും ഭാരവാഹിയുമായിരുന്നു. 'സ്കൂൾ മോണിട്ടർ' എന്ന സ്കൂളിലെ വാർഷിക പ്രസിദ്ധീകരണത്തിൽ കവിതകൾ രചിച്ചാണ് സാഹിത്യലോകത്തേക്കു കടന്നുവന്നത്. ഫിഫ്ത്ത് ഫോമിൽ പഠിക്കുമ്പോൾ 'മംഗളശ്ലോകവും' ബോയ്സ് ക്ലബ് ജയന്തി എന്നൊരു കവിതയും എഴുതി 'സ്കൂൾ മോണിട്ടറി'ൽ പ്രസിദ്ധീകരിച്ചു. സ്കൂൾ വാർഷിക സമ്മേളനത്തിൽ 'ആത്മവിലാപം' എന്ന കവിത സ്വന്തമായി എഴുതി അവതരിപ്പിച്ചത് അതിഥികളുടെയും അധ്യാപകരുടെയും ശ്രോതാക്കളുടെയും സഹപാഠികളുടെയും അഭിനന്ദനത്തിനർഹമായി. പിറ്റേ വർഷത്തെ വാർഷികത്തിൽ 'അന്നത്തെ ആഹാരം' എന്ന കവിത എഴുതി അവതരിപ്പിച്ചു. വാർഷിക സമ്മേളന ഉദ്ഘാടകനായി എത്തിയിരുന്ന ചങ്ങനാശേരി എസ്.ബി. കോളജ് പ്രിൻസിപ്പൽ ബഹു. വില്യം നേര്യംപറമ്പിൽ അച്ചൻ യുവകവിയെ മുക്തകണ്ഠം പ്രശംസിച്ചത് ഭാവിയിൽ അദ്ദേഹത്തിനു വലിയ പ്രചോദനമായി.

ചങ്ങനാശേരി അതിരൂപതയിലെ കുന്നന്താനം സെന്റ് ജോസഫ് ഇടവകയിലെ വികാരിയിൽ നിന്ന് വായനയ്ക്കായി ലഭിച്ചിരുന്ന 'കർമ്മലകുസുമം' മാസികയിലെ 'പ്രശ്നോത്തരി' പൂരിപ്പിച്ചയക്കുക വർഗീസിന്റെ പതിവായിരുന്നു. കെ.വി. വർഗീസ് കുന്നന്താനം എന്ന പേരിലായിരുന്നു ഉത്തരങ്ങൾ അയച്ചിരുന്നത്. അനേക പ്രാവശ്യം ശരിയായ ഉത്തരത്തിന് സമ്മാനങ്ങൾ ലഭിക്കുകയും പേര് മാസികയിൽ അച്ചടിച്ച് വരികയും ചെയ്തിട്ടുണ്ട്. പുസ്തകങ്ങളായിരുന്നു സമ്മാനമായി ലഭിച്ചിരുന്നത്. അതും വർഗീസിന്റെ വായനാശീലത്തിന് പ്രോത്സാഹനവും എഴുതാനുള്ള ശീലത്തിന് ഉത്തേജനവുമായി. സ്കൂൾ പഠനകാലത്തുതന്നെ 'കുസുമസഞ്ചയം' എന്നൊരു കവിതാസമാഹാരം എഴുതി തയ്യാറാക്കി. എന്നാൽ അന്നത് അച്ചടിച്ച് പ്രസിദ്ധീകരിക്കാൻ സാധിച്ചില്ല.

വൈദിക പരിശീലനത്തിനായി ആലുവ മംഗലപ്പുഴ സെമിനാരിയിൽ പ്രവേശനം ലഭിച്ചത് സാഹിത്യസേവനത്തിന് വലിയ സഹായമായി. സെമിനാരിയുടെ ഉടമസ്ഥതയിലുള്ള എസ്.എച്ച് ലീഗ് പ്രസിദ്ധീകരണശാലയും പ്രേഷിത കേരളം മാസികയും ജൂബിലി മെമ്മോറിയൽ അച്ചടിശാലയും തിരുത്തൽ നൽകി പ്രോത്സാഹിപ്പിക്കുന്ന അധ്യാപകരും അദ്ദേഹത്തിന്റെ തൂലികാ ശുശ്രൂഷയെ ശക്തിപ്പെടുത്തി.

www.malankaralibrary.com


സെമിനാരി പരിശീലനകാലത്ത് അനേകം കവിതകളും ലേഖനങ്ങളും എഴുതി പ്രസിദ്ധീകരിച്ചു. ഇതേ കാലത്ത് പ്രസംഗകലയിലും അദ്ദേഹം നന്നായി ശോഭിച്ചു. വൈദികാഭിഷേകത്തിന്റെ സ്മാരകമായി വിശുദ്ധ ജോൺ വിയാനിയുടെ ജീവചരിത്രം 1953 ഡിസംബറിൽ പ്രസിദ്ധീകരിച്ചു. അദ്ദേഹം ജീവിച്ചിരിക്കുമ്പോൾ തന്നെ പ്രസ്തുത ഗ്രന്ഥത്തിന്റെ ആറു പതിപ്പുകൾ പ്രസിദ്ധീകൃതമായി എന്നത് ഗ്രന്ഥത്തിനു ലഭിച്ച സ്വീകാര്യതയുടെ തെളിവാണ്.

യുവവൈദികനായ ഫാ. വർഗീസ് കിളിച്ചിമലയുടെ ആദ്യനിയമനം തിരുവല്ല സെന്റ് ജോസഫ് പ്രിന്റിംഗ് ഹൗസിന്റെ സഹചുമതലക്കാരനായിട്ടായിരുന്നു. പ്രസ്തുത നിയമനം ആറു മാസക്കാലത്തേക്കു മാത്രമായിരുന്നെങ്കിലും (1954 ജനുവരി - 1954 ജൂൺ) അത് അദ്ദേഹത്തിന്റെ സാഹിത്യ സേവനങ്ങൾക്ക് ദിശാസൂചകമായിരുന്നു. ഇരുപത്തിയഞ്ചിൽ അധികം ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ തൂലികയിൽ നിന്ന് ജന്മമെടുത്തിട്ടുണ്ട്. കവിത, ജീവചരിത്രം, ദൈവശാസ്ത്രം, സഭാശാസ്ത്രം, ബൈബിൾ വിജ്ഞാനീയം, കഥാപ്രസംഗം, ഖണ്ഡകാവ്യം, സംഭാഷണം, ഡയലോഗ്, സാഹിത്യലേഖനങ്ങൾ, നർമ്മം, ഹാസ്യം തുടങ്ങിയ വിവിധ സാഹിത്യ മേഖലകളിലെല്ലാം അദ്ദേഹത്തിന്റെ തൂലിക മികവു കാട്ടിയിട്ടുണ്ട്.

ക്രൈസ്തവ കാഹളം, ഐക്യദീപം, പ്രേഷിത കേരളം തുടങ്ങിയ മാസികകളിൽ സഭാബന്ധിയും സാഹിത്യപരവുമായ ലേഖനങ്ങളും പഠനങ്ങളും കവിതകളും അദ്ദേഹത്തിന്റെ തൂലികയിൽ നിന്ന് ധാരാളമായി വന്നിരുന്നു. ചേപ്പാട്ട് പീലിപ്പോസ് റമ്പാൻ ആരംഭിച്ച ക്രൈസ്തവ കാഹളം മാസിക പരിഷ്കരിച്ച് പ്രസിദ്ധീകരണമാരംഭിച്ചപ്പോൾ അദ്ദേഹം പത്രാധിപ സമിതിയിൽ അംഗമായി നിയമിക്കപ്പെട്ടു. “ക്രൈസ്തവ ഐക്യം” വിഷയം മാസികയിൽ കൈകാര്യം ചെയ്തിരുന്നത് അദ്ദേഹമായിരുന്നു. വൈദികപഠനകാലത്ത് തന്റെ സാഹിത്യാഭിരുചി വളർത്തുവാൻ സഹായിച്ച എസ്.എച്ച് ലീഗിന്റെ ഡയറക്ടറായും പ്രേഷിതകേരളം മാസികയുടെ മുഖ്യപത്രാധിപരായും ഒരു ദശകത്തിലധികം (1979-1992) അദ്ദേഹം പ്രവർത്തിച്ചു. 1997 ജനുവരിയിൽ (2-1-1997) “വിമല പ്രബന്ധാവലി” എന്നൊരു ദാർശനിക ദ്വൈവാരിക അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരണമാരംഭിച്ചു. അതിൽ പ്രസിദ്ധീകൃതമായ പല ലേഖനങ്ങളും അനുവാചകരുടെ അപേക്ഷ പരിഗണിച്ച് പിന്നീട് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

## ഉജ്ജ്വല വാഗ്മി

ഒരു കാലത്ത് കേരളത്തിൽ ഏറ്റവും തിരക്കുള്ള ബൈബിൾ കൺവൻഷൻ പ്രസംഗകൻ ബഹു. വർഗീസ് കിളിച്ചിമല അച്ചനായിരുന്നു. ബൈബിൾ ജ്ഞാനവും മലയാളഭാഷാ സ്വാധീനവും ശ്രോതാക്കൾക്ക് അദ്ദേഹത്തെ പ്രിയങ്കരനാക്കി. രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ സഭാവിജ്ഞാനീയവും സഭൈക്യദർശനവും ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യദർശനവും കോർത്തിണക്കി നൂറുകണക്കിന് വേദികളിൽ അദ്ദേഹം നടത്തിയിട്ടുള്ള പ്രസംഗങ്ങൾ ആയിരങ്ങളെ ആവേശഭരിതരാക്കിയിരുന്നു. മോൺ. തോമസ് വടശ്ശേരിക്കുശേഷം പ്രസംഗത്തിലൂടെയും രചനയിലൂടെയും മലങ്കരസഭയെ ഇത്രത്തോളം ധന്യമാക്കിയ വേറൊരാൾ മലങ്കരയിലുണ്ടായിട്ടില്ല. ആയിരത്തിത്തൊള്ളായിരത്തി അറുപതുകളിലും എഴുപതുകളിലും പുനരൈക്യവാർഷികാഘോഷങ്ങളോടനുബന്ധിച്ചുള്ള പഠനവേദികളിലെ സ്ഥിരം പ്രബന്ധാവതാരകനായിരുന്നു ബഹു. കിളിച്ചിമല അച്ചൻ. 1974 ൽ 44-ാം പുനരൈക്യവാർഷികം തിരുവല്ലയിൽ നടന്നപ്പോഴും (21-09-1974), 1978 ൽ 48-ാം പുനരൈക്യവാർഷികം റാന്നിയിൽ നടന്നപ്പോഴും (21-09-1978) നടത്തിയ സിമ്പോസിയങ്ങളിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത നേതൃത്വം കൊടുത്ത സഭൈക്യം ചരിത്രത്തിലെ മറ്റു പുനരൈക്യങ്ങളിൽ നിന്ന് വ്യത്യസ്തമാണെന്ന് അദ്ദേഹം അവതരിപ്പിച്ചത് ഇന്നും മനസ്സിൽ മിഴിവാർന്നു നിൽക്കുന്നു.

## ഹൃദയം നിറയെ മലങ്കര സഭയും ഡയലോഗും

അദ്ദേഹത്തിന്റെ ഹൃദയം നിറയെ മലങ്കര സഭയായിരുന്നു. മാർത്തോമ്മായുടെ മാർഗവാസികൾ ഒരു കൂട്ടായ്മയായി സുവിശേഷസാക്ഷ്യം നിർവഹിക്കുന്ന ദിനമാണ് അദ്ദേഹം കാണാൻ ആഗ്രഹിച്ച സ്വപ്നം. 1653 ലെ കൂനൻകുരിശിൽ ആരംഭിച്ച ഭിന്നത ദൈവപദ്ധതിയിൽ പര്യവസാനിക്കാൻ 1930 ൽ വഴിതുറന്നിട്ടും ഭിന്നത തുടരുന്നതിലായിരുന്നു അദ്ദേഹത്തിന്റെ മനോവേദന. ഈ പശ്ചാത്തലത്തിൽ അദ്ദേഹം വിശുദ്ധ ഗ്രന്ഥവും സഭാപിതാക്കന്മാരുടെ പഠനങ്ങളും സഭാചരിത്രവും വീണ്ടും പഠനവിഷയമാക്കി. സത്യം പകൽപോലെ വ്യക്തമായിട്ടും അസത്യത്തിന്റെ അന്ധകാരം സൃഷ്ടിച്ച് സ്വാർത്ഥതയുടെയും അധികാരക്കൊതിയുടെയും പൂരണത്തിനായി വിശ്വാസസമൂഹത്തെ വിഭജിക്കുന്നവർക്കെതിരെ അദ്ദേഹം ജ്വലിക്കുന്നുണ്ട്. ഭിന്നത നിലനിർത്തി അധികാരം ആസ്വദിക്കാൻ വേണ്ടി ദൈവവചനവും ചരിത്രവും വികലമാക്കി അവതരിപ്പിക്കുന്നവർക്കെതിരെ അദ്ദേഹത്തിന്റെ തൂലിക ചലിക്കുന്നുണ്ട്.

സംവാദവും സംഭാഷണവും വഴി സത്യം ഗ്രഹിക്കാൻ ശ്രമിക്കണമെന്നാണദ്ദേഹത്തിനു പറയാനുള്ളത്. രണ്ടാം വത്തിക്കാൻ സുന്നഹദോസ് ഉയർത്തിക്കാട്ടിയ ‘ഡയലോഗി’ന്റെ മാർഗം അവലംബിക്കാൻ എല്ലാവരെയും അദ്ദേഹം ആഹ്വാനം ചെയ്യുന്നു. എക്യുമെനിസത്തെക്കുറിച്ച് വിശദീകരിക്കാനും എക്യുമെനിസ ചിന്തകളെ പങ്കുവച്ചിട്ടുള്ള ചിന്തകരെ അവതരിപ്പിക്കാനും എക്യുമെനിസത്തിന്റെ വഴികൾ

www.malankaralibrary.com



പിന്തുടർന്ന വ്യക്തികളെ വരച്ചുകാട്ടാനും ഗ്രന്ഥങ്ങളിലുടനീളം അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. 'ഡയലോഗ്' കൊണ്ട് ഒരുവൻ ജയിക്കുകയോ തോൽക്കുകയോ ചെയ്യുന്നില്ല. എന്നാൽ അപരനെപ്പറ്റിയുള്ള അഗാധമായ അറിവു നൽകുന്നതുകൊണ്ട് സംവാദം ഒരുവനെ പൂർവാധികം സമ്പന്നനാക്കുന്നു. പരസ്പരമുള്ള ഈ ധാരണ ഗാഢസ്നേഹത്തെ ഉദിപ്പിക്കുന്നു. സ്നേഹത്തിന്റെ ഐക്യം പടുത്തുയർത്തുന്ന ബലിഷ്ഠമായ അടിത്തറയിൽ മാത്രമേ സത്യത്തിന്റെ ഐക്യം നിലനിൽക്കുകയുള്ളൂ. 'ആദ്യം സ്നേഹത്തിന്റെ ഐക്യം, തുടർന്നു സത്യത്തിന്റെ ഐക്യവും' (എക്യുമെനിസം, പുറം 173). ഡയലോഗിന്റെ പാതയിലൂടെ ചരിച്ച് മലങ്കര നസ്രാണികൾ ഒരു കൂട്ടായ്മയായി സുവിശേഷ സാക്ഷ്യം നിറവേറ്റുന്ന ദിനമായിരുന്നു അദ്ദേഹത്തിന്റെ പ്രാർത്ഥനയുടെയും പ്രസംഗങ്ങളുടെയും രചനകളുടെയും ലക്ഷ്യം.

## സമാപ്തി

ആധ്യാത്മിക അന്തരീക്ഷവും സഭാസ്നേഹവും സദാ നിറഞ്ഞുനിന്നിരുന്ന കുടുംബത്തിലെ ജനനവും പുനരൈക്യത്തിലൂടെ പരിശുദ്ധ കത്തോലിക്കാ സഭാ കൂട്ടായ്മയിലെത്തിയതിന്റെ മാധുര്യവും പരപ്പാർന്ന വായനയിലൂടെയും പഠനത്തിലൂടെയും ചിന്തയിലൂടെയും രൂപപ്പെട്ട ആഴമായ അറിവും ശരാശരി മനുഷ്യർ കാണുന്നതിലുപരി കാര്യങ്ങളെ കാണുവാനാദ്ദേഹത്തെ പ്രാപ്തനാക്കി. തെളിഞ്ഞ ചിന്തയും വിട്ടുവീഴ്ചയില്ലാത്ത ധർമപക്ഷപാതവും ആദർശങ്ങളെയും സത്യത്തെയും ഒരിക്കലും ഒറ്റിക്കൊടുക്കാത്ത തൂലികയും അദ്ദേഹത്തിന്റെ പ്രത്യേകതകളായിരുന്നു. ഇടവകകളിലെ ഇടയശുശ്രൂഷയും പാഠശാലകളിലെ അധ്യാപക ശുശ്രൂഷയും നൂറുകണക്കിന് വേദികളിലെ പ്രസംഗങ്ങളും പ്രബന്ധാവതരണങ്ങളും, വീണുകിട്ടുന്ന സമയവുമെല്ലാം വായനയും ഗ്രന്ഥരചനയും വിശ്രമമറിയാതുള്ള പ്രേഷിത ശുശ്രൂഷ. ആർഭാടം അശേഷം തീണ്ടാത്ത ജീവിതം. കൈയിൽ കിട്ടിയ പണമത്രയും സഭയുടെ സുവിശേഷ ശുശ്രൂഷയ്ക്കായി പ്രത്യേകിച്ച് പുസ്തക പ്രസാധനത്തിനുവേണ്ടി വ്യയം ചെയ്ത് നിസ്വനായി ഭൂമിവിട്ട് സ്വർഗം തേടി പോയ ആചാര്യൻ.

തൊഴിലാളികളുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ ദിനത്തിൽ ജനനം (1-5-1925) പരിശുദ്ധ ദൈവമാതാവിന്റെ അമലോത്ഭവ തിരുനാൾ ദിനത്തിൽ വൈദികാഭിഷേകം (8-12-1953) വിശുദ്ധ യൗസേപ്പ് പിതാവിന്റെ മരണത്തിരുനാൾ ദിവസം ഭൗതികശരീരം കബറടക്കം (19-03-2002). ദൈവം കൂടെനടന്ന ആചാര്യൻ.

●

കവിത

# ക്രിസ്തുവിനൊപ്പം ഉയിർക്കേണം

ഓർക്കുന്നു ഞാൻ എൻ യേശുവിനെ
മറക്കില്ല ഞാനാ നൊമ്പരങ്ങൾ
കുരിശിൽ പിടഞ്ഞ ജീവൻ
എനിക്കായ് നൽകിയ സമ്മാനം
(ഓർക്കുന്നു...)

നോമ്പിൽ ഞാനൊരു ഗുരുവാകണം
നാവിൽ നിറയണം തിരുവചനങ്ങൾ
കൈകൾ ചൊരിയണം നന്മകളെന്നും
ആത്മാവിൽ കരുതണം നിറദീപങ്ങൾ
(ഓർക്കുന്നു...)

ദിനങ്ങൾ ഓരോന്നായ് കൊഴിയുമ്പോൾ
എളിമയിൽ നാമെത്തിച്ചേരേണം
അമ്പതുനോമ്പിൻ അന്ത്യത്തിൽ - നമ്മൾ
ക്രിസ്തുവിനൊപ്പം ഉയിർക്കേണം
(ഓർക്കുന്നു...)



**അനിയൻ ഞാഴിശ്ശേരിൽ**
**പായിപ്പാട്**

www.malankaralibrary.com



Patron
H.B. Moran Mor Baselios Cardinal Cleemis Major Archbishop-Catholicos

മലങ്കര സുറിയാനി കത്തോലിക്കാ സഭ
സിനഡൽ കമ്മീഷൻ ഫോർ ഫാമിലി


# കുടുംബവിളക്ക്

ഏപ്രിൽ 2025 ലക്കം - 4




## മുഖമൊഴി

## അനുഗ്രഹ മൊഴി



## കുടുംബവും ആനുകാലിക പ്രതിസന്ധികളും








Editorial Board


Patron
H.B. Moran Mor Baselios Cardinal Cleemis Major Archbishop-Catholicos

H. E. Youhanon Mor Theodosius
(Chairman, Family Commission)

Editor
Rev. Fr. Mathew Arackal (Saji)
(Secretary, Family Commission)

Mr. C. D Varghese Machuvelil
(Member, Family Commission)

www.malankaralibrary.com



# സ്വർഗ്ഗപ്രവേശനത്തിന്റെ അൻപതാം വാർഷികം

## ഫാ. ജോർജ് തൈക്കടവിൽ



റ്റി. ജി. ജോർജ് തൈക്കടവിൽ

വളഞ്ഞവട്ടത്ത് പ്രസിദ്ധമായ തൈക്കടവിൽ തറവാട്ടിൽ ഇട്ടിയവിരാ കുരുവിളയുടെ പ്രഥമ പുത്രനായ മൂന്നാംതലമുറയിലെ തൈക്കടവിൽ പുത്തൻവീട്ടിൽ കുരുവിള ഇട്ടിയവിരായുടേയും കായംകുളത്ത് കിളിയിലേത്ത് കുടുംബാംഗ മായ ആച്ചിയമ്മയുടേയും മക്കളാണ് തൈക്ക ടവിൽ പുത്തൻവീട്ടിൽ നാലാം തലമുറയിലെ നാല് ആൺമക്കളും അഞ്ച് പെൺമക്കളും. അതിൽ നാലാമനാണ് ഫാ. ജോർജ് തൈക്ക ടവിൽ.

ഫാ. ജോർജ് തൈക്കടവിൽ 28.01.1895 ൽ ജനിച്ചു. ജോർജ് തൈക്കടവിലച്ചൻ നാൽക്കോ ലയ്ക്കൽ തോമ്പിലേത്ത് ഉമ്മച്ചന്റെ രണ്ടാ മത്തെ മകൾ മറിയാമ്മയെ വിവാഹം ചെയ്തു ജീവിത സഖിയാക്കി. അവർക്ക് നാല് ആൺമ ക്കളും രണ്ടുപെൺമക്കളും ജനിച്ചു. അതിൽ കുഞ്ഞുമോൾ എന്ന മകൾ 4-ാം വയസ്സിൽ മരി ക്കുകയും മേരി എന്ന മകൾ (19.02.1934) തിരു വല്ല രൂപതയിലെ കന്യാസ്ത്രീ മഠത്തിൽ ചേർന്ന് സി. മരിയറ്റാ എസ്.ഐ.സി. എന്ന പേര് സ്വീകരിച്ച് തിരുവല്ല രൂപതയുടെ വിവിധ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുകയും ചെയ്തു. അവസാനം തിരുവല്ല തിരുമൂലപുരം ബഥനി മഠത്തിൽ വച്ച് 10.11.2016 ൽ 82-ാം വയ സ്സിൽ ദിവംഗതയായി.

റ്റി.ജെ. എബ്രഹാം (06.11.1920), റ്റി.ജെ. കോശി (23.11.1923), ജോസഫ് ജി. തൈക്കട വിൽ (07.05.1937), റ്റി. ജി. ജോർജ് തൈക്കട വിൽ (26.05.1945) എന്നിവർ പുത്രന്മാരാണ്.

1895 ൽ ജനിച്ച തൈക്കടവിലച്ചനെ കുടും ബദൈവാലയമായ സെന്റ് മേരീസ് യാക്കോ ബായ ചർച്ചിൽ സ്ഥിരമായി കുർബാനയർപ്പി ക്കുവാൻ ഒരു വൈദികൻ വേണമെന്നുള്ള തീരു മാനം അനുസരിച്ച് വൈദികനാക്കാൻ ഒരുക്കി വളർത്തി പഠിപ്പിച്ച് 1926 ൽ വൈദികനായി (സെന്റ് മേരീസ് യാക്കോബായ ദൈവാലയം, പുളിക്കീഴ്) ഈ ദൈവാലയത്തിൽ നിയമിക്കു കയും 1930 സെപ്റ്റംബർ വരെ ഇവിടെ വൈദി കനായി തുടരുകയും ചെയ്തു.

**രൂപതയ്ക്കു മുമ്പേ രൂപംകൊണ്ട നെടുമ്പ്രം മലങ്കര കത്തോലിക്കാ ദൈവാല യവും പുനരൈക്യവും**

ആ കാലഘട്ടത്തിലാണ് 1930 സെപ്റ്റംബർ 20 ന് ധന്യൻ മാർ ഈവാനിയോസ് തിരുമേനി യുടെ പുനരൈക്യവും മലങ്കരസഭയുടെ പുന രൈക്യവും. പുനരൈക്യത്തിന്റെ ഈറ്റില്ലം മദ്ധ്യതിരുവിതാംകൂറിന്റെ സാംസ്കാരിക തല സ്ഥാനമായ തിരുവല്ലയായിരുന്നു. ധന്യൻ മാർ

www.malankaralibrary.com


**ഒന്ന്,** തൈക്കടവിലച്ചനും കുടുംബവും **രണ്ട്,** തൈക്കടവിൽ അച്ചന്റെ മൂത്ത സഹോദരനായ നെടുമ്പ്രത്ത് തൈക്കടവിൽ ഇട്ടിയവിരാ മാത്യുവിന്റെ (1877–1921) മക്കളായ കുര്യനും ജോർജും. ഇതിൽ കുര്യന്റെ സ്ഥലമാണ് തൈക്കടവിലച്ചൻ ദൈവാലയത്തിനായി വാങ്ങിയത്. അതിനുശേഷം അവർ കാരയ്ക്കൽ താമസമാക്കി. ഇടവക ഇപ്പോഴും നെടുമ്പ്രം ദൈവാലയമാണ്. ശ്രീ. കുര്യനെ അടക്കിയതും ഈ ദൈവാലയത്തിൽ തന്നെയാണ്. ജോർജ് എന്ന മകൻ പുനലൂരാണ് താമസം. **മൂന്ന്,** തൈക്കടവിലച്ചന്റെ രണ്ടാമത്തെ ജ്യേഷ്ഠ സഹോദരനായ ഇട്ടിയവിരാ ചെറിയാനും കുടുംബവും (മോശ) (1885–1972).

ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ കൂടെ പുനരൈക്യപ്പെട്ട ചേപ്പാട്ട് പുത്തൻവീട്ടിൽ പീലിപ്പോസ് റമ്പാച്ചന്റെ കുടുംബത്തിൽനിന്നും പീലിപ്പോസിന്റെ മകൾ മറിയാമ്മയെയാണ് മോശ വിവാഹം ചെയ്തത്. അവർക്ക് രണ്ട് ആൺമക്കൾ. മൂത്ത മകനായ റ്റി. സി. എബ്രഹാം (പാപ്പച്ചൻ – 1923–2016) പിതാവിന്റെ കൂടെ നെടുമ്പ്രത്ത് ആറിന്റെ തീരത്തുള്ള ഭവനത്തിലാണ് താമസം. അടക്കിയത് ഈ ദൈവാലയത്തിൽ തന്നെ. രണ്ടാമത്തെ മകൻ ഫിലിപ്പോസ് ഫിലിപ്പ് (1929–2005) കുടുംബസമേതം തൃശ്ശൂർ ചുവന്നമണ്ണിലാണ് സ്ഥിരതാമസം. **നാല്,** വാണിയപുരയ്ക്കൽ കൊച്ചിട്ടി ജോസഫ് (31.01.1894 – 17.01.1953). രണ്ട് ആൺമക്കൾ, സ്കറിയാച്ചനും പാപ്പച്ചനും. **അഞ്ച്,** മത്തായി വർഗീസ് തയ്യിൽ വിലങ്ങുപറമ്പിൽ (20.04.1931 പുനരൈക്യം 20.09.1975 മരണം).

ഈ അഞ്ചു കുടുംബങ്ങളാണ് 1931 ഏപ്രിൽ 20–ാം തീയതി ഒന്നിച്ച് പുനരൈക്യപ്പെട്ടത്. ഇവരെല്ലാം വളരെ ശക്തമായി പ്രയത്നിക്കുകയും കഷ്ടപ്പെടു



ഈവാനിയോസ് തിരുമേനിയോട് വളരെ അടുത്ത ബന്ധം ഉണ്ടായിരുന്നതിനാൽ പിതാവിന്റെ പുനരൈക്യത്തെ തുടർന്ന് ജോർജ് തൈക്കടവിലച്ചനും പുനരൈക്യത്തിന്റെ പ്രചോദനം പിതാവിലൂടെയുണ്ടാകുകയാണ് ചെയ്തത്.

ജോർജ് തൈക്കടവിലച്ചന്റെ പിതൃസഹോദരപുത്രിയാണ് മാർ ഈവാനിയോസ് തിരുമേനിയുടെ സഹോദരൻ മത്തായി പണിക്കരുടെ ഭാര്യ ഏലിയാമ്മ തൈക്കടവിൽ. തൈക്കടവിലച്ചന്റെ പിതൃസഹോദരന്റെ കൊച്ചുമകനാണ് മലങ്കര സഭയിലെ ഫാ. ഗബ്രിയേൽ ഒ.ഐ.സി. അച്ചൻ. ആലംതുരുത്തി ഇടവകാംഗമാണ് (1924–2006). തൃപ്പാദം ആശ്രമത്തിന്റെ സ്ഥാപകനായ അച്ചൻ തിരുവനന്തപുരം നാലാഞ്ചിറ ബഥനി ആശ്രമ സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു.

ജോർജ് തൈക്കടവിലച്ചൻ സ്വന്തം സഭയായ യാക്കോബായ സഭയിലും സ്വന്തം കുടുംബദൈവാലയത്തിലും സേവനമനുഷ്ഠിക്കുന്ന കാലഘട്ടത്തിലാണ് തിരുവല്ല–എടത്വ റൂട്ടിൽ പമ്പാനദിയുടെ തീരത്ത് നെടുമ്പ്രം വാളകത്തി തോടിന് സമീപം പുതിയ ഒരു ദൈവാലയത്തിനുള്ള പണി ആരംഭിക്കുന്നത്.

ആ സ്ഥലം അച്ചന്റെ മൂത്ത സഹോദരനായ നെടുമ്പ്രത്ത് തൈക്കടവിൽ ഇട്ടിയവിരാ മാത്യുവിന്റെ മകനായ കുര്യന്റെ കൈയിൽനിന്നും ആദ്യം നാല് സെന്റ് സ്ഥലം വിലയ്ക്കുവാങ്ങി സ്വന്തം ചിലവിൽ അവിടെ മനോഹരമായ ഒരു ചാപ്പലും ഒരു മുറിയും പണിതു. അക്കാലങ്ങളിൽ അത് അപൂർവ്വമായിരുന്നു. സെന്റ് ജോർജിന്റെ നാമധേയത്തിലാണ് അത് അറിയപ്പെട്ടിരുന്നത്. ആ കാലങ്ങളിൽ തൈക്കടവിൽ അച്ചൻ ആലംതുരുത്തി മലങ്കര കത്തോലിക്കാ ദൈവാലയത്തിലും ദിവ്യബലിയർപ്പിക്കുവാൻ പോകുമായിരുന്നു.

ധന്യൻ മാർ ഈവാനിയോസിന്റെ ചരിത്രപ്രസിദ്ധമായ പുനരൈക്യത്തിന്റെ 6–ാം മാസം 1931 ഏപ്രിൽ 20–ാം തീയതി പുതുഞായറാഴ്ച ഫാ. ജോർജ് തൈക്കടവിൽ പുനരൈക്യത്തിന്റെ മുന്നണിയിൽ അണിചേർന്നു. അച്ചന്റെ 36–ാം വയസ്സിലാണ് പുനരൈക്യപ്പെടുന്നത്. അച്ചനോടൊപ്പം അച്ചന്റെ കുടുംബത്തിൽ നിന്നും അച്ചന്റെ രണ്ടു സഹോദരങ്ങളും പുനരൈക്യപ്പെട്ടു. കൂടാതെ കൊച്ചിട്ടി ജോസഫ് വാണിയപുരയ്ക്കലും മത്തായി വർഗീസ് തയ്യിൽ വിലങ്ങുപറമ്പിലും ഇങ്ങനെ ആകെ അഞ്ച് കുടുംബങ്ങളാണ് 1931 ഏപ്രിൽ 20–ാം തീയതി പുനരൈക്യപ്പെട്ടത്.

www.malankaralibrary.com

കയും സഹകരിക്കുകയും ചെയ്തതുകൊണ്ടാണ് അന്ന് ആ ദൈവാലയം അവിടെ പണിയുവാൻ സാധിച്ചത്. അതിനുശേഷം കാലക്രമേണ കൂടുതൽ പുനരൈക്യങ്ങൾ നടന്നു. ഇടവക ശക്തമായി.

താൻ വിശ്വാസത്തിൽ വളരുകയും വൈദികപട്ടം സ്വീകരിക്കുകയും ചെയ്ത യാക്കോബായ സഭയും വികാരിയായിരുന്ന കുടുംബ ദൈവാലയവും ഇടവകാംഗങ്ങളേയും മറ്റുള്ള കുടുംബാംഗങ്ങളേയും വിട്ട് മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ ചേർന്നതിന്റെ പേരിൽ സ്വജനങ്ങളും സഭാംഗങ്ങളും ശത്രുക്കളായി മാറി. നേർക്കുനേരെ വന്നാൽ പോലും പുഞ്ചിരിക്കാത്ത അവസ്ഥ. ഒരു തരം ഊരുവിലക്കുതന്നെയാണ് നേരിടേണ്ടി വന്നത്.

കുടുംബത്തിൽ നിന്നും നൈസർഗികമായി ആർജ്ജിച്ച ധീരതയോടെ പ്രതിസന്ധികളെ നേരിടാൻ അദ്ദേഹത്തിന് കഴിഞ്ഞു. കൂടാതെ നെടുമ്പ്രത്തുള്ള സഹോദരങ്ങളുടെ സഹകരണവും ഒരു ധൈര്യമായിരുന്നു. ആയതിനാൽ എല്ലായിടത്തും ശാന്തതയോടും സൗമ്യതയോടും ഇടപെടാൻ സാധിച്ചു.

മലങ്കര സുറിയാനി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു എന്ന ഒറ്റക്കാരണത്താൽ പൊതുസമൂഹത്തിൽ നിന്ന് വളരെയേറെ ക്ലേശങ്ങളും ബുദ്ധിമുട്ടുകളും അനുഭവിക്കേണ്ടിവന്നു. ആറിന് അക്കരെയുള്ള വീട്ടിൽനിന്നും ഇക്കരെയുള്ള ആരാധനാലയത്തിൽ സ്വന്തമായി വള്ളം തുഴഞ്ഞ് ഓരോ പ്രഭാതത്തിലും വന്ന് ദിവ്യബലിയർപ്പിക്കുമായിരുന്നു. ആറിന് ഇക്കരെയുള്ള സഹോദരൻ മോശയുടെ ഭവനം ഒരു ഇടക്കാലാശ്വാസമായിരുന്നു.

ആയിടയ്ക്ക് ഇടവകാംഗങ്ങളിൽ ഒരാൾ മരണമടഞ്ഞതിനെ തുടർന്ന് പള്ളിക്ക് സമീപം മൃതശരീരം സംസ്കരിക്കേണ്ടി വന്നു. ശ്മശാനം ഇല്ലാത്ത സ്ഥലത്ത് മൃതസംസ്കാരം നടത്തിയതിന്റെ പേരിൽ എതിരാളികൾ അച്ചനെതിരെ ആലപ്പുഴ കോടതിയിൽ കേസു നൽകി. കേസിൽ പ്രതിയാക്കപ്പെട്ട അച്ചന് ഒരു ദശകത്തിലേറെക്കാലം കോടതിയിൽ കയറിയിറങ്ങേണ്ടി വന്നു. സഹജമായ ധീരതയോടെ ഒരു പ്രേഷിതന്റെ ഭാഗധേയം അദ്ദേഹം ഏറ്റുവാങ്ങി.

തിരുവല്ല രൂപതയുടെ പ്രഥമാദ്ധ്യക്ഷൻ പുണ്യശ്ലോകനായ അഭി. യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെയും പിന്നീട് ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെയും പിന്തുണയോടെ ആ പ്രതിസന്ധികളെ അച്ചൻ തരണം ചെയ്തു. അച്ചനുവേണ്ടി കോടതിയിൽ കേസ്സ് വാദിച്ചത് അഡ്വ. വർഗീസ് കണ്ണന്താനം ആയിരുന്നു.

സെമിത്തേരി ശ്മശാനം അനുവദിച്ചു കിട്ടുന്നതിനും പള്ളി പുതുക്കി പണിയുന്നതിനുമുള്ള അനുമതിക്കുവേണ്ടി സർ. സി.പി. യുടെ ഭരണ കാലത്ത് ഏറെ ക്ലേശിക്കേണ്ടി വന്നു. ഒരായുസ്സിന്റെ കഷ്ടപ്പാട് ഏറ്റെടുത്ത് ബഹു. ജോർജച്ചൻ ഇവയ്ക്കു രണ്ടിനും അനുമതി നേടിയെടുത്തു.

1954 ൽ പള്ളിയുടെ സമീപമുള്ള 23 സെന്റ് സ്ഥലം കൂടി തൈക്കടവിൽ കുരുവിള കുര്യനിൽ നിന്നും വിലയ്ക്കുവാങ്ങി. 1931 ൽ ഇടവക സ്ഥാപിതമായി. 1945 ൽ സെമിത്തേരിക്കും പള്ളിക്കുമുള്ള അനുവാദം ഭരണതലത്തിൽ നിന്നും ലഭിച്ചു. 1931 ൽ പണിത ചാപ്പൽ പൊളിച്ച് 1955 ൽ പുതിയതായി വാങ്ങിയ 23 സെന്റ് സ്ഥലത്തിൽ പുതിയതായി പള്ളി പണിതു. ഇതോടൊപ്പം ഒരു കുരിശടിയും നിർമ്മിച്ചു. 1955 ൽ പുനർനിർമ്മിച്ച പള്ളിയുടെ കൂദാശകർമ്മം അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസ്യോസ് പിതാവാണ് നിർവ്വഹിച്ചത്. 1956 ൽ പള്ളിയുടെ പടിഞ്ഞാറുവശത്തുള്ള 16 സെന്റ് സ്ഥലം സ്വാമി വിലാസം ലക്ഷ്മിയുടെ കൈയിൽ നിന്നും വാങ്ങി. അവിടെയാണ് ഇപ്പോൾ ഓഡിറ്റോറിയം സ്ഥിതിചെയ്യുന്നത്. 1960 ൽ വൈദിക മന്ദിരവും നിർമ്മിച്ചു.

1931 ഏപ്രിൽ സെന്റ് ജോർജ്ജിന്റെ നാമധേയത്തിൽ അറിയപ്പെട്ടിരുന്ന ദൈവാലയം 1955 ൽ ആഗോള വിൻസെന്റ് ഡി പോൾ സംഘടനയുടെ സാമ്പത്തികസഹായം കൊണ്ട് പുനർനിർമ്മാണം നടത്തവേ സെന്റ് വിൻസെന്റ് ഡി പോൾ ചർച്ച് എന്ന പേരിൽ സെന്റ്




വിൻസെന്റ് ഡി പോളിനെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായി പുനഃപ്രതിഷ്ഠിച്ചു.



1954-1956 വരെ തൈക്കടവിലച്ചനെ സഹായിക്കാനായി ഫാ. ജോർജ് ചുണ്ടേവാലേൽ നിയമിതനായി. ദൈവാലയത്തിന്റെ പണി നടക്കുമ്പോൾ അച്ചൻ പ്രധാന പങ്കുവഹിച്ചു. തിരുവല്ല അതിരൂപതയുടെ അഞ്ചാമത്തെ മെത്രാപ്പോലിത്തയായ ഗീവർഗീസ് മാർ തിമോത്തിയോസ് എന്ന പേരിൽ പിന്നീട് അദ്ദേഹം അഭിഷിക്തനായി.

തൈക്കടവിലച്ചനുശേഷം ചുണ്ടേവാലേലച്ചനെ ഔദ്യോഗികമായി 1956-1963 വരെ ആദ്യത്തെ ഇടവകവികാരിയായി നിയമിച്ചു. എങ്കിലും തൈക്കടവിലച്ചൻ 1968 വരെ എല്ലാ ദിവസവും രാവിലെ 7 മണിക്കുള്ള ദിവ്യബലി മുടങ്ങാതെ ഇവിടെ വന്ന് അർപ്പിക്കുമായിരുന്നു. പിന്നീട് അമിച്ചകരി പള്ളിയിലും തലവടി പള്ളിയിലും ദിവ്യബലിയർപ്പിക്കുമായിരുന്നു.

ശാരീരികാസ്വാസ്ഥ്യം മൂലം 1968 മുതൽ 1975 വരെ സ്വഭവനത്തിൽ ചാപ്പലുണ്ടാക്കി അവിടെ ദിവ്യബലിയർപ്പിച്ചു. 80-ാം വയസ്സിൽ നിത്യസമ്മാനത്തിനായി ഈ ലോകത്തോട് വിടപറഞ്ഞു. 1885 ൽ ഭൂജാതനായ സ്മര്യപുരുഷൻ 1975 മാർച്ച് 20 ന് വലിയനോമ്പ് കാലത്തിലാണ് ദിവംഗതനായത്.

അച്ചന്റെ ഭൗതികശരീരം നെടുമ്പ്രം പള്ളിയുടെ ഹൈക്കലായുടെ മദ്ധ്യത്തിൽ അഭി. സഖറിയാസ് മാർ അത്തനാസ്യോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ കബറടക്കി. അസംഖ്യം വൈദികരും, സന്ന്യസ്തരും, വിശ്വാസസമൂഹവും സംസ്കാരകർമ്മത്തിന് സാക്ഷ്യം വഹിച്ചു. ആ പുണ്യജീവിതത്തിന്റെ മുൻപിൽ ആദരവോടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

●

## വൈദികവസ്ത്ര സ്വീകരണം



*2025 മാർച്ച് 18-ാം തീയതി തിരുവല്ല മേരിഗിരി അരമന ചാപ്പലിൽ വച്ച് അതിഭദ്രാസനത്തിനുവേണ്ടി അതിഭദ്രാസനാദ്ധ്യക്ഷൻ അഭി. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്തായിൽ നിന്ന് വൈദികവസ്ത്രം സ്വീകരിച്ച ബ്രദർ ജോൺ ചരിവുകാലായിൽ (നീരാട്ടുകാവ്), ബ്രദർ ജോൺ ചക്കാലവടക്കേതിൽ (ഇടമുറി), ബ്രദർ ജോസഫ് മണ്ണൂർ കിഴക്കേതിൽ (ചക്കുപള്ളം). അതിഭദ്രാസനത്തിന്റെ ആശംസകൾ.*

www.malankaralibrary.com



സുറിയാനി സഭാപാരമ്പര്യം



# സുറിയാനി ബൈബിൾ പാരമ്പര്യത്തിന്റെ ഔന്നത്യം

ഫാ. ഡോ. ജോസഫ് കളരിപറമ്പിൽ

പുരാതന കാലത്തെ ക്രിസ്തീയ തിരുവെഴുത്തുകളുടെ കൈമാറ്റത്തിനും വ്യാഖ്യാനത്തിനും സുറിയാനി ബൈബിൾ പാരമ്പര്യം വളരെ പ്രധാനപ്പെട്ട സംഭാവന വഹിച്ചിട്ടുണ്ട്. പുരാതന പശ്ചിമേഷ്യയുടെ (മധ്യപൂർവദേശം - Middle East) ഭാഷാപരവും സാംസ്കാരികവുമായ പൈതൃകത്തിൽ വേരൂന്നിയ സുറിയാനി പാരമ്പര്യം ഗ്രീക്ക് സംസാരിച്ചിരുന്ന ക്രിസ്തീയ സമൂഹത്തിനും സെമിറ്റിക് സംസ്കാരങ്ങൾക്കും ഇടയിലുള്ള ഒരു പാലമായി വർത്തിച്ചിരുന്നു. ഈ പാരമ്പര്യം ആദ്യകാല ക്രൈസ്തവ സമൂഹങ്ങളുടെ ആത്മീയ ജീവിതത്തെ രൂപപ്പെടുത്തുക മാത്രമല്ല, ബൈബിൾ പാണ്ഡിത്യത്തിനും ദൈവശാസ്ത്ര പഠനങ്ങൾക്കും ഒരു ശാശ്വത പാരമ്പര്യം അവശേഷിപ്പിക്കുകയും ചെയ്തു.

ബൈബിളിന്റെ വികാസത്തിൽ ആദ്യം വാമൊഴി പാരമ്പര്യവും തുടർന്ന് ഗ്രന്ഥങ്ങളുടെ രചനയും സമാഹരണവും നടന്നു. നൂറ്റാണ്ടുകൾ നീണ്ടു നിന്ന ഒരു പ്രക്രിയ ആയിരുന്നു ഇത്. പഴയനിയമ കഥകൾ വാമൊഴി പാരമ്പര്യങ്ങളിൽ നിന്ന് ഉത്ഭവിച്ചതും പുതിയ നിയമം ആദ്യകാല ക്രൈസ്തവരുടെ പഠിപ്പിക്കലുകളിൽ നിന്നും രചനകളിൽ നിന്നും ഉരുത്തിരിഞ്ഞതുമാണ്. ചരിത്രത്തിന്റെ വഴിത്താരയിൽ ഈ കഥകൾ എഴുതപ്പെടുകയും സമാഹരിക്കുകയും ചെയ്തു. അങ്ങനെ "പഴയ നിയമം" എന്ന് വിളിക്കുന്ന ഹെബ്രായ ബൈബിൾ കാലക്രമേണ രൂപപ്പെട്ടു. യേശുവിനെയും അവന്റെ പഠിപ്പിക്കലുകളെയും കുറിച്ചുള്ള കഥകൾ എഴുതപ്പെടുന്നതിന് മുമ്പ് ഒന്നോ രണ്ടോ തലമുറകളിൽ അവ വാമൊഴിയായി പ്രചരിക്കപ്പെട്ടു. സുവിശേഷങ്ങൾ (മർക്കോസ്, മത്തായി, ലൂക്കോസ്, യോഹന്നാൻ) പിന്നീട്, എ.ഡി. 70-90 കാലങ്ങളിൽ രചിക്കപ്പെട്ടു. ആദ്യകാല പുതിയനിയമ ഗ്രന്ഥങ്ങളായ പൗലോസിന്റെ ലേഖനങ്ങൾ, എ.ഡി. 50-കളിലാണ് രൂപം കൊണ്ടത്. ബൈബിളിലെ ഗ്രന്ഥങ്ങളെ കാനോനിക്കൽ പുസ്തകങ്ങളായി എ.ഡി. 382 ലെ റോം കൗൺസിൽ മുതൽ കത്തോലിക്കാ സഭയിലെ വിവിധ സുന്നഹദോസുകൾ തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്തു. ബൈബിളിന്റെ ആദ്യത്തെ വ്യാപക പതിപ്പ് എ.ഡി. 400 ൽ വിശുദ്ധ ജെറോം ഏകീകരിച്ചു. 1546 ൽ ട്രെന്റ് സുന്നഹദോസിൽ വിശുദ്ധ ജെറോമിന്റെ ലത്തീൻ വുൾഗാത്ത

www.malankaralibrary.com


യിൽ അടങ്ങിയിരിക്കുന്ന 73 പുസ്തകങ്ങളുടെ ഔദ്യോഗിക പട്ടിക തയ്യാറാക്കി, ഈ പുസ്തകങ്ങൾ പവിത്രമായും കാനോനികമായും സ്വീകരിക്കണമെന്ന് കത്തോലിക്കാസഭ നിയമമാക്കി. ഈ പശ്ചാത്തലം മനസ്സിലാക്കി വേണം സുറിയാനി ബൈബിൾ പാരമ്പര്യത്തെ മനസ്സിലാക്കേണ്ടത്.

## വിശുദ്ധ ഗ്രന്ഥ രൂപീകരണം

ബൈബിളിന്റെ കൈയെഴുത്തുപ്രതി അപൂർവ്വമായി മാത്രമേ പൂർണ്ണമായ ബൈബിളായിരുന്നുള്ളൂ, കാരണം സാധാരണയായി ഒരു ബൈബിൾ കൈയെഴുത്തുപ്രതിയിൽ സുവിശേഷങ്ങൾ പോലുള്ള ബൈബിളിന്റെ ഒരു ഭാഗം മാത്രമോ അല്ലെങ്കിൽ പഴയനിയമത്തിലെ ഏതെങ്കിലും ഭാഗങ്ങളോ ഉണ്ടാകൂ, അല്ലെങ്കിൽ ഒരുപക്ഷേ മുഴുവൻ പുതിയ നിയമവും. ബൈബിളിലെ ആദ്യകാല കൈയെഴുത്തുപ്രതികളിൽ ആധുനിക വായനക്കാർക്ക് പരിചിതമായ അക്കമിട്ട രൂപത്തിൽ അധ്യായ, വാക്യ വിഭജനങ്ങൾ അടങ്ങിയിരുന്നില്ല. യഹൂദ അല്ലെങ്കിൽ ക്രൈസ്തവ ബൈബിളുകളുടെ മൂലഗ്രന്ഥങ്ങളിൽ അധ്യായ, വാക്യ വിഭജനങ്ങൾ പ്രത്യക്ഷപ്പെട്ടിരുന്നില്ല. പുരാതന കാലത്ത് ഹെബ്രായ (പഴയനിയമ) ഗ്രന്ഥങ്ങൾ ഖണ്ഡികകളായി വിഭജിക്കപ്പെട്ടിരുന്നു. പതിമൂന്നാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ, ബൈബിളിന്റെ മിക്ക പകർപ്പുകളും പതിപ്പുകളും തിരുവെഴുത്തു പുസ്തകങ്ങളിൽ ഏറ്റവും ചെറിയവ ഒഴികെയുള്ളവയെല്ലാം അധ്യായങ്ങളായി വിഭജിച്ചിരിക്കുന്നു. പതിനാറാം നൂറ്റാണ്ടിന്റെ മധ്യം മുതൽ, സംശോധകർ (editors) ഓരോ അധ്യായത്തെയും വാക്യങ്ങളായി വിഭജിച്ചിട്ടുണ്ട്.

യഹൂദരുടെയിടയിൽ ഹെബ്രായ ബൈബിളിലെ തോറ (പഞ്ചഗ്രന്ഥികൾ) 154 വിഭാഗങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. അവ മൂന്ന് വർഷത്തിനുള്ളിൽ ആഴ്ച തോറുമുള്ള ആരാധനയിൽ ഉച്ചത്തിൽ വായിക്കുവാൻ കഴിയുമായിരുന്നു. തിങ്കൾ, വ്യാഴം, ശനി ദിവസങ്ങളിൽ പ്രാർത്ഥനാശുശ്രൂഷകൾക്കിടയിൽ തോറ ഭാഗം വായിക്കുന്നത് യഹൂദരുടെയിടയിലെ ഒരു ആചാരമാണ്. തോറ ഉച്ചത്തിൽ വായിക്കുന്ന പാരമ്പര്യം മോശയുടെ കാലം മുതലുള്ളതാണ്. മോശയുടെ കാലത്ത് പ്രധാന തിരുന്നാളുകളിൽ പരസ്യമായി തോറ വായിക്കുമായിരുന്നു. ബാബിലോണിയൻ അടിമത്തത്തിന്റെ (ബി.സി. ആറാം നൂറ്റാണ്ട്) കാലഘട്ടത്തിലാണ് തോറ വായനകൾ വിഭജിക്കുന്ന പതിവ് ആരംഭിച്ചത്. ബാബിലോണിയയിൽ, ഇത് 53 അല്ലെങ്കിൽ 54 വിഭാഗങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. തത്ഫലമായി അത് ഒരു വർഷത്തിനുള്ളിൽ വായിക്കാൻ കഴിഞ്ഞിരുന്നു. ആദ്യത്തെ പൊതു തോറ വായനകളുടെ ഉത്ഭവം നെഹെമിയായുടെ പുസ്തകത്തിൽ കാണപ്പെടുന്നു. അവിടെ ഇസ്രായേല്യർ വീണ്ടും വഴി തെറ്റിപ്പോകാതിരിക്കാൻ ഒരു മാർഗം കണ്ടെത്തുവാൻ ആഗ്രഹിക്കുന്നതിനെക്കുറിച്ച് പുരോഹിതനായ എസ്രാ എഴുതുന്നു. ഇത് സിനഗോഗുകളിൽ തോറയുടെ ഭാഗങ്ങൾ വായിക്കുന്നതിനുള്ള ഒരു ആഴ്ച തോറുമുള്ള സമ്പ്രദായം സൃഷ്ടിക്കുന്നതിലേക്ക് നയിച്ചു.

നാലാം നൂറ്റാണ്ടോടെ പുതിയ നിയമം കെഫാലിയ എന്നറിയപ്പെടുന്ന വിഷയാധിഷ്ഠിത ഭാഗങ്ങളിൽ വിഭജിക്കപ്പെട്ടു. പലപ്പോഴും, ഓരോ ഗ്രന്ഥത്തിനും മുമ്പ്, പകർപ്പെഴുത്തുകാർ അധ്യായങ്ങളുടെയും തലക്കെട്ടുകളുടെയും ഒരു പട്ടിക എഴുതിയിരുന്നു. അത് ഉള്ളടക്ക പട്ടികയായി വർത്തിച്ചു. പകർപ്പെഴുത്തുകാരൻ അധ്യായത്തിന്റെ അക്കവും പേരും ഒരു അധ്യായം ആരംഭിക്കുന്ന അതേ താളിൽതന്നെ മുകളിൽ എഴുതിയിരുന്നു. ഇവയാണ് കെഫാലിയ (ഗ്രീക്ക് പദം - തലക്കെട്ടുകൾ എന്നർത്ഥം), സാധാരണയായി ഇവ ചുവപ്പ് നിറത്തിൽ എഴുതിയിരുന്നു.

വിശുദ്ധ ഗ്രന്ഥത്തിലെ ഓരോ പുസ്തകവും അധ്യായങ്ങളായി വിഭജിക്കപ്പെടുമായിരുന്നു, എന്നാൽ അധ്യായ വിഭജനത്തിന്റെ നിരവധി വ്യത്യസ്ത സംവിധാനങ്ങൾ നിലവിലുണ്ടായിരുന്നു; അതിനാൽ ഉദാഹരണത്തിന്, സിറിയക്കിലെയും ഗ്രീക്ക് കൈയെഴുത്തുപ്രതികളിലെയും അധ്യായ വിഭജനം ഇന്ന് നിലവിലുള്ള അച്ചടിച്ച ബൈബിളുകളിൽ നിന്ന് വ്യത്യസ്തമാണ്.

സുവിശേഷങ്ങളുടെ മൂല കൈയെഴുത്തുപ്രതികളിൽ, അധ്യായ-വിഭജനങ്ങൾ ഉണ്ടായിരുന്നില്ല. ഇന്ന് ആധുനിക ബൈബിളുകളിൽ, മത്തായിക്ക് 28 അധ്യായങ്ങളും, മർക്കോസിന് 16 അധ്യായങ്ങളും, ലൂക്കോസിന് 24 അധ്യായങ്ങളും, യോഹന്നാന് 21 അധ്യായങ്ങളുമുണ്ട്. പല പുരാതന സുവിശേഷ-കൈയെഴുത്തുപ്രതികളിലും, വിഭജനം വളരെ വ്യത്യസ്തമാണ്. മത്തായിക്ക് 68 അധ്യായങ്ങളുണ്ട്; മർക്കോസിന് 48, ലൂക്കോസിന് 83, യോഹന്നാന് 18 അല്ലെങ്കിൽ 19. സഭയുടെ ആദ്യകാലങ്ങളിൽ വാക്യ-അധ്യായ വിഭജനത്തിന് ഒരു നിയതമായ രൂപമുണ്ടായിരുന്നില്ല.

കേസറിയായിലെ എവുസേബിയൂസ് സുവിശേഷങ്ങളെ ഖണ്ഡികകളായി വിഭജിച്ചു. ഈ വിഭജനങ്ങളൊന്നും ആധുനിക അധ്യായ വിഭജനങ്ങളുമായി പൊരുത്തപ്പെടുന്നില്ല. പതിമൂന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ കർദ്ദിനാൾ സ്റ്റീഫൻ ലാങ്ടണും കർദ്ദിനാൾ ഹ്യൂഗോ ഡി സാന്തോ കാരോയും ബൈബിളിന്റെ വ്യവസ്ഥാപിത വിഭജനത്തിനായി വ്യത്യസ്ത പദ്ധതികൾ വികസിപ്പിച്ചെടുത്തു. കർദ്ദിനാൾ ലാങ്ടണിന്റെ സമ്പ്രദായം അടിസ്ഥാനമാക്കിയാണ് ആധുനിക അധ്യായ വിഭജനങ്ങൾ നടത്തിയിട്ടുള്ളത്.

പുതിയനിയമ അധ്യായങ്ങളെ വാക്യങ്ങളായി വിഭജിച്ച ആദ്യത്തെ വ്യക്തി ഇറ്റാലിയൻ ഡൊമിനിക്കൻ ബൈബിൾ പണ്ഡിതനായ സാന്റസ് പഗ്നിനോ (1470-1541) ആയിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ

www.malankaralibrary.com

സമ്പ്രദായം ഒരിക്കലും വ്യാപകമായി അംഗീകരിക്കപ്പെട്ടില്ല. പുതിയനിയമത്തിലെ അദ്ദേഹത്തിന്റെ വാക്യവിഭജനങ്ങൾ ഇന്ന് അറിയപ്പെടുന്നതിനേക്കാൾ വളരെ വലുതായിരുന്നു. ഫ്രഞ്ച് അച്ചടിവിദഗ്ധനും പണ്ഡിതുമായ റോബർട്ട് എസ്റ്റിയൻ ഗ്രീക്ക് പുതിയനിയമത്തിന്റെ 1551 ലെ പതിപ്പിൽ, പരസ്പര സൂചകത്തിനും പഠനത്തിനും അനുവദിക്കുന്ന ഒരു സംഖ്യാ പദവിന്യാസം രൂപപ്പെടുത്തി. ഇത് 1553 ൽ ഫ്രഞ്ച് ഭാഷയിൽ പ്രസിദ്ധീകരിച്ച ബൈബിളിലും ഉപയോഗിച്ചു. എസ്റ്റിയന്റെ വിഭജന സമ്പ്രദായം വ്യാപകമായി സ്വീകരിച്ചു, മിക്കവാറും എല്ലാ ആധുനിക ബൈബിളുകളിലും കാണപ്പെടുന്നത് ഈ സംവിധാനമാണ്. 1555 ൽ എസ്റ്റിയൻ ഒരു ലത്തീൻ വുൾഗാത്ത ബൈബിൾ നിർമ്മിച്ചു. ഇതാണ് വാചകങ്ങൾക്ക് ഇടയിൽ വാക്യ സംഖ്യകൾ ഉൾപ്പെടുത്തിയ ആദ്യത്തെ ബൈബിൾ. ഈ കൃതിക്ക് മുമ്പ്, അവ താളുകളുടെ വശങ്ങളിലാണ് അച്ചടിച്ചിരുന്നത്.

1455 ൽ ജർമ്മനിയിൽ ജോഹാന്നസ് ഗുട്ടെൻബെർഗ് ലത്തീൻ ഭാഷയിൽ അച്ചടിച്ച വിശുദ്ധ ഗ്രന്ഥമാണ് ആദ്യത്തെ അച്ചടിച്ച പതിപ്പ്. അതിനു മുമ്പ് കൈയെഴുത്തുപ്രതികളായിട്ട് മാത്രമേ വിശുദ്ധ ഗ്രന്ഥം ലഭ്യമായിരുന്നുള്ളൂ.

അച്ചടിയന്ത്രത്തിന്റെ ആവിർഭാവത്തോടെയും ഹെബ്രായ ബൈബിൾ ആംഗലേയഭാഷയിലേക്ക് വിവർത്തനം ചെയ്തതോടെയും, നിലവിലുള്ള ഹെബ്രായ വാക്യ-ഇടവേളകളുമായി പൊരുത്തപ്പെട്ടുപോകുന്ന വ്യാകീകരണങ്ങൾ നിർമ്മിക്കപ്പെട്ടു (വാക്കുകളുടെയും വാക്യങ്ങളുടെയും ക്രമീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, സന്ദർഭോചിതമായ അർത്ഥവും ആശയവും ഉപയോഗിച്ച് ഒരു പ്രത്യേക ഘടനയോടുകൂടി വാചകങ്ങൾ നിർമ്മിക്കുന്ന കലയെയാണ് വ്യാകീകരണം എന്ന് പറയുന്നത്).

**ലത്തീൻ വുൾഗാത്ത (Latin Vulgate)**

നാലാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പുറത്തിറങ്ങിയ ബൈബിളിന്റെ ലത്തീൻ വിവർത്തനമാണ് വുൾഗാത്ത. എ.ഡി. 382 ൽ ഡമാസുസ് ഒന്നാമൻ മാർപ്പാപ്പയുടെ നിർദ്ദേശാനുസരണം റോമൻ സഭ ഉപയോഗിച്ചിരുന്ന ലത്തീൻ ഭാഷയിലുള്ള സുവിശേഷങ്ങൾ വിശുദ്ധ ജെറോം പരിഷ്കരിച്ച് രൂപപ്പെടുത്തിയതാണ് ഇതിന്റെ ഭൂരിഭാഗവും. പിന്നീട്, വിശുദ്ധ ജെറോം ഈ പരിഷ്കരണ-വിവർത്തന പ്രവർത്തനം (revision and translation) ബൈബിളിലെ മറ്റ് പുസ്തകങ്ങൾ ഉൾപ്പെടുത്തി വിപുലീകരിച്ചു. വുൾഗാത്ത എന്ന പദത്തിന്റെ അർത്ഥം "പൊതു പതിപ്പ്" എന്നാണ്. സാധാരണ ജനങ്ങൾക്ക് അക്കാലത്ത് പ്രാപ്യമായിരുന്ന ലത്തീൻ ഭാഷയിൽ വിശുദ്ധ ഗ്രന്ഥം സാധ്യമാക്കിയപ്പോൾ അതിന് നൽകിയ പേരായിരുന്നു വുൾഗാത്ത.

**സെപ്ത്വജിന്ത്**

**(Septuagint - LXX)**

പഴയനിയമം എന്ന് ക്രൈസ്തവർ വിളിക്കുന്ന ഹെബ്രായ ബൈബിളിലെ (Hebrew Bible) ഗ്രന്ഥങ്ങളുടെ ഗ്രീക്ക് പരിഭാഷയാണ് പ്രധാനമായും സെപ്ത്വജിന്ത്. സെപ്ത്വജിന്ത് എന്ന പേര് ലത്തീൻ ഭാഷയിലെ സെപ്ത്വജിന്ത് (septuaginta interpretum versio) എന്നതിൽ നിന്നാണ് ഉണ്ടായത്. അർത്ഥം 70 ദ്വിഭാഷികളുടെ പരിഭാഷ എന്നാണ്. ബി. സി. മൂന്നാം നൂറ്റാണ്ടിൽ ഈജിപ്തിലെ ഭരണാധികാരിയായിരുന്ന ടോളമി രണ്ടാമൻ, ഹെബ്രായ ബൈബിളിന്റെ ഗ്രീക്കിലേക്കുള്ള

## അഭിനന്ദനങ്ങൾ



പത്തനംതിട്ട മേഖല അഖില കേരള ബാലജനസംഖ്യം പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട വാളക്കുഴി സെന്റ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകാംഗമായ പാക്കാനിക്കുഴിയിൽ റെജി പി. ജോസഫിന്റെയും ബിൻസി മോൾ മാത്യുവിന്റെയും മകൾ അൽവീന മരിയ റെജി. ഇടവകയിലും വെണ്ണിക്കുളം മേഖലയിലും എം.സി.സി.എൽ. ന്റെ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. അതിഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ.

## ഡോക്ടറേറ്റ് നേടി



കോയമ്പത്തൂർ ഭാരതിയാർ യൂണിവേഴ്സിറ്റിയിൽ നിന്നും നാനോടെക്നോളജിയിൽ പി.എച്ച്.ഡി. കരസ്ഥമാക്കിയ **ഡോ. ബ്ലെസ്സിമോൾ ബി.** തോട്ടഭാഗം സെന്റ് മേരീസ് ഇടവകയിൽ കറ്റോടിൽ ബാബു കെ.ആർ. ന്റെയും ശോശാമ്മ ഫിലിപ്പിന്റെയും മകളാണ്. അതിഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ.

www.malankaralibrary.com


വിവർത്തനം പൂർത്തിയാക്കുവാൻ 72 ജൂത പണ്ഡിതന്മാരെ നിയോഗിച്ചതായി പാരമ്പര്യം പറയുന്നു.

## സുറിയാനി ബൈബിളിന്റെ പ്രധാന പതിപ്പുകൾ

അരമായ ഭാഷയുടെ ഒരു വകഭേദമായ സുറിയാനി, ക്രിസ്തുവർഷത്തിന്റെ ആദ്യനൂറ്റാണ്ടുകളിൽ മധ്യപൂർവദേശത്ത് വ്യാപകമായി സംസാരിച്ചിരുന്നു. സിറിയ, മെസൊപ്പൊട്ടേമിയ (ആധുനിക ഇറാഖ്), പലസ്തീനിന്റെ ചില ഭാഗങ്ങൾ തുടങ്ങിയ പ്രദേശങ്ങളിൽ ഇത് പ്രത്യേകിച്ചും പ്രബലമായിരുന്നു. യേശുവും ശിഷ്യന്മാരും സംസാരിച്ച ഭാഷ അരമായ ആയിരുന്നതിനാൽ, ആദ്യകാല സുറിയാനി ക്രൈസ്തവർക്ക് ഒരു പ്രത്യേക പ്രാധാന്യം ഉണ്ടായിരുന്നു. ബൈബിൾ ഗ്രന്ഥങ്ങൾ പ്രാദേശിക സമൂഹങ്ങൾക്ക് പ്രാപ്യമായ ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നതിനുള്ള ഒരു സ്വാഭാവിക മാധ്യമമായി ഇത് മാറി. ക്രിസ്തുമതത്തിന്റെ ആദ്യ കുറച്ച് നൂറ്റാണ്ടുകളിൽ, ദൈവശാസ്ത്ര വികസനത്തിനും മിഷനറി പ്രവർത്തനത്തിനും പാഠപ്രക്ഷേപണത്തിനുമുള്ള ഒരു സുപ്രധാന കേന്ദ്രമായി മധ്യപൂർവദേശം (Middle East) ഉയർന്നുവന്നു. ക്രിസ്തീയ ചിന്തയെയും ആചാരത്തെയും രൂപപ്പെടുത്തുന്നതിൽ അന്ത്യോക്യ പോലുള്ള നഗരങ്ങൾ നിർണായക പങ്ക് വഹിച്ചു. ഈ ഊർജ്ജസ്വലമായ സാംസ്കാരികവും മതപരവുമായ ചുറ്റുപാടിൽ നിന്നുമാണ് സുറിയാനി ബൈബിൾ പാരമ്പര്യം വളർന്നത്. ക്രിസ്തുമതം അതിന്റെ ജൂത വേരുകൾക്കപ്പുറം വിജാതീയ സമൂഹങ്ങളിലേക്ക് വ്യാപിച്ചപ്പോൾ, വിശുദ്ധ ഗ്രന്ഥങ്ങൾ ഹെബ്രായ അല്ലെങ്കിൽ ഗ്രീക്ക് ഒഴികെയുള്ള ഭാഷകളിലേക്ക് വിവർത്തനം ചെയ്യേണ്ടതിന്റെ ആവശ്യകത ഉയർന്നുവന്നു. വൈവിധ്യമാർന്ന ജനവിഭാഗങ്ങൾക്ക് തിരുവെഴുത്ത് ലഭ്യമാക്കുവാനുള്ള ഈ വിശാലമായ ശ്രമത്തിന്റെ ഭാഗമായിരുന്നു ബൈബിൾ സുറിയാനിയിലേക്ക് വിവർത്തനം ചെയ്തത്. ഗ്രീക്ക് ഭാഷയിൽ അത്ര പരിചയമില്ലാത്തതും എന്നാൽ അരമായ ഭാഷയുമായി ഭാഷാപരമായ ബന്ധം പങ്കിടുന്നതുമായ മധ്യപൂർവദേശ പ്രദേശങ്ങളിലെ ക്രൈസ്തവർക്ക് സുറിയാനി വിവർത്തനങ്ങൾ പ്രത്യേകിച്ചും പ്രധാനമായിരുന്നു. സുറിയാനി ബൈബിൾ പാരമ്പര്യത്തിൽ നിരവധി വ്യത്യസ്ത പതിപ്പുകൾ ഉൾപ്പെടുന്നു, ഓരോന്നിനും അതുല്യമായ സവിശേഷതകളും ചരിത്രപരമായ പ്രാധാന്യവുമുണ്ട്.

### പഴയനിയമം

പഴയനിയമത്തിന് പ്രധാനമായും രണ്ട് പതിപ്പുകളാണ് സുറിയാനിഭാഷയിൽ ഉണ്ടായിട്ടുള്ളത്.

**1. പ്ശീത്ത പഴയനിയമം (Peshitta Old Testament)**

സുറിയാനി ബൈബിളിന്റെ ഇന്നുവരെ പൂർണ്ണമായി നിലനിൽക്കുന്ന ഏറ്റവും പഴയ പതിപ്പാണ് പ്ശീത്ത. അഞ്ചാം നൂറ്റാണ്ടോടെ, ഇത് സുറിയാനി ക്രൈസ്തവ സഭകളുടെ അടിസ്ഥാന ഗ്രന്ഥമായി മാറി. “ലളിതം” അല്ലെങ്കിൽ “വ്യക്തം” എന്നർത്ഥമുള്ള പ്ശീത്ത എന്ന പദം (ലത്തീൻ വുൾഗാത്തയ്ക്ക് സമാനമായി) എ.ഡി. 903 ൽ മോശ ബർ കെഫ ഉപയോഗിച്ചു. മുൻകാല എഴുത്തുകാർ പ്ശീത്തയെ “സുറിയാനി” എന്ന് മാത്രമേ പരാമർശിച്ചിരുന്നുള്ളൂ. സുറിയാനി പതിപ്പാണിത്. ഇതിൽ മുഴുവൻ പഴയനിയമവും അടങ്ങിയിരിക്കുന്നു. നിലവിലുള്ളതിൽ ഏറ്റവും പഴക്കമുള്ള പ്ശീത്ത കൈയെഴുത്തുപ്രതി എ.ഡി. 464 ൽ ഉള്ള ഒരു പഞ്ചഗ്രന്ഥിയാണ്. ഇത് ഒരു നിശ്ചിത തീയതിയുള്ള ഏറ്റവും പഴയ ബൈബിൾ കൈയെഴുത്തുപ്രതിയായി മാറുന്നു.

പ്ശീത്ത പഴയനിയമം ഒരൊറ്റ വിവർത്തകന്റെ കൃതിയല്ല, മറിച്ച് നിരവധി വ്യത്യസ്ത വിവർത്തകർ നിർവഹിച്ചിരിക്കണം, ഒരുപക്ഷേ ഗണ്യമായ കാലയളവിൽ ആയിരിക്കണം വിവർത്തനം സാധ്യമായത്. വിവർത്തകരെല്ലാം അടിസ്ഥാനപരമായി നമ്മുടെ അച്ചടിച്ച ഹെബ്രായ ബൈബിളുകളുടെ വ്യഞ്ജനാക്ഷര പതിപ്പിന് സമാനമായിരുന്നു. എ.ഡി. ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഇത് ആധികാരിക ഹെബ്രായ പതിപ്പായി അംഗീകരിച്ചു. ഇതിനെ തുടർന്നായിരിക്കണം സുറിയാനി വിവർത്തകർ ഇവ തർജ്ജമയ്ക്കായി ഉപയോഗിച്ചത്. ചില പുസ്തകങ്ങളിൽ വിവർത്തകർ മറ്റ് വിവർത്തനങ്ങൾ പരിശോധിക്കുകയോ ഉപയോഗിക്കുകയോ ചെയ്തിരിക്കാം. പഞ്ചഗ്രന്ഥിയിലെ വിവിധ സ്ഥലങ്ങളിൽ പ്ശീത്തയ്ക്കും യഹൂദ, അരമായ താർഗുമുകൾക്കും ഇടയിൽ ചില ശ്രദ്ധേയമായ ബന്ധങ്ങളുണ്ട്. തർജ്ജമയിൽ ബുദ്ധിമുട്ട് നേരിട്ടതായ അവസരങ്ങളിൽ വിവർത്തകർ ഗ്രീക്ക് സെപ്ത്വജിന്തും ഉപയോഗിച്ചിട്ടുണ്ടാകണം. യഹൂദരോ യഹൂദ ക്രൈസ്തവരോ ആയിരിക്കണം ഈ വിവർത്തനം നടത്തിയിട്ടുള്ളത്. ഹെബ്രായഭാഷയിലുള്ള പരിജ്ഞാനം ഈ ദിശയിലേക്ക് വിരൽചൂണ്ടുന്നു. സുറിയാനി സംസാരിക്കുന്ന ലോകത്ത് ഹെബ്രായ ബൈബിളിന് ഏറ്റവും കൂടുതൽ സ്വീകാര്യത ലഭിച്ചതിന് പഴയനിയമത്തിലെ പ്ശീത്ത സാക്ഷ്യം വഹിക്കുന്നു. എദേസ്സ, നിസിബിസ് പ്രദേശങ്ങളിലെ ജൂത സമൂഹങ്ങൾ നടത്തിയ വിവർത്തനങ്ങളിൽ നിന്ന് നിരവധി പുസ്തകങ്ങൾ സുറിയാനി സഭയ്ക്ക് പാരമ്പര്യമായി ലഭിച്ചിരിക്കാൻ സാധ്യതയുണ്ട്. പ്ശീത്ത പഴയനിയമത്തിലെ മിക്ക പുസ്തകങ്ങളും എ.ഡി. രണ്ടാം നൂറ്റാണ്ട് മുതൽ എ.ഡി. മൂന്നാം നൂറ്റാണ്ടിന്റെ ആരംഭം വരെയുള്ള കാലയളവിൽ വിവർത്തനം ചെയ്യപ്പെട്ടതായി തോന്നുന്നു.

**2. സീറോ – ഹെക്സാപ്ലാ പതിപ്പ് (Syro-Hexaplar)**

എ.ഡി. അഞ്ചാം നൂറ്റാണ്ടിനും ഏഴാം നൂറ്റാണ്ടിനും

www.malankaralibrary.com

ഇടയിൽ ഗ്രീക്ക് ഭാഷയിലുള്ള ക്രിസ്തീയ സാഹിത്യത്തിന് സുറിയാനി സഭകളുടെ ദൃഷ്ടിയിൽ വലിയ പ്രശസ്തി ലഭിച്ചു. ദൈവശാസ്ത്രപരമായ വികാസങ്ങളിൽ കാലാനുസൃതമായി വളരുവാൻ സുറിയാനി വായനക്കാർ ആകാംക്ഷയോടെ കാത്തിരുന്നതിനാൽ, ധാരാളം ദൈവശാസ്ത്ര കൃതികൾ ഗ്രീക്കിൽ നിന്ന് സുറിയാനിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. തത്ഫലമായി വിശുദ്ധ ഗ്രന്ഥ വിവർത്തനങ്ങൾ ഗ്രീക്കിൽ നിന്ന് സുറിയാനി ഭാഷയിലേക്ക് നടത്തപ്പെട്ടു.

ഒറിജന്റെ ഹെക്സാപ്ലായുടെ അഞ്ചാമത്തെ നിരയെ അടിസ്ഥാനമാക്കിയുള്ള സെപ്ത്വജിന്തിന്റെ സിറിയക് വിവർത്തനമാണ് സീറോ - ഹെക്സാപ്ലാ പതിപ്പ്. 614-617 വർഷങ്ങളിൽ ടെല്ലയിലെ മെത്രാനായിരുന്ന പോളാണ് ഈ വിവർത്തനം ചെയ്തത്. ഈ പതിപ്പ് സുറിയാനിയിൽ എഴുപത് (ഷബ്ഈൗൻ) എന്നാണ് അറിയപ്പെടുന്നത്.

മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഒറിജൻ രൂപപ്പെടുത്തിയ ഒരു പതിപ്പാണ് ഹെക്സാപ്ലാ (ആറ്-നിരകൾ) എന്നറിയപ്പെടുന്ന ആറ് നിരകളുള്ള വിവിധ പതിപ്പുകൾ ഉൾപ്പെടുത്തിയ വിശുദ്ധ ഗ്രന്ഥം. അതുകൊണ്ടാണ് മാർ പോളിന്റെ വിവർത്തനം സീറോ-ഹെക്സാപ്ലാർ എന്നറിയപ്പെടുന്നത്.

### പുതിയനിയമം

**1. ദിയാതെസ്സറോൺ (Diatessaron)**

സുവിശേഷങ്ങളുടെ ഏറ്റവും പഴയ സുറിയാനി വിവർത്തനം ദിയാതെസ്സറോൺ എന്നറിയപ്പെടുന്ന

## ഉപകാരസ്മരണ

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, തിരുവല്ല**

നാല് സുവിശേഷങ്ങളുടെ യോജിപ്പിന്റെ രൂപത്തിലായിരുന്നു. "നാലിലൂടെ" എന്നർത്ഥമുള്ള ഒരു ഗ്രീക്ക് പദം, അതായത്, നാല് സുവിശേഷങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ ഒരൊറ്റ സുവിശേഷ ഗ്രന്ഥം. നാല് കാനോനിക്കൽ സുവിശേഷങ്ങളിലെയും ഘടകങ്ങൾ ഒരൊറ്റ ആഖ്യാനത്തിലേക്ക് ലയിപ്പിക്കുന്ന ഒരു സുവിശേഷ ഐക്യമാണിത്. യേശുവിന്റെ ജീവിതത്തെയും പഠിപ്പിക്കലുകളെയും കുറിച്ചുള്ള ഏകീകൃത വിവരണം സൃഷ്ടിക്കുവാനുള്ള ആദ്യകാല ശ്രമം ഈ കൃതി പ്രകടമാക്കുന്നു. ഇതിന്റെ കർത്തൃത്വത്തെയും ഉത്ഭവത്തെയും ചുറ്റിപ്പറ്റിയുള്ള അനിശ്ചിതത്വം വളരെ കൂടുതലാണ്. രണ്ടാം നൂറ്റാണ്ടിന്റെ മധ്യത്തിൽ രക്തസാക്ഷിയായ ജസ്റ്റിന്റെ കീഴിൽ റോമിൽ പഠിച്ച മെസൊപ്പൊട്ടേമിയ സ്വദേശിയായ താത്യനാണ് ദിയാതെസ്സറോൺ രചിച്ചതെന്ന് കരുതപ്പെടുന്നു. എപ്പോൾ, എവിടെ, ഏത് ഭാഷയിലാണ് അദ്ദേഹം ദിയാതെസ്സറോൺ രചിച്ചതെന്ന് വ്യക്തമല്ല. യഥാർത്ഥ കൃതി നിർഭാഗ്യവശാൽ നഷ്ടപ്പെട്ടു. പശ്ചിമേഷ്യ... പശീത്ത പുതിയനിയമത്തിന്റെ ജനനത്തിനു മുമ്പ്, ആദ്യകാല സുറിയാനി സഭയിൽ, നാലാം നൂറ്റാണ്ടിൽ മാർ അപ്രേം ഇതിന് ഒരു വ്യാഖ്യാനം എഴുതിയതിനാൽ, ദിയാതെസ്സറോൺ ഒരു ആധികാരിക സുവിശേഷ ഗ്രന്ഥമായി കണക്കാക്കപ്പെട്ടിരുന്നു എന്ന് മനസ്സിലാക്കാം.

സുറിയാനി സഭകളെ സംബന്ധിച്ചിടത്തോളം, ദിയാതെസ്സറോൺ സുറിയാനിയിൽ വ്യാപകമായി പ്രചരിച്ചിരുന്നുവെന്നും അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭം വരെ സുവിശേഷപാഠത്തിന്റെ ആധികാരിക രൂപമായി കണക്കാക്കപ്പെട്ടിരുന്നുവെന്നും ചരിത്രരേഖകൾ സാക്ഷിക്കുന്നു.

**2. പഴയ സുറിയാനി പതിപ്പ് (Old Syriac) - പുതിയനിയമം**

പുതിയനിയമത്തിന്റെ സുറിയാനി ഭാഷയിലേക്കുള്ള ആദ്യകാല വിവർത്തനങ്ങളിൽ ഒന്നാണ് പഴയ സുറിയാനി പതിപ്പ്. ദിയതെസ്സറോൺ കഴിഞ്ഞ് "പഴയ സിറിയക്" എന്നറിയപ്പെടുന്ന വിവർത്തനം വന്നു, അതിൽ നാല് സുവിശേഷങ്ങൾ മാത്രമേ നിലനിൽക്കുന്നുള്ളൂ. പഴയ സുറിയാനി വിവർത്തനം നിർമ്മിച്ച തീയതി വളരെ അനിശ്ചിതത്വത്തിലാണ്, എന്നിരുന്നാലും ഇത് ദിയാതെസ്സറോണിനേക്കാൾ വൈകിയിരിക്കാമെന്ന് ഇപ്പോൾ കരുതപ്പെടുന്നു. രണ്ടാം നൂറ്റാണ്ടിന്റെ അവസാനം മുതൽ നാലാം നൂറ്റാണ്ടിന്റെ ആരംഭം വരെയുള്ള കാലഘട്ടത്തിലാണ് ആധുനിക പണ്ഡിതന്മാർ വിവർത്തനത്തിന് നിശ്ചയിച്ചിരിക്കുന്ന തീയതികൾ. പഴയ സുറിയാനി പതിപ്പിൽ പലയിടത്തും ദിയാതെസ്സറോണിന്റെ സ്വാധീനം കാണാം.

നാല് സുവിശേഷങ്ങളുടെ പഴയ സുറിയാനി പതിപ്പ് വിവർത്തനം ഇന്ന് രണ്ട് കൈയെഴുത്തുപ്ര

www.malankaralibrary.com


തികളിൽ മാത്രമേ സംരക്ഷിക്കപ്പെട്ടിട്ടുള്ളൂ. പ്ശീത്ത പരിഷ്കരണത്തിന് മുമ്പ് (ഏകദേശം 400) അപ്പസ്തോലന്മാരുടെ പ്രവൃത്തികളുടെയും ലേഖനങ്ങളുടെയും ഒരു സുറിയാനി വിവർത്തനം ഉണ്ടായിരുന്നിരിക്കണം, കാരണം മാർ അപ്രേം ഈ പുസ്തകങ്ങളെക്കുറിച്ച് അദ്ദേഹത്തിന്റെ രചനകളിൽ അഭിപ്രായപ്പെടുന്നുണ്ട്. പക്ഷേ ഈ പുസ്തകങ്ങളുടെ പഴയ സുറിയാനി പതിപ്പ് അടങ്ങിയ ഒരു കൈയെഴുത്തുപ്രതിയും നിലനിൽക്കുന്നില്ല. പഴയ സുറിയാനിയുടെ ആ ഭാഗങ്ങളിൽ നിന്ന് വളരെ കുറച്ച് മാത്രമേ വീണ്ടെടുക്കുവാൻ കഴിഞ്ഞിട്ടുള്ളൂ.

*** ക്യൂറോട്ടോണിയൻ** (Curetonian)

ബ്രിട്ടീഷ് ലൈബ്രറിയുടെ ശേഖരത്തിൽ കാണപ്പെടുന്ന ഈ കൈയെഴുത്തുപ്രതി അഞ്ചാം നൂറ്റാണ്ടിലേതാണ്. മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നിവരുടെ ഭാഗങ്ങൾ ഉൾക്കൊള്ളുന്നു. 1842 ൽ ഈജിപ്തിലെ നൈട്രിയൻ മരുഭൂമിയിൽ നിന്ന് കൊണ്ടുവന്ന ഈ കൈയെഴുത്തുപ്രതി ബ്രിട്ടീഷ് ലൈബ്രറിയൻ ആയിരുന്ന വില്യം ക്യൂറട്ടൺ പരിശോധിക്കുകയും 1858 ൽ ക്രോഡീകരിക്കുകയും ചെയ്തു.

*** സൈനാറ്റിക് (Sinaitic)**

1892 ൽ സീനായിലെ സെന്റ് കാതറിൻ ആശ്രമത്തിൽ നിന്ന് കണ്ടെത്തിയ ഈ കൈയെഴുത്തുപ്രതി സുറിയാനിയിലെ സുവിശേഷങ്ങളുടെ ഏറ്റവും പഴയ പകർപ്പുകളിൽ ഒന്നാണ്.

പഴയ സുറിയാനിയിലെ പാഠം പലപ്പോഴും പ്ശീത്തയിൽ നിന്ന് ഗണ്യമായി വ്യത്യാസപ്പെട്ടിരിക്കുന്നു, ഇതിന് രണ്ട് പ്രധാന കാരണങ്ങളുണ്ട്: **1.** പ്ശീത്ത പരിഷ്കരണത്തിന് അടിസ്ഥാനമായ ഗ്രീക്ക് പതിപ്പിൽ നിന്ന് പല കാര്യങ്ങളിലും വ്യത്യസ്തമായ ഒരു ഗ്രീക്ക് പതിപ്പിൽ നിന്നുമാണ് പഴയ സുറിയാനി വിവർത്തനം നിർമ്മിച്ചത്, **2.** വിവർത്തന ശൈലി വളരെ സ്വതന്ത്രമാണ്. സുവിശേഷങ്ങളിലെ പഴയനിയമ ഉദ്ധരണികൾ പ്ശീത്ത പഴയനിയമത്തിന്റെ പദപ്രയോഗവുമായി പൊരുത്തപ്പെട്ടിരിക്കുന്നു, അവിടെ ഗ്രീക്ക് പുതിയ നിയമത്തിൽ കാണപ്പെടുന്ന ഉദ്ധരണിയുടെ രൂപത്തിൽ നിന്ന് ഇത് വ്യത്യസ്തമാണ്.

സുറിയാനി സംസാരിക്കുന്ന സമൂഹങ്ങളിലെ സുവിശേഷ പ്രക്ഷേപണത്തിന്റെ പ്രാരംഭഘട്ടത്തെ ഈ കൈയെഴുത്തുപ്രതികൾ പ്രതിഫലിപ്പിക്കുന്നു. ഈ കാലയളവിൽ തിരുവെഴുത്ത് എങ്ങനെ വ്യാഖ്യാനിക്കുകയും പൊരുത്തപ്പെടുത്തുകയും ചെയ്തു എന്നതിനെക്കുറിച്ചുള്ള വിലപ്പെട്ട ഉൾക്കാഴ്ചകൾ നൽകുന്ന വാചക വ്യതിയാനങ്ങൾ അവ പ്രദർശിപ്പിക്കുന്നു.

**3. പ്ശീത്ത (Peshitta New Testament)**


സുറിയാനി പുതിയനിയമത്തിന്റെ പ്ശീത്ത പതിപ്പ്, അഞ്ചാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ രൂപപ്പെടുത്തിയതായി കരുതപ്പെടുന്നു. സുറിയാനി പുതിയനിയമത്തിന്റെ അടിസ്ഥാനരൂപമായ പ്ശീത്ത, ഗ്രീക്കിൽ നിന്നുള്ള ഒരു പുതിയ വിവർത്തനമല്ല, മറിച്ച് ദിയാതെസ്സറോണിന്റെയും പഴയ സിറിയക് പതിപ്പുകളുടെയും തുടർച്ചയാണ്, അത് ഗ്രീക്ക് പതിപ്പുമായി കൂടുതൽ യോജിക്കുന്നു. പ്ശീത്ത പുതിയനിയമം യഥാർത്ഥ പുതിയനിയമത്തെ പ്രതിനിധീകരിക്കുന്നുവെന്നും ഗ്രീക്ക് അതിന്റെ വിവർത്തനമാണെന്നും ഒരു ന്യൂനപക്ഷ പണ്ഡിതഗണം അഭിപ്രായപ്പെടുന്നുണ്ട്. പ്ശീത്ത പതിപ്പിൽ നാല് സുവിശേഷങ്ങൾ, അപ്പസ്തോലന്മാരുടെ പ്രവൃത്തികൾ, പൗലോസ് ശ്ലീഹായുടെ മുഴുവൻ ലേഖനങ്ങൾ എന്നിവ ഉൾപ്പെടുന്നു,


ഉപകാരസ്മരണ



മേരി ഏണസ്റ്റ്, നെല്ലാട്

ഉപകാരസ്മരണ



ഒഴുകയിൽ കുടുംബം, കാഞ്ഞീറ്റുകര

ഉപകാരസ്മരണ



അമല ജോർജ്

www.malankaralibrary.com

എന്നാൽ കാതോലിക ലേഖനങ്ങളിൽ മൂന്നെണ്ണം മാത്രമേ ഉണ്ടായിരുന്നുള്ളൂ: യാക്കോബ്, 1 പത്രോസ്, 1 യോഹന്നാൻ. (പുതിയനിയമത്തിലെ മറ്റ് ഗ്രന്ഥങ്ങൾ) 2 പത്രോസ്, 2-3 യോഹന്നാൻ, യൂദാ, വെളിപാട് പ്ശീത്ത പരിഷ്കരണത്തിന്റെ ഭാഗമായി വിവർത്തനം ചെയ്തിട്ടില്ല; ആറാം നൂറ്റാണ്ടിൽ എപ്പോഴോ അവ സുറിയാനി ബൈബിൾ പാരമ്പര്യത്തിലേക്ക് കൊണ്ടുവരപ്പെട്ടു.

ഈ പരിഷ്കരണം ഒരു നിശ്ചിത കാലയളവിൽ നടത്തിയതായിരിക്കാം, പക്ഷേ അഞ്ചാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇത് പൂർത്തിയായി. ഈ പരിഷ്കരണത്തിന്റെ പ്രചാരം വളരെ ഫലപ്രദമായിരുന്നു, കാരണം പ്ശീത്ത പഴയ സുറിയാനിയെ വേഗത്തിൽ മാറ്റി സ്ഥാപിക്കുകയും അഞ്ചാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ക്രിസ്തുശാസ്ത്രപരമായ വിവാദങ്ങൾ മൂലമുണ്ടായ സുറിയാനി ഓർത്തഡോക്സ് സഭയും കിഴക്കൻ സഭയും തമ്മിലുള്ള ഭിന്നതയ്ക്ക് മുമ്പ് പുതിയനിയമത്തിന്റെ ആധികാരിക സുറിയാനി പാഠമായി മാറുകയും ചെയ്തു.

പ്ശീത്തായുടെ 350 ലധികം കൈയെഴുത്തുപ്രതികൾ ലഭ്യമാണ്. അവയിൽ പലതും 5 ഉം 6 ഉം നൂറ്റാണ്ടുകളിൽ നിന്നുള്ളതാണ്.

**4. ഫിലോക്സേനിയൻ (Philoxenian)**

മാബുഗിലെ മെത്രാനായിരുന്ന മാർ ഫിലോക്സിനോസ് നിയോഗിച്ചതും അദ്ദേഹത്തിന്റെ കോറെപ്പിസ്കോപ്പായായിരുന്ന പോളികാർപ്പസ് വിവർത്തനം ചെയ്തതുമായ പതിപ്പാണ് ഫിലോക്സേനിയൻ. എ.ഡി. 507/8 ൽ ഈ വിവർത്തനം പൂർത്തിയായി. അതിന്റെ കൈയെഴുത്തുപ്രതികളൊന്നും നിലവിൽ ഇല്ല. അക്കാലത്തെ ദൈവശാസ്ത്രപരമായ വിവാദങ്ങളും ഗ്രീക്ക് പുതിയനിയമത്തിന്റെ കൃത്യവും അക്ഷരാർത്ഥത്തിലുള്ളതുമായ വിവർത്തനത്തിന്റെ ആവശ്യകതയുമാണ് ഫിലോക്സേനിയൻ പുതിയനിയമത്തിന് പിന്നിലെ പ്രധാന പ്രചോദനം. ചില ഉദ്ധരണികൾ ഒഴികെ, ഫിലോക്സേനിയൻ പതിപ്പ് നിർഭാഗ്യവശാൽ നഷ്ടപ്പെട്ടു.

**5. ഹാർക്കലെയിൻ (Harklean)**

ഫിലോക്സേനിയൻ പതിപ്പ് സുറിയാനി പുതിയനിയമത്തിന്റെ കൂടുതൽ പരിഷ്കരണത്തിന് അടിസ്ഥാനമായി വർത്തിച്ചു. എ.ഡി. 616 ൽ സുറിയാനി ഓർത്തഡോക്സ് പണ്ഡിതനായ ഹാർക്കലിലെ തോമസ് പൂർത്തിയാക്കിയ വിവർത്തനം ഹാർക്കലെയിൻ എന്നറിയപ്പെടുന്നു. ഈ വിവർത്തനം ഗ്രീക്ക് പതിപ്പിന്റെ എല്ലാ വിശദാംശങ്ങളും പ്രതിഫലിപ്പി


## ആദരാഞ്ജലികൾ



**അന്നമ്മ വർഗീസ്**
**ആലുങ്കൽ ചിറപ്പുറത്ത്**
**വെണ്ണിക്കുളം**

"ശരണത്താലെ നിൻ കൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നും പറുദീസായ്ക്കായ്"

## ആദരാഞ്ജലികൾ



**മറിയക്കുട്ടി വർഗീസ്**
**വള്ളിക്കാട്ട്, വളകോട്**

"ശരണത്താലെ നിൻ കൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നും പറുദീസായ്ക്കായ്"

(തിരുവല്ല അതിഭദ്രാസനത്തിലെ
ബഹു. വർഗീസ് വള്ളിക്കാട്ട്
അച്ചന്റെ വത്സല മാതാവ്)

## ആദരാഞ്ജലികൾ



**സി. മേരി ലോറൻസ് SIC**
**തിരുമൂലപുരം**

"ശരണത്താലെ നിൻ കൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നും പറുദീസായ്ക്കായ്"

www.malankaralibrary.com



ക്കുന്ന ഒരു ശ്രദ്ധേയമായ പദാനുപദ വിവർത്തനമാണ്. സുറിയാനി ഓർത്തഡോക്സ് സഭയിൽ ഹാർക്കലയിൻ വ്യാപകമായി പ്രചരിച്ചിരുന്നു. പുതിയനിയമത്തിന്റെ സുറിയാനി വിവർത്തനത്തിന്റെ ദീർഘകാല പരിഷ്കരണ പ്രക്രിയയുടെ പരിസമാപ്തിയെയാണ് ഹാർക്കലയിൻ പതിപ്പ് പ്രതിനിധീകരിക്കുന്നത്.

### ഭാഷാപരവും സാംസ്കാരികവുമായ പ്രാധാന്യം

സുറിയാനി ബൈബിൾ സെമിറ്റിക്, ഗ്രീക്ക് സംസ്കാരങ്ങൾ തമ്മിലുള്ള ഒരു പ്രധാന കണ്ണിയായി വർത്തിക്കുന്നു. ഹെബ്രായ, അരമായ എന്നിവയുമായുള്ള അതിന്റെ ഭാഷാപരമായ സാമീപ്യം ഈ ഭാഷകളിൽ യഥാർത്ഥത്തിൽ എഴുതപ്പെട്ട പഴയനിയമ ഗ്രന്ഥങ്ങളെക്കുറിച്ച് സവിശേഷമായ ഉൾക്കാഴ്ച നൽകുന്നു. അതേസമയം, ഗ്രീക്കിൽ നിന്നുള്ള അതിന്റെ വിവർത്തനം ആദിമ ക്രൈസ്തവർ അവരുടെ സാംസ്കാരിക സന്ദർഭത്തിന് അനുയോജ്യമായ രീതിയിൽ തിരുവെഴുത്തുകൾ എങ്ങനെ സ്വീകരിച്ചുവെന്ന് കാണിക്കുന്നു. സുറിയാനി വായനക്കാർക്ക് ബുദ്ധിമുട്ടുള്ള ഭാഗങ്ങൾ വ്യക്തമാക്കാനോ സന്ദർഭോചിതമാക്കാനോ ശ്രമിച്ച വിവർത്തകർ നടത്തിയ വ്യാഖ്യാനങ്ങൾ സുറിയാനി വിവർത്തനങ്ങളിൽ പലപ്പോഴും കാണുവാൻ സാധിക്കും. ആദ്യകാല ക്രൈസ്തവർ തിരുവെഴുത്ത് എങ്ങനെ മനസ്സിലാക്കിയെന്നും അത് അവരുടെ ദൈവശാസ്ത്ര ചട്ടക്കൂടിലേക്ക് എങ്ങനെ പൊരുത്തപ്പെടുത്തിയെന്നും ഈ വിവരണങ്ങൾ വെളിപ്പെടുത്തുന്നു.




### ബൈബിൾ പഠനങ്ങളിലെ സ്വാധീനം

സുറിയാനി ബൈബിൾ പഠനനിരൂപണത്തിന് നിർണായകമാണ്. മൂലഗ്രന്ഥങ്ങൾ പുനർനിർമ്മിക്കുന്നതിനും ബൈബിൾ കൈയെഴുത്തുപ്രതികൾക്കിടയിലുള്ള വ്യതിയാനങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനും സുറിയാനി ബൈബിൾ പാരമ്പര്യം വളരെ പ്രധാനപ്പെട്ടതാണ്.

സുറിയാനി കൈയെഴുത്തുപ്രതികളും ഗ്രീക്ക് അല്ലെങ്കിൽ ഹീബ്രു ഗ്രന്ഥങ്ങളും തമ്മിലുള്ള താരതമ്യങ്ങൾ ആദ്യകാല ക്രിസ്തുമതത്തിലെ ദൈവശാസ്ത്രപരമായ സംവാദങ്ങളിലും വ്യാഖ്യാന പ്രവണതകളിലും വെളിച്ചം വീശുന്ന വ്യത്യാസങ്ങൾ വെളിപ്പെടുത്തുന്നു. ഗ്രീക്കിൽ നിന്ന് സെമിറ്റിക് ഭാഷയിലേക്കുള്ള ആദ്യകാല വിവർത്തനങ്ങളിൽ ഒന്നായതിനാൽ, കാലക്രമേണ തിരുവെഴുത്ത് എങ്ങനെ പരിണമിച്ചുവെന്ന് മനസ്സിലാക്കുന്നതിനുള്ള വിലപ്പെട്ട തെളിവുകൾക്ക് ഇത് നൽകുന്നു.

**കൈയെഴുത്തുപ്രതി പാരമ്പര്യം**

സുറിയാനി ബൈബിളിന്റെ 350 ലധികം കൈയെഴുത്തുപ്രതികൾ ഇന്നും നിലനിൽക്കുന്നു. ഈ കൈയെഴുത്തുപ്രതികൾ ലോകമെമ്പാടുമുള്ള ശേഖരങ്ങളിൽ സൂക്ഷിച്ചിരിക്കുന്നു, ഇതിൽ ശ്രദ്ധേയമായ ഗ്രന്ഥശാലകൾ: ബ്രിട്ടീഷ് ഗ്രന്ഥശാല, വത്തിക്കാൻ ഗ്രന്ഥശാല, സെന്റ് കാതറിൻ ആശ്രമ ഗ്രന്ഥശാല എന്നിവയാണ്.

### ആരാധനക്രമ ഉപയോഗം

സുറിയാനി ക്രൈസ്തവ സമൂഹങ്ങൾ ആരാധനാക്രമത്തിൽ സുറിയാനി ബൈബിൾ തുടർന്നും ഉപയോഗിക്കുന്നു. പ്രത്യേകിച്ച് സുറിയാനി യാമപ്രാർത്ഥനകളിൽ സുറിയാനി ബൈബിൾ പാരമ്പര്യത്തിൽ നിന്നുള്ള വിവർത്തനങ്ങൾ ഉപയോഗിച്ചിട്ടുള്ളത്. ആധുനിക വിവർത്തനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മനസ്സിലാക്കുവാൻ സാധിക്കും.

### ഉപസംഹാരം

സുറിയാനി ബൈബിൾ പാരമ്പര്യം സംസ്കാരങ്ങളെയും നൂറ്റാണ്ടുകളെയും ബന്ധിപ്പിക്കുന്ന ആദ്യകാല ക്രൈസ്തവ വിശ്വാസത്തിന്റെ ഒരു ഊർജ്ജസ്വലമായ പ്രകടനമാണ്. വിശുദ്ധ ഗ്രന്ഥ പഠനത്തിനും വ്യാഖ്യാനത്തിനും അതിന്റെ ചരിത്രപരമായ വളർച്ചയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിനും സുറിയാനി ബൈബിൾ പണ്ഡിതരെയും വിശ്വാസികളെയും ഒരേപോലെ സഹായിക്കുന്നു. സുറിയാനി ബൈബിൾ പഠനത്തിൽ ഇന്ന് ഉണ്ടായിട്ടുള്ള അഭൂതപൂർവമായ വളർച്ച ഈ ഒരു പാരമ്പര്യത്തിന്റെ പ്രാധാന്യം ചൂണ്ടികാണിക്കുന്നു. ●

www.malankaralibrary.com



# ഉന്നത വിദ്യാഭ്യാസ മേഖലയിൽ കമ്പ്യൂട്ടർ അനുബന്ധ കോഴ്സുകളുടെ പ്രസക്തി

Information Technology





**റ്റിജി തോമസ്**
(വകുപ്പ് മേധാവി,
ഡിപ്പാർട്ട്മെന്റ് ഓഫ് കമ്പ്യൂട്ടർ
ആപ്ലിക്കേഷൻസ്
മാക്ഫാസ്റ്റ്)

ഇന്ന് ലോകത്ത് ഏറ്റവും കൂടുതൽ മുന്നേറികൊണ്ടിരിക്കുന്ന മേഖലയാണ് ഇൻഫർമേഷൻ ടെക്നോളജി അഥവാ വിവരസാങ്കേതിക വിദ്യ. കമ്പ്യൂട്ടർ പ്രോഗ്രാമിങ്, ഇന്റർനെറ്റ്, സോഫ്റ്റ് വെയർ, ഡേറ്റാബേസ്, നെറ്റ്‌വർക്ക് എന്നീ മേഖലകളെല്ലാം വിവരസാങ്കേതിക വിദ്യയുടെ കുടക്കീഴിലാണ് വരുന്നത്. വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, ബിസിനസ്, ഗവൺമെന്റ് സേവനങ്ങൾ, വിനോദം തുടങ്ങിയ എല്ലാ മേഖലകളിലും വിവരസാങ്കേതിക വിദ്യയുടെ സംഭാവന അതിരുകളില്ലാത്തതാണ്. ഓൺലൈൻ ക്ലാസുകൾ, ടെലിമെഡിസിൻ, ഇ-കൊമേഴ്സ്, ഡിജിറ്റൽ ബാങ്കിംഗ്, ഇ-ഗവേണൻസ് തുടങ്ങിയ സേവനങ്ങൾ വിവരസാങ്കേതികവിദ്യയുടെ സഹായത്താലാണ് ഇത്രമാത്രം കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കുന്നത്.

അതുപോലെ തന്നെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ നിർമ്മിതബുദ്ധിയുടെ മുന്നേറ്റം എല്ലാ മേഖലകളിലും വിപ്ലവകരമായ മാറ്റങ്ങളാണ് സൃഷ്ടിക്കുന്നത്. നേരത്തെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മെഷീൻ ലേണിങ് തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ അക്കാഡമിക് മേഖലകളിൽ മാത്രം ചർച്ച ചെയ്യപ്പെട്ടിരുന്ന സാഹചര്യവും മാറി. മേൽപ്പറഞ്ഞ എല്ലാ സാങ്കേതികവിദ്യകളും സാധാരണക്കാർക്കും ഇന്ന് അനുഭവവേദ്യമായി കഴിഞ്ഞു. സ്മാർട്ട് ഫോണിലൂടെ അല്ലെങ്കിൽ കമ്പ്യൂട്ടറുകളിലൂടെ ഈ മേഖലകളിലെ ഏറ്റവും പുതിയ ചലനങ്ങൾ നമ്മുടെ നിത്യജീവിതത്തിൽ ഉപയോഗപ്രദവും അനുയോജ്യവും ആകുന്നത് ഇന്ന് നമുക്ക് കാണാൻ സാധിക്കും.

അതേസമയം, സാങ്കേതികവിദ്യയുടെ വളർച്ചയ്ക്കൊപ്പം ചില വെല്ലുവിളികളും ഉയരുന്നുണ്ട്. സൈബർ ആക്രമണങ്ങൾ, സ്വകാര്യതയുടെ ലംഘനം, തെറ്റായ വിവരങ്ങൾ എന്നിവ നമ്മുടെ സമൂഹത്തിന് ഭീഷണി

www.malankaralibrary.com



യായി മാറുന്നു. ഇവയെ ചെറുക്കാൻ സൈബർ സുരക്ഷാ സംവിധാനങ്ങൾ, ഡേറ്റാ പ്രൊട്ടക്ഷൻ നിയമങ്ങൾ എന്നിവ ഉറപ്പാക്കേണ്ടതുണ്ട്. സമഗ്രമായൊരു ഭാവി കെട്ടിപ്പടുക്കാൻ, മനുഷ്യത്വപരമായ വികസനം ഉറപ്പാക്കാൻ, വിവരസാങ്കേതികവിദ്യയെ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

വിവരസാങ്കേതികവിദ്യയുടെ വളർച്ചയ്ക്ക് ഒപ്പം തന്നെ ഈ മേഖലയിലെ തൊഴിൽ സാധ്യതകളും കൂടി കൊണ്ടിരിക്കുകയാണ്. മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ അഥവാ MCA, ബാച്ചിലർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ അഥവാ BCA, ബിടെക് കമ്പ്യൂട്ടർ സയൻസ് എന്നീ കോഴ്സുകൾ പഠിക്കുന്നതിലൂടെ വിവരസാങ്കേതികവിദ്യയുടെ വിവിധ മേഖലകളിൽ ജോലി നേടിയെടുക്കുവാൻ ഉദ്യോഗാർത്ഥികൾക്ക് സാധിക്കും.

ഐടി മേഖലയിലെ അടിസ്ഥാന വിദ്യാഭ്യാസത്തിന് ഉപകരിക്കുന്ന കോഴ്സ് ആണ് ബാച്ചിലർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ അഥവാ ബിസിഎ. വിവിധ സോഫ്റ്റ് വെയറുകളും വെബ്സൈറ്റും രൂപപ്പെടുത്തുന്ന സോഫ്റ്റ് വെയർ ഡെവലപ്പർ, സിസ്റ്റം അനലിസ്റ്റ്, ഡേറ്റാ ബെയ്സ് അഡ്മിനിസ്ട്രേറ്റർ, വെബ് ഡെവലപ്പർ ടെക്നിക്കൽ സപ്പോർട്ട് തുടങ്ങിയ ഒഴിവുകളിലേയ്ക്ക് ബിസിഎ കഴിഞ്ഞ ഒരു വിദ്യാർത്ഥിക്ക് ജോലി സമ്പാദിക്കാൻ സാധിക്കും.

സമാനമായ രീതിയിൽ കമ്പ്യൂട്ടർ ആപ്ലിക്കേഷനിലെ ബിരുദാനന്തര കോഴ്സ് ആണ് മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ അഥവാ എംസിഎ. നേരത്തെ മൂന്ന് വർഷമായിരുന്ന എംസിഎ ഇന്ത്യ ഒട്ടാകെ രണ്ട് വർഷത്തെ കോഴ്സ് ആയി ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജുക്കേഷൻ 2020 മുതൽ ഏകീകരിച്ചിരുന്നു. സോഫ്റ്റ് വെയർ എഞ്ചിനീയർ, ആപ്പ് ഡെവലപ്പർ, ക്ലൗഡ് ആർക്കിടെക്റ്റ്, സൈബർ സെക്യൂരിറ്റി വിദഗ്ധൻ, ഐടി പ്രൊജക്ട് മാനേജർ, ഡേറ്റാ സയന്റിസ്റ്റ് എന്നിങ്ങനെ ഐടി മേഖലയിലെ ഏത് തൊഴിലും ഏറ്റെടുക്കാൻ പര്യാപ്തരാണ് എംസിഎ വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾ.

ബിസിഎ, എംസിഎ കോഴ്സുകൾ കഴിഞ്ഞവർക്ക് തൊഴിൽ സാധ്യതകൾ ദിവസേന വളർന്നു കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് പ്രോഗ്രാമിംഗ്, ഡേറ്റാ അനലിറ്റിക്സ്, ക്ലൗഡ് കമ്പ്യൂട്ടിംഗ്, സൈബർ സുരക്ഷ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ മേഖലകളിൽ കഴിവ് തെളിയിച്ചാൽ ഉയർന്ന വേതനം ലഭിക്കുന്ന മികച്ച അവസരങ്ങൾ ഉറപ്പാക്കാം.

അനുദിനം മാറികൊണ്ടിരിക്കുന്ന ടെക്നോളജിയുടെ ലോകത്ത് മാറ്റങ്ങൾക്ക് ഒപ്പം സഞ്ചരിക്കുകയും നിരന്തരം പഠനം തുടരുകയും പുതിയ സാങ്കേതിക വിദ്യകൾ കൈവരിക്കുകയും ചെയ്താൽ തൊഴിൽ വിപണിയിൽ ഉന്നത സ്ഥാനങ്ങൾ നേടാൻ കഴിയും.

പഠനത്തോടൊപ്പം ലൈവ് പ്രോജക്ടുകളിൽ പങ്കാളികളായി പ്രവർത്തിപരിചയം ഉറപ്പാക്കുകയാണെങ്കിൽ കോഴ്സ് കഴിയുന്നതിനുമുൻപ് തന്നെ ഒട്ടേറെ പ്ലേസ്മെന്റ് സാധ്യതകളാണ് വിദ്യാർത്ഥികളെ കാത്തിരിക്കുന്നത്. പഠിക്കുന്ന സിലബസിനൊപ്പം ഇൻഡസ്ട്രിയലിൽ നടക്കുന്ന ഏറ്റവും പുതിയ സ്പന്ദനങ്ങളെ അടുത്തറിയാൻ ഇത്തരം ലൈവ് പ്രോജക്ടുകൾ വിദ്യാർത്ഥികളെ തുണയ്ക്കും. മാക്ഫാസ്റ്റിലെ ഡിപ്പാർട്ട്മെന്റ് ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷന്റെ കീഴിലുള്ള ബിസിഎ, എംസിഎ കോഴ്സുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത് ഈ രീതിയിലാണ്. ഓരോ സെമസ്റ്ററിലും ഈ മേഖലയിലെ ഏറ്റവും പുതിയ മാറ്റങ്ങളും ടെക്നോളജികളും കോഴ്സിന്റെ ഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്നു. അതുകൂടാതെ കോഴ്സിന്റെ ഒപ്പം തിരുവനന്തപുരം ടെക്നോപാർക്കിലെ പ്രോജക്ടുകളിൽ ചേർന്ന് പ്രവർത്തിക്കാനുള്ള അവസരവും ഉണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ നൂതന മേഖലകളിൽ സ്പെഷ്യ



ലൈസ് ചെയ്യാനുള്ള അവസരവും മാക്ഫാസ്റ്റിൽ ഒരുക്കിയിട്ടുണ്ട്. എം.ജി. യൂണിവേഴ്സിറ്റി സിലബസിനൊപ്പം ഇൻഡസ്ട്രി എക്സ്പീരിയൻസ് കൂടി ലഭ്യമാകുന്ന രീതിയിലാണ് ബിസിഎ, എംസിഎ കോഴ്സ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. മാക്ഫാസ്റ്റ് ഇൻഡസ്ട്രി ഇന്റർ ഫെയ്സ് എന്ന പേരിലാണ് ഈ പാഠ്യപദ്ധതി അറിയപ്പെടുന്നത്.

മാക്ഫാസ്റ്റിന് IIIT അലഹബാദ് തുടങ്ങിയ ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള സഹകരണം ഇവിടെ പഠിക്കുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് പ്രോജക്ടുകൾ ചെയ്യാനും തുടർപഠനത്തിനുമായും തുറന്നു തരുന്നത് ഒട്ടേറെ അവസരങ്ങളാണ്. ലോകം വിവരസാങ്കേതിക വിദ്യയുടെ ചിറകിലേറി പറക്കുമ്പോൾ അതിന്റെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്താൻ നമ്മുടെ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു. ●

www.malankaralibrary.com






**ഫാ. മാത്യു ചിറയിൽ**

## മെയ് 4 (വി. യോഹന്നാൻ 21:1 – 14)

യേശുവിന്റെ പരസ്യ ജീവിതകാലത്ത് എപ്പോഴും 12 ശിഷ്യന്മാർ കൂടെയുണ്ടായിരുന്നു. എന്നാൽ യേശുവിന്റെ മരണശേഷം ഇപ്പോൾ അത് 7 ആയി കുറഞ്ഞിരിക്കുന്നു. പന്ത്രണ്ടിൽ ഒരാൾ ഗുരുവിന്റെ ഒറ്റുകാരനായി തീർന്ന് ആത്മഹത്യ ചെയ്തു. പത്രോസിന്റെ നേതൃത്വത്തിലുള്ള ഏഴു പേരാണ് മീൻ പിടിക്കുവാനായി ഇറങ്ങിയിരിക്കുന്നത്. അതിൽ അഞ്ചു പേരെ പത്രോസ്, തോമാ, നഥാനിയേൽ, സെബദിയുടെ പുത്രന്മാർ എന്നിവരെപ്പറ്റി വ്യക്തമായി പറയുമ്പോൾ മറ്റ് രണ്ടു ശിഷ്യന്മാർ എന്നു പറഞ്ഞിരിക്കുന്നത് ആരെയാണ് സൂചിപ്പിക്കുന്നതെന്ന് വ്യക്തമല്ല. അത് അന്ത്രയോസും, ഫിലിപ്പോസും ആണെന്ന് പറയപ്പെടുന്നു. തോമായും, നഥാനിയേലും പത്രോസ് എന്ന മുക്കുവന്റെ കൂടെ പോയവരായിരിക്കാം. സെബദി പുത്രന്മാരായ യാക്കോബും, യോഹന്നാനും മീൻ പിടുത്തക്കാരായിരുന്നു. മീൻ പിടിക്കാൻ പോകാമെന്ന നിർദേശം വെച്ചത് പത്രോസായിരുന്നു. മറ്റുള്ളവരെയും പത്രോസ് കൂടെക്കൂട്ടി. ഏഴംഗ സംഘം രാത്രി മുഴുവൻ യത്നിച്ചിട്ടും ഒന്നും കിട്ടിയില്ല. അവരുടെ ഈ യത്നത്തെ 'വിശ്വാസത്യാഗത്തിന്റെ രംഗം' എന്നാണ് ഹോസ്കിൻസ് എന്ന ബൈബിൾ പണ്ഡിതൻ വിലയിരുത്തുന്നത്. ബ്രൗണിന്റെ അഭിപ്രായത്തിൽ അത് ഏതാനും ശിഷ്യരുടെ ലക്ഷ്യമില്ലാത്ത പ്രവൃത്തിയായിരുന്നു. എന്നാൽ ഈ അഭിപ്രായങ്ങൾ അവരും അംഗീകരിക്കുന്നില്ല.

ശിഷ്യന്മാർ യഥാർത്ഥത്തിൽ തങ്ങളുടെ ഗുരുവിനെ കാത്തിരിക്കണമായിരുന്നു. എന്നാൽ വർഷങ്ങൾക്ക് മുൻപ് ഉപേക്ഷിച്ച പണിയിലേക്ക് അവർ തിരിച്ചു പോകുമായിരുന്നില്ലായിരുന്നു. അവരുടെ ജീവിത വീക്ഷണത്തിൽ വന്ന വ്യത്യാസമാണ് അവരുടെ മീൻപിടുത്ത യത്നത്തിൽ പ്രകടമാക്കുന്നത്. മിടുക്കരായ മീൻപിടുത്തക്കാരായ അവർക്ക് രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും ലഭിച്ചില്ല. യേശു കൂടെയില്ലാതെ എന്തു ചെയ്യണമെന്നറിയാതെ വിഷമിക്കുന്ന ഒരു കൂട്ടം ശിഷ്യരെ നാം ഇവിടെ കാണുന്നു. പരാജയത്തിലവസാനിച്ച മീൻപിടുത്ത യജ്ഞമാണ് ഉത്ഥിതനായ യേശുവിന്റെ പ്രത്യക്ഷപ്പെടലിന് വഴിയൊരുക്കുന്നത്.

വെറുംകൈയ്യോടെ തിരികെ വരുന്ന ശിഷ്യന്മാർ കരയ്ക്കു നിൽക്കുന്ന യേശുവിനെ കണ്ടു. എന്നാൽ ഉത്ഥിതനെ തിരിച്ചറിയുവാൻ ശിഷ്യർക്ക് സാധിച്ചില്ല. മറിയം മഗ്ദലന യേശുവിനെ കണ്ടപ്പോൾ അത് തോട്ടക്കാരനാണെന്ന് തെറ്റിദ്ധരിച്ചു. നിരാശയോടെ മടങ്ങുന്ന ശിഷ്യരോട് യേശു സംസാരിച്ചു. കൈവശം മീൻ ഒന്നുമില്ലേ എന്ന യേശുവിന്റെ ചോദ്യത്തിന് ഒന്നും ലഭിച്ചില്ല എന്നവർ മറുപടി നൽകി. "വള്ളത്തിന്റെ വലത് വശത്ത് വലയിടുക. അപ്പോൾ നിങ്ങൾ കണ്ടെത്തും" എന്ന് യേശു പറഞ്ഞു. യേശുവിന്റെ ആ നിർദ്ദേശം അവർ പാലിച്ചപ്പോൾ വല നിറയെ അവർക്ക് മീൻ ലഭിച്ചു. മീൻ ലഭിച്ചതിന്റെ കാരണക്കാരൻ യേശുവാണെന്ന് യോഹന്നാൻ മനസിലാക്കി. യോഹന്നാൻ ആ കാര്യം പത്രോസിനോട് പങ്കുവച്ചപ്പോൾ പത്രോസ് ഉടനെ പുറങ്കുപ്പായം എടുത്തു ധരിച്ചുകൊണ്ട് കടലിലേക്ക് എടുത്തുചാടി. പത്രോസ് എങ്ങനെ യേശുവിന്റെ അടുത്ത് എത്തിയെന്ന് ഇവിടെ വിവരിക്കുന്നില്ല. വള്ളത്തിൽ ഉണ്ടായിരുന്ന 6 പേർ മീൻ നിറഞ്ഞ വലയുമായി കരയിലെത്തി. അപ്പോൾ യേശു പ്രാതൽ തയ്യാറാക്കി അവരെ കാത്തിരിപ്പുണ്ടായിരുന്നു. തീയിൽ ചുട്ട മീനും അപ്പവും അവിടെ തയ്യാറാക്കി വച്ചിരുന്നു. ഇവിടെ രണ്ട് വ്യത്യസ്ത സംഭവങ്ങൾ നാം കാണുന്നു.

1. അത്ഭുതകരമായ മീൻപിടുത്തം
2. പ്രാതൽ

അത്ഭുതകരമായ മീൻപിടുത്തം ഉത്ഥിതനായ യേശുവിന്റെ പ്രത്യക്ഷീകരണത്തിലാണ് എത്തിനിൽക്കുന്നത്. യേശു തയ്യാറാക്കിയ മീൻ ഒപ്സാരിയോൻ എന്ന ഗ്രീക്ക് പദമാണ്. യേശുവിന്റെ നിർദ്ദേശത്തിൽ ശിഷ്യന്മാർ പിടിക്കുന്ന മീനിന് ഇക്തൂസ് എന്ന ഗ്രീക്ക് പദം ഉപയോഗിച്ചിരിക്കുന്നു.

153 വലിയ മത്സ്യങ്ങൾ വലയിൽ ഉണ്ടായിരുന്നു. എന്നാൽ വല കീറിയില്ല. എല്ലാ മനുഷ്യരെയും ശിഷ്യ

www.malankaralibrary.com


ന്മാർ തങ്ങളുടെ പ്രേഷിത പ്രവർത്തനം വഴി സഭയിലേക്ക് കൊണ്ടുവരുമെന്നതാണ് 153 എന്ന സംഖ്യ ചൂണ്ടിക്കാട്ടുന്നതെന്ന് വി. ജറോം വ്യാഖ്യാനിച്ചു. ജറുസലേം ദൈവാലയത്തിൽ നിന്ന് ചാവുകടലിലേക്കു പുറപ്പെടുന്ന നദിയിൽ എല്ലാത്തരം ജലജീവികളും ഉണ്ടായിരുന്നു. 153 എന്ന സംഖ്യ ഗണിതശാസ്ത്രപരമായി പൂർണ്ണതയുടെ പ്രതീകമാണെന്ന് ഹോസ്കിൻസ് അഭിപ്രായപ്പെടുന്നു. 153 എന്നത് സഭയുടെ പൂർണതയുടെ പ്രതീകമായി കാണുന്നു. വി. സിറിൽ ഇപ്രകാരം പറയുന്നു, “153 എന്നത് 100 പുറജാതികൾ, 50 ശേഷിച്ചവർ, 3 ത്രിത്വം. ഡെൻസിലെ റുബേർട്ട് പറയുന്നു, 100 വിവാഹിതർ, 50 വിധവകൾ, 3 കന്യകകൾ. വി. അഗസ്റ്റിൻ പറയുന്നു, 153=3X 50+3 (ത്രിത്വം). 153 എന്നത് സ്നേഹത്തിന്റെ സഭയെ സൂചിപ്പിക്കുന്നു. യേശു തന്നെ അവർക്ക് അപ്പവും മീനും കൊടുത്തു. ദിവ്യകാരുണ്യത്തിന്റെ സൂചനകൾ ഇവിടെ നാം കാണുന്നു.



**ഫാ. ജോൺ കരപ്പനശ്ശേരിമലയിൽ**

## മെയ് 11 വി. ലൂക്കാ 24: 13-35

യേശുവിന്റെ ഉത്ഥാനശേഷം അവന്റെ രണ്ടു ശിഷ്യന്മാർ ജറുസലേമിൽനിന്നും എമ്മാവൂസിലേക്ക് യാത്ര ചെയ്യുന്നതും ഉത്ഥിതനായ കർത്താവ് അവരോടൊപ്പം യാത്ര ചെയ്യുന്നതും തന്റെ ഉത്ഥാനരഹസ്യത്തിൽ അവരെ ചേർത്തുറപ്പിക്കുന്നതുമാണ് ഇന്നത്തെ സുവിശേഷത്തിന്റെ പ്രമേയം.

ഈ സുവിശേഷഭാഗത്തിലൂടെ കടന്നുപോകുമ്പോൾ എമ്മാവൂസിലേക്ക് പോയ ആ രണ്ടു ശിഷ്യന്മാരുടെ ചിന്തകളും ബോധ്യങ്ങളുമൊക്കെ നാം മനസ്സിലാക്കുകയാണ്. യേശുവിനെ കണ്ടുമുട്ടുമ്പോൾ ഉത്ഥാനരഹസ്യത്തിൽ പങ്കുചേരുമ്പോൾ അവരിലുണ്ടാകുന്ന വിവിധ തരത്തിലുള്ള മാറ്റങ്ങളും നമ്മുടെ ക്രിസ്തീയ ജീവിതത്തിനും മാതൃകയാണ്. ജറുസലേമിൽ നിന്നും എമ്മാവൂസിലേക്കുള്ള യാത്രയിലുടനീളം തർക്കിക്കുകയും വാദിക്കുകയും ചെയ്യുന്ന രണ്ട് ശിഷ്യന്മാരെയാണ് നാം സുവിശേഷത്തിൽ കാണുന്നത്. അവരുടെ തർക്കവിഷയം യേശുതന്നെയാണ്. വാക്കിലും പ്രവൃത്തിയിലും ശക്തനായിരുന്ന തങ്ങളുടെ ഗുരുവിന്റെ ദാരുണമായ പീഡാസഹനങ്ങളും മരണവുമൊക്കെ നിരാശയിലേക്കു തള്ളിവിട്ട രണ്ടു ശിഷ്യന്മാർ. എന്നാൽ ആ ഗുരു ഉത്ഥാനം ചെയ്തു എന്ന സന്ദേശം അവർക്ക് വിശ്വസിക്കാനോ മനസ്സിലാക്കാനോ സാധിക്കുന്നില്ല. എന്നാൽ സഹയാത്രികനായി അവരോടൊപ്പം ചേരുന്ന യേശുനാഥൻ വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിക്കുന്നതിലൂടെയും അപ്പം മുറിച്ച് അവർക്ക് നൽകി തന്നെതന്നെ വെളിപ്പെടുത്തുന്നതിലൂടെയും അവർ വിശ്വാസ ദൃഢതയുള്ളവരായി ആകുകയാണ്. യേശുവിനെ കണ്ടുമുട്ടിയപ്പോൾ, അവന്റെ ഉത്ഥാനരഹസ്യത്തിൽ പങ്കുചേരുമ്പോൾ സമൂലമായ മാറ്റം അവരുടെ ചിന്തയിലും ജീവിതത്തിലുമുണ്ടാകുകയാണ്. അവർ നിരാശയിൽ നിന്നും പ്രത്യാശയിലേക്കും ദുഃഖത്തിൽ നിന്നും സന്തോഷത്തിലേക്കും ഏകാന്തതയിൽ നിന്നും കൂട്ടായ്മയുടെ അനുഭവത്തിലേക്കും ഒരു തിരിച്ചുവരവ് നടത്തുകയാണ്.

എമ്മാവൂസ് യാത്ര ഒരു പരിധിവരെ നാമെല്ലാവരും ജീവിതത്തിൽ അഭിമുഖീകരിക്കുന്ന അനുഭവം തന്നെയാണ്. നമ്മുടെ കൂടെ നടക്കുന്ന യേശുവിനെ പലപ്പോഴും നമുക്കും തിരിച്ചറിയാൻ കഴിയുന്നില്ല. അനുദിനം വി. കുർബാനയിൽ വചനത്തിലൂടെ അവിടുന്ന് നമ്മെ അനുഗ്രഹിച്ചിട്ടുള്ളത്; വി. കുർബാനയിൽ തന്നെത്തന്നെ മുറിച്ച് നമുക്കായി നൽകിയിട്ടുള്ളതൊക്കെ ഒരുപക്ഷേ പൂർണ്ണമായി തിരിച്ചറിയുന്നതിൽ നമുക്ക് കുറവുകൾ സംഭവിക്കുന്നു. പൂർണ്ണമായി യേശുവിനെ തിരിച്ചറിയുവാനും അനുഭവിക്കാനും കഴിയാത്തവിധം ആ ശിഷ്യന്മാരെപ്പോലെ നമ്മുടെ ഹൃദയവും മന്ദീഭവിച്ചിരിക്കുന്ന അവസ്ഥ നമ്മുടെ ആത്മീയ ജീവിതത്തിൽ സംഭവിക്കുന്നു. വിശ്വാസം മന്ദീഭവിക്കുമ്പോൾ, വെല്ലുവിളികൾ നമ്മെ തളർത്തുമ്പോൾ, നിരാശയുടെ പടുകുഴിയിൽ നാം വീഴുമ്പോൾ, ദൈവം പോലും നമ്മെ ഉപേക്ഷിച്ചുവെന്ന ചിന്തകൾ നമ്മെ ഭരിക്കുമ്പോൾ നാമും എമ്മാവൂസിലേക്കാണ് പോകുന്നതെന്ന് തിരിച്ചറിയണം. ഈ യാത്രയിൽ യേശു കൂടെ നടക്കുമ്പോൾ, അവൻ വചനത്തിലൂടെ സംസാരിക്കുമ്പോൾ, വി. കുർബാനയാകുന്ന വിരുന്നൊരുക്കുമ്പോൾ, അത് നമ്മുടെ വിശുദ്ധീകരണത്തിനും ആത്മീയ ജീവിതത്തിൽ നാം പക്വത പ്രാപിക്കുന്നതിനും വേണ്ടിയാണെന്ന് നമുക്ക് തിരിച്ചറിയാം. ആ സമയങ്ങളിൽ വചനത്തിലൂടെ ദൈവത്തോട് സംഭാഷണം നടത്താൻ നമുക്ക് കഴിയണം. ആ സമയത്ത് ദൈവം നമുക്കു വേണ്ടി മുറിക്കപ്പെട്ട അപ്പമാണെന്ന് നാം തിരിച്ചറിയണം.

ഈ എമ്മാവൂസ് അനുഭവം അനുദിനം നാം അർപ്പിക്കുന്ന വി. കുർബാനയുടെ പ്രതീകം തന്നെയാണ്. യേശു ആദ്യം ഈ ശിഷ്യരുടെ കൂടെ നടന്ന് വചനമേശയിൽനിന്നും അവരെ തൃപ്തിപ്പെടുത്തുന്നു. പിന്നീട് മേശയ്ക്കു ചുറ്റുമിരുന്ന് അപ്പം മുറിച്ച് നൽകി അവരെ പരിപോഷിപ്പിക്കുന്നു. ദൈവവചനം അവരുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുന്നു. വി. കുർബാന

www.malankaralibrary.com



സ്വീകരണം അവരുടെ ആന്തരിക നയനങ്ങൾ തുറക്കുന്നതിനും കൺമുൻപിൽ നിൽക്കുന്ന ദൈവത്തെ തിരിച്ചറിയുന്നതിനും സഹായിക്കുന്നു. ഓരോ വി. കുർബാനയിലും എമ്മാവൂസിലേക്ക് പോയ ശിഷ്യരെപ്പോലെ ഉത്ഥിതനായ കർത്താവുമായുള്ള കൂടികാഴ്ചയ്ക്ക് നമ്മെത്തന്നെ ഒരുക്കാം.



**ഫാ. ജസ്റ്റിൻ ഓലിക്കൽ**

## മെയ് 18 വി. ലൂക്കാ 24:36-49

നമ്മുടെ കർത്താവേശുമിശിഹായുടെ ഉയിർപ്പുത്തിരുന്നാളിന്റെ നാലാമത്തെ ഞായറാഴ്ചയിലൂടെ കടന്നുപോകുമ്പോൾ തിരുസഭ വിചിന്തനത്തിനായ് നല്കിയിരിക്കുന്ന സുവിശേഷ ഭാഗം ലൂക്കാ 24:36-49 തിരുവചനഭാഗങ്ങളാണ്. മനുഷ്യകുലത്തിന്റെ പാപപരിഹാര ബലിയും ഗോഗുൽത്തായുടെ നെഞ്ചകത്തിൽ ക്രൂശിൽ മരിച്ച്, കബറടക്കപ്പെട്ട് ഉത്ഥാനം ചെയ്ത യേശുമിശിഹാ തന്റെ ശിഷ്യന്മാർക്ക് പല സന്ദർഭങ്ങളിലും പാരമ്പര്യങ്ങളിലും പ്രത്യക്ഷപ്പെട്ട് വിശ്വാസത്തിന്റെ ആഴങ്ങളിൽ ഉറപ്പിക്കുന്നതായി സുവിശേഷത്തിന്റെ പല ഭാഗങ്ങളിലും കാണുവാൻ സാധിക്കും. എമ്മാവൂസിലേയ്ക്ക് പോയ ശിഷ്യന്മാർ കർത്താവിന്റെ പ്രത്യക്ഷതയെ തിരിച്ചറിഞ്ഞ് തിരികെയെത്തി മറ്റുള്ളവരോട് വിശദീകരിക്കുമ്പോഴാണ് കർത്താവേശുമിശിഹാ അവരുടെ മധ്യത്തിലേയ്ക്ക് കടന്നുവരുന്നത്. ഒരു ക്രിസ്തുശിഷ്യനെ എപ്രകാരം വിശ്വാസജീവിതത്തിൽ ഉറപ്പിക്കണമെന്ന് ഈ സുവിശേഷഭാഗത്തിലൂടെ സുവിശേഷകൻ ചൂണ്ടിക്കാട്ടുന്നു.

ഒന്നാമതായി, ആരവങ്ങളോ, ആകുലതകളോ, അശാന്തിയോ അല്ല, മറിച്ച് കർത്താവേശുമിശിഹായുടെ ആത്മീയ സമാധാനമാണ് ഒരു വിശ്വാസിയെ ആത്മീയജീവിതത്തിൽ ഉറപ്പിച്ചു നിർത്തേണ്ടതെന്ന യാഥാർത്ഥ്യം ഈ സുവിശേഷഭാഗം ചൂണ്ടിക്കാണിക്കുന്നു. ഉത്ഥാനം ചെയ്ത കർത്താവേശുമിശിഹാ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ട് ആദ്യം പറയുന്നത് "നിങ്ങൾക്ക് സമാധാനം" എന്നാണ്. ലോകരാഷ്ട്രങ്ങൾ തമ്മിലും സഹോദരർ തമ്മിലും കുടുംബങ്ങളിൽ ജീവിതപങ്കാളികൾ തമ്മിലും മാതാപിതാക്കളും മക്കളും തമ്മിലും അസമാധാനം, അരങ്ങ് വാഴുന്ന ലോകത്താണ് നാമോരോരുത്തരും ജീവിക്കുന്നത്. ഈ കാലഘട്ടത്തിൽ നമ്മുടെ വിശ്വാസജീവിതത്തിൽ ജീവിതത്തിൽ നമ്മളെ ഉറപ്പിച്ചുനിർത്തേണ്ടത് കർത്താവിന്റെ സമാധാനമാണ്. അശാന്തതയും അരാജകത്വങ്ങളും നിറഞ്ഞുനില്ക്കുന്ന ലോകത്തിൽ, നമ്മുടെ കുടുംബബന്ധങ്ങളിലും സഹോദരബന്ധങ്ങളിലും കർത്താവേശുമിശിഹാ നമുക്ക് പകർന്ന് തന്ന സമാധാനം കാത്തുസൂക്ഷിച്ചുകൊണ്ട് ക്രൈസ്തവോചിതമായ ജീവിതം നയിക്കുവാൻ ഈ സുവിശേഷഭാഗം നമ്മെ ആഹ്വാനം ചെയ്യുന്നു.

രണ്ടാമതായി, കർത്താവേശുമിശിഹായുടെ ദൈവിക ഇടപെടലുകളെ തിരിച്ചറിയുവാൻ സാധിക്കുന്നവർക്കാണ് ആത്മിക ജീവിതത്തിൽ ഉറച്ചുനില്ക്കുവാൻ സാധിക്കുന്നത്. കർത്താവേശുമിശിഹാ പ്രത്യക്ഷപ്പെട്ടപ്പോൾ ഭൂതമാണെന്ന് കരുതി അവരുടെ മനസ്സ് അസ്വസ്ഥമാകുകയാണ്. ഇന്ന് നമ്മുടെ ജീവിതത്തിലും പലവിധ പ്രതിസന്ധികളും പ്രയാസങ്ങളും പ്രതികൂലസാഹചര്യങ്ങളും കടന്നുവരുമ്പോൾ നാമോരോരുത്തരും അസ്വസ്ഥരാകാറുണ്ട്. ദൈവത്തിന്റെ ഇടപെടലുകൾ നമ്മൾക്ക് തിരിച്ചറിയാൻ സാധിക്കാത്ത അവസ്ഥകൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാകാറുണ്ട്. രോഗങ്ങളെയും ദുഃഖങ്ങളെയും പ്രതികൂല സാഹചര്യങ്ങളെയും ദൈവീക പദ്ധതികളോട് ചേർത്തുവയ്ക്കുവാൻ നമുക്ക് സാധിക്കാതെ വരുമ്പോഴാണ് അസ്വസ്ഥകൾ നമ്മുടെ ജീവിതത്തിൽ കടന്നു വരുന്നത്. ദൈവം പല വ്യക്തികളുടെയും സാഹചര്യങ്ങളുടെയും രൂപത്തിൽ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും നമ്മുടെ ജീവിതത്തിൽ ഇടപ്പെടുമ്പോൾ അതിൽ അസ്വസ്ഥരാകാതെ ദൈവിക ഇടപെടലുകൾ മനസ്സിലാക്കി നമ്മെത്തന്നെ വിട്ടുകൊടുക്കുമ്പോഴാണ് ആത്മീകജീവിതത്തിൽ നമ്മൾക്ക് ഉറച്ചുനില്ക്കുവാൻ സാധിക്കുന്നത്.

മൂന്നാമതായി, വചനം കേൾക്കുകയും ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുവാൻ മനസ്സ് തുറക്കുന്നവർക്കാണ് ആധ്യാത്മിക ജീവിതത്തിൽ അടിയുറച്ചു നില്ക്കുവാൻ സാധിക്കുന്നത്. ശിഷ്യന്മാർക്ക് മനസിലെ അസ്വസ്ഥതകളും ആകുലതകളും മാറി ആധ്യാത്മികമായി മനസ്സ് ഒരുക്കപ്പെട്ടത്. ലോകത്തിന്റെ ദൃഷ്ടിയിൽ നിന്ന് മനസ്സ് മാറി വചനത്തിനായ് മനസ്സ് തുറക്കുന്നവർക്കാണ് സാക്ഷികളായ് മാറുവാൻ സാധിക്കുന്നത്. ഭൗതികമായ അസ്വസ്ഥതകളും ആകുലതകളും അലട്ടിയിരുന്ന ശിഷ്യന്മാരെ നാം പിന്നീട് കണ്ടുമുട്ടുന്നത് ആത്മിക നിറവിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വാളിനും പീഡനങ്ങൾക്കും മുമ്പിൽ ആത്മധൈര്യത്തോടെ വചനത്തിന്റെ സാക്ഷികളാകുന്നതാണ്. വചനം കേൾക്കുന്നതിലൂടെയും പ്രാവർത്തികമാക്കുന്നതിലൂടെയും ഭൗതികമായ ചിന്തകളിൽനിന്നും നിരാശകളിൽനിന്നും മാറി ആത്മികജീവിതത്തിൽ

www.malankaralibrary.com



വളരുവാനും വചനത്തിന് സാക്ഷികളാകുവാനും സാധിക്കുന്നതായി നാം കാണുന്നു.

ആകുലതകളിലും അശാന്തിയുടെ അനുഭവങ്ങളിലും കർത്താവേശുമ്ശിഹായുടെ സമാധാനത്തിൽ നിറഞ്ഞുകൊണ്ട് ദൈവിക ഇടപെടലുകളെ തിരിച്ചറിയുവാനും വചനത്തിൽ അടിയുറച്ചുകൊണ്ട് ക്രിസ്തീയ വിശ്വാസത്തിന് സാക്ഷികളാകുവാനും കർത്താവേശുമിശിഹാ നാമോരോരുത്തരെയും സഹായിക്കട്ടെ.



**ഫാ. ഡോ. ഫിലിപ് ആഞ്ഞിലിമൂട്ടിൽ**

## മെയ് 25 വി. യോഹന്നാൻ 16: 16–24

### യേശുവിന്റെ സമയം

കാനായിലെ വിവാഹവിരുന്നിൽ യേശു തന്റെ അമ്മയായ മറിയത്തോട് പറയുന്നു; "സ്ത്രീയെ, എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല" (യോഹ. 2:4). അടയാളങ്ങളുടെ സുവിശേഷമായ യോഹന്നാന്റെ സുവിശേഷത്തിൽ യേശു പ്രവർത്തിച്ച ആദ്യ അടയാളമാണ് കാനായിൽ വെള്ളത്തെ വീഞ്ഞാക്കിയത്. രക്ഷയാകുന്ന വീഞ്ഞില്ല എന്നു പറഞ്ഞ അമ്മയോട് എന്റെ സമയമായിട്ടില്ല എന്ന് യേശു പറഞ്ഞപ്പോൾ അവൻ വ്യക്തമാക്കിയത് തന്റെ പീഡാനുഭവത്തെയും, മരണത്തെയുമാണ്. യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിന്റെ സമയം ഉൾക്കൊള്ളുന്നത് നാല് കാര്യങ്ങളാണ്. യേശുവിന്റെ പീഡാനുഭവവും മരണവും ഉത്ഥാനവും സ്വർഗ്ഗാരോഹണവും. ഇവയിലൂടെയാണ് മനുഷ്യന് നഷ്ടപ്പെട്ട രക്ഷ യേശു തിരിച്ചുകൊടുത്തത്. ഇന്നത്തെ സുവിശേഷത്തിൽ "അൽപ്പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല. വീണ്ടും അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും" എന്ന വാക്കുകൾ സൂചിപ്പിക്കുന്നത് തന്റെ പീഡാസഹനങ്ങളും മരണവും ഉയർപ്പും സ്വർഗ്ഗാരോഹണവും അവയ്ക്കിടയിലുള്ള സമയത്തെയുമാണ്.

### പീഡാനുഭവം – സഹനമെന്ന പുണ്യം

ഏശയ്യാ പ്രവാചകൻ ചോദിക്കുന്നു "വിതയ്ക്കാൻ ഉഴുന്നവൻ എപ്പോഴും ഉഴുതുകൊണ്ടിരിക്കുമോ? അവൻ എപ്പോഴും നിലം ഇളക്കി, കട്ട ഉടച്ചുകൊണ്ടിരിക്കുമോ?" (ഏശയ്യാ 28:24). യേശുവിന്റെ രക്ഷാകര സഹനത്തെ ഏശയ്യാ വിവരിക്കുന്നത് കർഷകന്റെ ഈ ഉപമയിലൂടെയാണ്. സഹനത്തിന് വേണ്ടി യേശു തന്നെത്തന്നെ ഒരുക്കിയതുപോലെ യേശുവിനെ പിൻചെല്ലുന്ന നാമും സഹനങ്ങൾ ഏറ്റെടുക്കാനും യേശുവിന്റെ രക്ഷ അനുഭവിക്കുവാനും പങ്കുവയ്ക്കാനും തയ്യാറാവണം. സഹനത്തിലൂടെ നേടുന്ന രക്ഷമാത്രമാണ് നിലനിൽക്കുന്നത്. അതുകൊണ്ടാണ് സഹനം ക്രിസ്തീയ ജീവിതത്തിലെ പുണ്യമായി മാറുന്നത്.

### മരണം വേർപാടിന്റെ വേദന

അല്പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല എന്ന് യേശു ആദ്യം പറഞ്ഞത് സഹനത്തിലൂടെയുള്ള തന്റെ മരണത്തെ സൂചിപ്പിക്കാനാണ്. മനുഷ്യർക്ക് മരണം ഒരു വേർപാടാണ്, വേദനയുണ്ടാക്കുന്ന വേർപാട്, അത് വേദനയുണ്ടാക്കുമെന്നു തന്നെയാണ് യേശു ശിഷ്യരോട് പറയുന്നത്. എന്നാൽ ഏശയ്യാ പ്രവാചകൻ പറയുന്നു, "അങ്ങയുടെ മരിച്ചവർ ജീവിക്കും; അവരുടെ ശരീരം ഉയർത്തെഴുന്നേല്ക്കും; പൂഴിയിൽ ശയിക്കുന്നവരെ, ഉണർന്നു സന്തോഷകീർത്തനം ആലപിക്കുവിൻ. അങ്ങയുടെ ഹിമകണം പ്രകാശം ചൊരിയുന്ന തുഷാരബിന്ദുവാണ്. നിഴലുകളുടെ താഴ്‌വരയിൽ അങ്ങ് അതു വർഷിക്കും" (ഏശയ്യാ 26:19). സഹനത്തിന്റെ തീച്ചൂളയിൽ ശുദ്ധീകരിക്കപ്പെട്ട ശരീരം പ്രകാശം പരത്തുന്ന മഞ്ഞുകണം പോലെയാണ്. അത് മരണത്തെ അതിജീവിക്കുകയും ഉയർത്തപ്പെട്ട ദീപം പോലെ ശോഭിക്കുകയും ചെയ്യും.

### ഉയിർപ്പ് – ജീവനും സന്തോഷവും

"വീണ്ടും അല്പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും" താൻ മരണത്തിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുമെന്ന് യേശു ശിഷ്യന്മാരോട് നേരത്തെ പറയുന്നു. സഹനത്തിലൂടെയുള്ള മരണമാണ് നല്ല മരണമെന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള ശിഷ്യന്മാർക്ക് മരണത്തിൽ നിന്നുയർക്കും എന്ന് വിശ്വസിക്കാൻ പറ്റിയില്ല. മരണമെന്ന വേർപാട് നിങ്ങളെ ദുഃഖിപ്പിക്കുമെങ്കിലും ഉയിർപ്പെന്ന കണ്ടുമുട്ടൽ നിങ്ങൾക്ക് ജീവനും സന്തോഷവും നല്കുമെന്ന് യേശു നമ്മോട് പറയുന്നു. യേശുവിന്റെ സഹനത്തോട് ചേർത്ത് വച്ച് എന്റെ ജീവിതം ഞാൻ മുന്നോട്ട് കൊണ്ടുപോകുമ്പോൾ എന്റെ സഹനങ്ങൾ ദൈവത്തിന്റെ പദ്ധതിയായി മാറും. അപ്പോൾ പരിഭവം ഇല്ലാതെ, പരാതിയില്ലാതെ മരണത്തെ സ്വീകരിക്കാനാവും. കാരണം പ്രത്യാശ നല്കുന്ന, സന്തോഷിപ്പിക്കുന്ന ഉയിർപ്പ് നമുക്ക് നിശ്ചയമാണ്. പൗലോസ് ശ്ലീഹാ പറയുന്നു, "നിങ്ങൾ മൃതരായിരിക്കുന്നു. നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടൊപ്പം ദൈവത്തിൽ നിഗൂഢമായി സ്ഥിതി ചെയ്യുന്നു" (കൊ

www.malankaralibrary.com

ളോ. 3:3). ക്രിസ്തുവിനോട് ചേർന്ന ജീവിതങ്ങൾ ഒരിക്കലും ജീർണ്ണിക്കുന്നില്ല. അവർ എന്നെന്നും നിലനില്ക്കും.

### സ്വർഗ്ഗാരോഹണം – ആനന്ദവും പ്രാർത്ഥനയും

പൗലോസ് ശ്ലീഹാ പറയുന്നു, ക്രിസ്തുവിനോടൊപ്പം നിങ്ങൾ ഉയിർപ്പിക്കപ്പെട്ടെങ്കിൽ ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന ക്രിസ്തു വസിക്കുന്ന ഉന്നതത്തിലുള്ളവയെ അന്വേഷിക്കുവിൻ" (കൊളോ. 3:1). സഹനത്തിലൂടെ മരിച്ച് ഉയിർത്ത് സ്വർഗ്ഗാരോഹണം ചെയ്ത യേശുവാണ് ക്രിസ്ത്യാനികളുടെ ആനന്ദത്തിന് കാരണവും പ്രാർത്ഥനയ്ക്ക് പ്രചോദനവും. സ്വർഗ്ഗത്തിൽ ദൈവപിതാവിന്റെ വലതുഭാഗത്തിരിക്കുന്നവൻ യഥാർത്ഥ സ്വർഗ്ഗീയ സന്തോഷത്തിലേയ്ക്കും പ്രാർത്ഥനാനുഭവത്തിലേയ്ക്കും നമ്മെ നയിക്കുന്നു. "ഭൂമിയിലുള്ള വസ്തുക്കളിലല്ല, പ്രത്യുത ഉന്നതത്തിലുള്ളവയെ ശ്രദ്ധിക്കുവാൻ" മരണത്തെ ജയിച്ചവൻ നമ്മളെ സഹായിക്കുന്നു. യേശുവിന്റെ നാമത്തിൽ പിതാവിനോട് ചോദിക്കുവാനുള്ള ശക്തി നമ്മുടെ സഹനജീവിതം തരട്ടെ. അങ്ങനെ ഭൂമിയിലുള്ള നമ്മുടെ ജീവിതസമയം യേശുവിനൊപ്പം ജീവിക്കാം. ●

## അഭിനന്ദനങ്ങൾ




*ഏഷ്യാനെറ്റ് റിയാലിറ്റി ഷോ ഐഡിയ സ്റ്റാർ സിംഗർ സീസൺ 10 ലേക്ക് തിരഞ്ഞെടുക്കപ്പെട്ട തിരുവല്ല അതിഭദ്രാസനത്തിൽ സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രൽ ഇടവകാംഗമായ **റോബിൻ റോയിക്ക്** അതിഭദ്രാസനത്തിന്റെ പ്രാർത്ഥനാശംസകൾ.*

കവിത

# തെല്ലൊരു സമയം കൂടി

**ബിജു കുട്ടനാട്**

ഇന്നു ഞാനൊരു കിനാവു കണ്ടു
വലതു കൈയ്യിലെൻ ജീവൻ താണു തൂങ്ങി
ഇടംകൈയ്യിലെൻ നേട്ടങ്ങൾ ഉയർന്നു പൊങ്ങി.
പെട്ടെന്നു ജീവന്റെ കൈ ഉയർന്നു മറഞ്ഞു
എൻ ഇടംകൈ നേട്ടങ്ങൾ താഴെ വീണുടഞ്ഞു പൊടുന്നനേ
വെറും കൈയായി ഞാനൊരു യാത്ര തുടങ്ങി
വന്നിടം തേടി തേടി
കണ്ടൊരുവാതിലിൽ മുട്ടി വിളിച്ചു, തുറന്നൊരു വൃദ്ധൻ, പേരു ചൊല്ലി
സ്വീകരിക്കാനൊരു മാലയെടു
ത്തെൻ നന്മകൾ തൻ പൂവ് കോർത്തു
കിട്ടിയില്ലൊരു പൂവും കോർക്കാൻ
ഞെട്ടിയുണർന്നു ഞാൻ കഴുത്തിൽ പരതി, ഇല്ല മാലയിന്നു വീണില്ല,
തന്നു തെല്ലു സമയം കൂടി നന്മതൻ കുറച്ചു പൂവ് കൂട്ടാൻ.
കണ്ണു തിരുമ്മി ഞാനുണർന്നു എൻ വിരലുനനഞ്ഞ് കുതിർന്നിരുന്നു.

www.malankaralibrary.com






# ലഹരിയിൽ തകരുന്ന നമ്മുടെ നാട്



ഡോ. വറുഗീസ് പി. പീറ്റർ

യുവാക്കളും കൗമാരപ്രായക്കാരായ കുട്ടികളും ഉൾപ്പെടെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വലയത്തിൽ പെട്ടിരിക്കുന്നതിന്റെ വാർത്തകളാണ് ദിവസവും. മനുഷ്യന്റെ ബോധമണ്ഡലത്തിൽ കടന്നു മയക്കമോ ഉത്തേജനമോ സൃഷ്ടിക്കുവാൻ കഴിവുള്ള രാസവസ്തുക്കളാണ് ലഹരി വസ്തുക്കൾ. പാരമ്പര്യമായി ലഭിച്ച ജൈവശാസ്ത്രപരമായ സ്വാധീനങ്ങൾ (ജീനുകൾ), മൊത്തത്തിലുള്ള ജീവിതനിലവാരം, ശാരീരികമോ മാനസികമോ ആയ ദുരുപയോഗം, മയക്കുമരുന്നുകളുമായുള്ള ആദ്യകാല സമ്പർക്കം തുടങ്ങിയവ ലഹരിവസ്തുക്കളുടെ ഉപയോഗത്തിന് കാരണമാകാറുണ്ട്.

ലഹരി പദാർത്ഥങ്ങൾക്ക് അടിപ്പെട്ട് പോകുന്നതു വഴി ജീവിതം വളരെ മോശമായ നിലവാരത്തിലെത്തുകയും അത് ആത്മഹത്യയിലേക്ക് വരെ നയിക്കുകയും ചെയ്യുന്നു. പലപ്പോഴും ഏറ്റവും അടുത്ത സുഹൃത്തുക്കൾ ആണെന്ന് വിശ്വസിക്കുന്നവർ ആയിരിക്കും ഇവർക്ക് ചതിക്കുഴികൾ ഒരുക്കി കാത്തിരിക്കുന്നത്. മിക്ക ആളുകൾക്കും മയക്കുമരുന്ന് കഴിക്കാനുള്ള പ്രാരംഭ തീരുമാനം സ്വമേധയാ ഉള്ളതാണ്, എന്നാൽ ആവർത്തിച്ചുള്ള മയക്കുമരുന്ന് ഉപയോഗം തലച്ചോറിലെ മാറ്റങ്ങൾക്ക് കാരണമാകും. അത് ആസക്തനായ വ്യക്തിയുടെ ആത്മനിയന്ത്രണത്തെ വെല്ലുവിളിക്കുകയും മയക്കുമരുന്ന് ഉപയോഗിക്കാനുള്ള തീവ്രമായ പ്രേരണകളെ ചെറുക്കാനുള്ള അവരുടെ കഴിവിനെ തടസ്സപ്പെടുത്തുകയും ചെയ്യും.

താഴെ പറയുന്ന ലഹരിവസ്തുക്കൾ ഉപയോഗിക്കുന്ന ആളുകളുടെ ലക്ഷണങ്ങളാണ്. വിളർച്ച, ഭാരക്കുറവ്, ഭക്ഷണം, ഉറക്കം എന്നിവയുടെ രീതികളിലെ മാറ്റം, ശരീരത്തിൽ പോറലുകളും മുറിപ്പാടുകളും, ചുരുങ്ങിയ കൃഷ്ണമണികളും ചോരക്കണ്ണുകളും, വ്യക്തിശുചിത്വം പാലിക്കാൻ വിമുഖത, കൂട്ടുകെട്ടുകളിൽ പെട്ടെന്നുള്ള മാറ്റങ്ങൾ, പ്രിയപ്പെട്ടതായിരുന്ന പലതിലും താത്പര്യക്കുറവ്, മറ്റുള്ളവരിൽ നിന്ന് ഒഴിഞ്ഞുമാറിയുള്ള രഹസ്യസ്വഭാവം, തീരുമാനങ്ങളെടുക്കാനുള്ള കഴിവില്ലായ്മ, ഉത്തരവാദിത്വം ഇല്ലാത്ത അവസ്ഥ, ആത്മനിന്ദ, ആത്മവിശ്വാസക്കുറവ്, അടിക്കടി മാറുന്ന വൈകാരികാവസ്ഥ, അനാവശ്യമായ വാദപ്രതിവാദങ്ങൾ, മടി, ക്ഷീണം, രോഷം, ആകാംക്ഷ, വിഷാദം, അപകടസാധ്യത ഗൗനിക്കാതെയുള്ള എടുത്തുചാട്ടം, സ്വയം ഉപദ്രവിക്കാൻ ശ്രമിക്കുക, അക്രമം, മോഷണം തുടങ്ങിയവ ഇവരിൽ കാണാം. മാതാപിതാക്കൾ പ്രത്യേകിച്ച് അമ്മമാർ തങ്ങളുടെ മക്കളിലെ ഇത്തരം മാറ്റം ശ്രദ്ധിക്കണം. സ്കൂളിലും കോളേജിലും പോകുന്ന മക്കളെ രഹസ്യമായി നിരീക്ഷിക്കണം. അവരുടെ ബാഗ്, ഡ്രസ്സ് എന്നിവ പരിശോധിക്കണം. കൂട്ടുകാർ ആരൊക്കെ എന്നതും മനസ്സിലാക്കിയിരിക്കണം.



"അധമമായ സംസർഗം സദാചാരങ്ങളെ ദുഷിപ്പിക്കും."
1 കോറിന്തോസ് 15:33

ഒപ്പമുള്ളവരിലും ഒത്തുകൂടുന്നവരിലും ഇത്തരം അപകടസാധ്യതകൾ തെളിയുന്നുണ്ടോ എന്ന് പരിശോധിക്കാനോ കണ്ടുപിടിക്കാനോ കഴിഞ്ഞാൽ, ജീവിതം തിരിച്ചുപിടിക്കാനായേക്കും. വ്യക്തിയുമായി ശാന്തമായി സംസാരിക്കുക. അഭിപ്രായങ്ങളും ചോദ്യങ്ങളും ശ്രദ്ധിക്കുക, ഭയപ്പെടുത്തുന്ന തന്ത്രങ്ങളും പ്രസംഗങ്ങളും ഒഴിവാക്കുക, കാഴ്ചപ്പാടുകൾ അറിയുക. തുടക്കത്തിൽ രസത്തിനുവേണ്ടിയുള്ള മയക്കുമരുന്ന് ഉപയോഗം അമിതമായ ഉപയോഗമോ ആസക്തിയോ ആയി മാറുമെന്നും അപകടങ്ങൾ, നിയമപരമായ പ്രശ്നങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ എന്നിവ ഉണ്ടാക്കുമെന്നും പറഞ്ഞുമനസ്സിലാക്കുക. കായിക ശേഷിയെയും ആരോഗ്യത്തെയും രൂപത്തെയും മയക്കുമരുന്ന് ഉപയോഗം എങ്ങനെ ദോഷകരമായി ബാധിക്കുമെന്ന് പറഞ്ഞുകൊടുക്കുക.

**നമ്മുടെ ചുറ്റുവട്ടത്തെ മയക്കുമരുന്ന് ഉപയോഗത്തെക്കുറിച്ച് പരാതികൾ നൽകാനാവുന്ന ചില നമ്പരുകൾ :**

**യോദ്ധാവ് – 9995966666, ചിരി – 9497900200,**
**വിമുക്തി – 14405, 9061178000,**
**നേർവഴി – 9656178000, ചൈൽഡ് ലൈൻ – 1098.**
**ദിശ–1056, 104, 0471255056,**

www.malankaralibrary.com




## MATRIMONIAL - 236

മാർത്തോമ്മാസഭയിൽപ്പെട്ട യുവതി, 25 വയസ്സ്, ഉയരം 165 c.m., വിദ്യാഭ്യാസം - ബിരുദം, UK യിൽ ജോലി ചെയ്യുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. വിദേശത്തുള്ളവർക്ക് മുൻഗണന. Contact : 9400239882

## MATRIMONIAL - 237

മലങ്കര കത്തോലിക്കാ യുവാവ്, 33 വയസ്സ്, ഉയരം 5’9 , വിദ്യാഭ്യാസം - +2, ITI, Diploma, ഖത്തറിൽ ജോലി ചെയ്യുന്നു. സാധാരണ കുടുംബം, അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. ഡിമാൻഡ് ഒന്നും ഇല്ല.
Contact : 9526208703

## MATRIMONIAL - 238

മലങ്കര കത്തോലിക്ക യുവാവ്, 30 വയസ്സ്, ഉയരം 5”6, വിദ്യാഭ്യാസം - Bcom/SAP/Logistics ദുബായിൽ ലോജിസ്റ്റിക്സ് ആയി ജോലി ചെയ്യുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. ദുബായിൽ ജോലിയുള്ളവർക്ക് മുൻഗണന.
Contact : 9074134905, 7736588096

## MATRIMONIAL - 239

മലങ്കര കത്തോലിക്കാ യുവാവ്, 44 വയസ്സ്, ഉയരം 163 c.m., പുനർവിവാഹം, വിദ്യാഭ്യാസം - ബിരുദം, സാമ്പത്തിക ഭദ്രത ഉണ്ട്. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.
Contact : 9539504561, 8921219485

## MATRIMONIAL - 240

പൂനെ-ഖഡ്ക്കി രൂപതയിൽപ്പെട്ട യുവതി, 27 വയസ്സ്, ഉയരം 5’2 , വിദ്യാഭ്യാസം - Bachelor’s of Science in Information Technology, \Legal Secretary ആയി ജോലി ചെയ്യുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.
Contact : 8291253035, 9961221325

## MATRIMONIAL - 241

മലങ്കര കത്തോലിക്കാ യുവാവ്, 32 വയസ്സ്, ഉയരം 175 c.m , weight 78 kg വിദ്യാഭ്യാസം Masters - Information Technology, മാനേജരായി ജോലി ചെയ്യുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.
Contact : 8848178118

## MATRIMONIAL - 242

മലങ്കര കത്തോലിക്കാ യുവാവ്, 32 വയസ്സ്, ഇരുനിറം, ഉയരം 170 c.m , വിദ്യാഭ്യാസം B.Com Computer, ദുബായിൽ L.L.C. കമ്പനിയിൽ സെയിൽസ് അക്കൗണ്ടന്റായി ജോലി ചെയ്യുന്നു. ജോലിയോ ഡിഗ്രിയോ ഉള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽനിന്നും ആലോചനകൾ ക്ഷണിക്കുന്നു.
Contact : 9562899830, 9946771898

## MATRIMONIAL - 243

മലങ്കര കത്തോലിക്കാ യുവാവ്, 31 വയസ്സ്, ഇരുനിറം, ഉയരം 170 c.m, weight 70 kg, വിദ്യാഭ്യാസം B.Com, കോട്ടയത്ത് സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. ദൈവഭയമുള്ള യുവതികളുടെ മാതാപിതാക്കളിൽനിന്നും ആലോചനകൾ ക്ഷണിക്കുന്നു.
Contact : 9400231849, 9495326643

## MATRIMONIAL - 244

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവാവ്, 29 വയസ്സ്, ഉയരം 171 c.m, വിദ്യാഭ്യാസം B.Tech, വെണ്ണിക്കുളം ഗവൺമെന്റ് പോളിടെക്നിക്കിൽ ജോലി ചെയ്യുന്നു. പത്തനംതിട്ട ജില്ലയിലോ സമീപപ്രദേശങ്ങളിലോ ജോലിയുള്ള യുവതികളുടെ മാതാപിതാക്കളിൽനിന്നും ആലോചനകൾ ക്ഷണിക്കുന്നു.
Contact : 8848689742


www.malankaralibrary.com

ആചാര്യേശാ മിശിഹാ കൂദാശകളർപ്പിച്ചോ
രാചാര്യനേകുക പുണ്യം നാഥാ സ്തോത്രം

# ആചാര്യ സ്മരണ - മെയ്



Rt. Rev. Remban John Melamparampil
May 14, 2011




Fr. Kuriakose Thalichira
May 14, 1982




Fr. John Kunnath
May 19, 1989



Fr. Mathew Manalel
May 22, 2023



Fr. P. M. Abraham Puthenpeedikayil
May 23, 2004



Fr. Abraham Kalakkudi
May 24, 2012



Fr. Jacob Vazhuthalakatt
May 25, 1990



Fr. George Panakezham
May 26, 2021



Fr. Zacharias Kumblakkunnel
May 27, 1992

## ഉപകാരസ്മരണ



ഒരു വിശ്വാസി, കുമ്പനാട്

## ഉപകാരസ്മരണ



ഒരു വിശ്വാസി, കുമ്പനാട്

## ഉപകാരസ്മരണ



ഒരു വിശ്വാസി, കുമ്പനാട്

www.malankaralibrary.com



www.malankaralibrary.com



Date of Publication : 01-04--2025
Price Rs. 10/-

AIKYADEEPAM MONTHLY
Marygiri, Tiruvalla, Kerala
Ph: 0469-2600626

R.N.I 35982/80
APRIL 2025

www.malankaralibrary.com




Printed and Published by Fr. Thomas Kodinattukunnel, Published from Marigiri, Archbishop's House, Tiruvalla, Kerala and Printed at Rashtra Deepika, Vadavathoor, Kerala. Chief Editor: Fr. Varghese Chamakalayil